## സ്റ്റാൻഡേർഡ് – X

# ഗണിതം

# ആമുഖം

കുട്ടികളുടെ വിദ്യാഭ്യാസ അവകാശ നിയമം 2009 പ്രകാരം ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ്. ഈ അവകാശം ഉറപ്പ് വരുത്തുന്നതിനായി വിദ്യാഭ്യാസ മേഖലയിൽ വിവിധ ഏജൻസികൾ ധാരാളം നൂതന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുണ്ട്. എങ്കിലും കുട്ടികളുടെ പഠന നിലവാരം ഇനിയും ഏറെ മെച്ചപ്പെടാനുണ്ട് എന്ന യാഥാർത്ഥ്യം എസ്.എസ്.എൽ.സി. പരീക്ഷാ ഫലം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

കൊല്ലം ജില്ലാ പഞ്ചായത്തും പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായി എസ്.എസ്.എൽ.സി. വിജയശതമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മുൻവർഷങ്ങളിലെ പോലെ ഈ വർഷം ഗണിതം, ഇംഗ്ലീഷ്, സാമൂഹ്യശാസ്ത്രം, ബയോളജി, കെമിസ്ട്രി, ഫിസിക്സ് എന്നീ വിഷയങ്ങൾക്കായി **'ഉജ്ജ്വലം'** എന്ന പ്രോജക്ട് നടപ്പിലാക്കുന്നു.

ഈ പഠന സഹായി ഒരു പ്രത്യേക വിഭാഗം കുട്ടികളെ മാത്രം ഉദ്ദേശിച്ചുള്ളതല്ല. പ്രത്യുത എല്ലാ നിലവാരത്തിലുള്ള പഠിതാക്കളെയും പരിഗണിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ മെറ്റീരിയലുകളിൽ ഉള്ളത്. ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും അദ്ധ്യാപകരുടെ സഹായത്തോടെ ക്ലാസ്സിൽ ഉപയോഗപ്പെടുത്തേണ്ടതും നമ്മുടെ ജില്ലയ്ക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ അഭിമാനാർഹമായ നേട്ടം കൈവരിക്കാൻ കഴിയണമെന്നും പ്രത്യാശിക്കുന്നു.

വിജയാശംസകളോടെ,

**ശ്രീമതി സി. രാധാമണി**
പ്രസിഡന്റ്, കൊല്ലം ജില്ലാ പഞ്ചായത്ത്

**ശ്രീമതി ശ്രീലേഖ വേണുഗോപാൽ**
ചെയർപേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസ
സ്റ്റാന്റിംഗ് കമ്മിറ്റി, ജില്ലാ പഞ്ചായത്ത്, കൊല്ലം

**ശ്രീമതി ഷീല റ്റി.**
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം.

**ഡോ. ലീലാകൃഷ്ണൻ**
പ്രിൻസിപ്പാൾ, ഡയറ്റ് കൊല്ലം.

# തയ്യാറാക്കിയവർ

1. **ശ്രീ. കെ. കൃഷ്ണകുമാർ**
   എച്ച്.എസ്.റ്റി., ജി.എച്ച്.എസ്.എസ്. ശൂരനാട്
2. **ശ്രീ. മനോജ് എം.**
   എച്ച്.എസ്.റ്റി., ജി.റ്റി.എച്ച്.എസ്. എഴുകോൺ
3. **ശ്രീ. സുഭാഷ് ഡി.**
   എച്ച്.എസ്.റ്റി., സി.പി.എച്ച്.എസ്.എസ്. കുറ്റിക്കാട്
4. **ശ്രീമതി സിന്ധു കെ.**
   എച്ച്.എസ്.റ്റി., ജി.വി.എച്ച്.എസ്.എസ്. ചാത്തന്നൂർ
5. **ശ്രീ. സുനിൽ പി. ശേഖർ**
   എച്ച്.എസ്.റ്റി., ആർ.വി.വി.എച്ച്.എസ്.എസ്. വാളകം
6. **ശ്രീ. പ്രതാപ് എസ്.എം.**
   എച്ച്.എസ്.റ്റി., ജി.എച്ച്.എസ്.എസ്. പുത്തൂർ
7. **ശ്രീമതി മായാ ചന്ദ്രൻ റ്റി.**
   എച്ച്.എസ്.റ്റി., ജി.വി.എച്ച്.എസ്.എസ്. കൊറ്റംകുളങ്ങര
8. **ശ്രീ. കെ.ജി. അജിത്ത്**
   എച്ച്.എസ്.റ്റി., എച്ച്.എസ്. ഫോർ ഗേൾസ് തേവലക്കര
9. **ശ്രീ. എസ്. ഷിജു**
   എച്ച്.എസ്.റ്റി., ജി.എച്ച്.എസ്.എസ്. അഞ്ചൽ വെസ്റ്റ്
10. **ശ്രീ. ഇ. ഷിഹാബുദ്ദീൻ കുഞ്ഞ്**
   എച്ച്.എസ്.റ്റി., എസ്.ബി.വി.എസ്.ജി.എച്ച്.എസ്.എസ്. പന്മനമനയിൽ

# 1

# സമാന്തരശ്രേണികൾ

<u>പ്രധാന ആശയങ്ങൾ</u>

- ഒരു സംഖ്യയിൽ തുടങ്ങി, ഒരേ സംഖ്യ തന്നെ ആവർത്തിച്ച് കൂട്ടി എഴുതുന്ന ശ്രേണിയാണ് സമാന്തരശ്രേണി. ആവർത്തിച്ച് കൂട്ടുന്ന സംഖ്യയാണ് പൊതുവ്യത്യാസം (d)

- $x_1, x_2, x_3$ എന്ന ശ്രേണി സമാന്തരശ്രേണിയായാൽ

  $d = x_2 - x_1$ or $x_3 - x_2$ or $x_n - x_{n-1}$
- ഒരു സമാന്തരശ്രേണിയിലെ ഏത് രണ്ട് പദങ്ങൾ തമ്മിലുള്ള വ്യത്യാസവും പൊതുവ്യത്യാസത്തിന്റെ ഗുണിതമായിരിക്കും.
- $x_m, x_n$ ഇവ ഒരു സമാന്തരശ്രേണിയിലെ പദങ്ങളായാൽ

  $\frac{x_m - x_n}{m-n} = d$ ആയിരിക്കും
- സമാന്തരശ്രേണിയിലെ ഏതൊരു പദത്തേയും അതിന്റെ പൊതുവ്യത്യാസം കൊണ്ട് ഹരിച്ചാൽ കിട്ടുന്ന ശിഷ്ടം തുല്യമായിരിക്കും.
- ആദ്യപദം 'f' ഉം പൊതുവ്യത്യാസം 'd' ഉം ആയ സമാന്തരശ്രേണിയുടെ ബീജഗണിതരൂപം (n-ാം പദം)

  $x_n = d_n + (f-d)$ ഉം തുകയുടെ ബീജഗണിതരൂപം

  $s_n = \frac{d}{2}n^2 + (f - \frac{d}{2})n$ ഉം ആയിരിക്കും
- സമാന്തരശ്രേണിയുടെ ബീജഗണിതരൂപം an+b രൂപത്തിലും സമാന്തരശ്രേണിയുചെ തുകയുടെ (ആദ്യത്തെ 'n' പദങ്ങളുടെ)

  പൊതുരൂപം $an^2 + bn$ രൂപത്തിലുമായിരിക്കും.

  $x_n = an + b$ ആയാൽ $x_1 = f = a + b$ യും $d = a$ യും ആകുന്നു.

  $s_n = an^2 + bn$ ആയാൽ $x_1 = f = a + b$ യും $d = 2a$ യും ആകുന്നു.
- സമാന്തരശ്രേണിയിലെ പദങ്ങളുടെ എണ്ണം $n = \frac{(x_n - x_1)}{d} + 1$
- $a, b, c$ ഇവ ഒരു സമാന്തരശ്രേണിയിലെ തുടർച്ചയായ 3 പദങ്ങളായാൽ

  $b - a = c - b$

  $2b = a + c$

  $\therefore a+b+c = a+c+b = 2b+b = 3b$

  $ie\ a+b+c = 3b$

  തുടർച്ചയായ 3 പദങ്ങളുടെ തുക 3 x മധ്യപദം

  ഇതുപോലെ തുടർച്ചയായ 5 പദങ്ങളുടെ തുക 5 x മധ്യപദം

- പദങ്ങളുടെ എണ്ണം ഒറ്റസംഖ്യയായാൽ ആകെ പദങ്ങളുടെ
  തുക = ആകെ എണ്ണം X മധ്യപദം
- പദങ്ങളുടെ എണ്ണം ഇരട്ടസംഖ്യയായാൽ ആകെ പദങ്ങളുടെ
  തുക = ജോടികളുടെ എണ്ണം X തുല്യ അകലത്തിലുള്ള ഒരു ജോഡിയുടെ തുക

Eg : $x_1 + x_2 + x_3 + x_4 + x_5 + x_6 = 3(x_1 + x_6)$

OR

$= 3(x_2 + x_5)$

OR

$= 3(x_3 + x_4)$

- ഒറ്റ സംഖ്യകൾ മാത്രം പദങ്ങളായിട്ടുള്ള ശ്രേണിയുടെ ഒറ്റയെണ്ണം പദങ്ങളുടെയ തുക ഒറ്റ സംഖ്യായിരിക്കും.
- ഒറ്റ സംഖ്യകൾ മാത്രം പദങ്ങളായിട്ടുള്ള ശ്രേണിയുടെ ഇരട്ടയെണ്ണം പദങ്ങളുടെ തുക ഇരട്ട സംഖ്യായിരിക്കും.
- ഇരട്ട സംഖ്യകൾ മാത്രം പദങ്ങളായിട്ടുള്ള ശ്രേണിയിൽ ഏതാനും ചില പദങ്ങളുടെ തുക എപ്പോഴും ഇരട്ട സംഖ്യയായിരിക്കും.
- പൊതുവ്യത്യാസം '$d$' ആയ സമാന്തരശ്രേണിയുടെ ആദ്യത്തെ '$n$' പദങ്ങളുടെ തുകയും അടുത്ത '$n$' പദങ്ങളുടെ തുകയും തമ്മിലുള്ള വ്യത്യാസം $n^2d$ ആയിരിക്കും.
- പൊതുവ്യത്യാസം തുല്യമായ രണ്ട് സമാന്തരശ്രേണികളുടെ സമസ്ഥാനത്തുള്ള പദങ്ങളുടെ വ്യത്യാസം തുല്യമായിരിക്കും.
- ഒരു സമാന്തരശ്രേണിയുടെ '$n$'- ാം പദം പൂജ്യമായാൽ അതിലെ $(2n-1)$പദങ്ങളുടെ തുക പൂജ്യമായിരിക്കും.
- ഒരു സമാന്തരശ്രേണിയുടെ $m$-ാം പദം $n$-ഉം $n$-ാം പദം $m$-ഉം ആയാൽ
  (a) പൊതുവ്യത്യാസം = $-1$
  (b) $(m+n)$ -ാം പദം = 0
  (c) $(m+n+p)$ -ാം പദം = $-p$
  (d) ആദ്യപദം = $m+n-1$ ഉം ആയിരിക്കും.
- $m > n$ ആകുമ്പോൾ $S_m - S_n = X_{n+1} + X_{n+2} \ldots\ldots\ldots\ldots + X_m$
  Eg. $s_{10} - s_6 = x_7 + x_8 + x_9 + x_{10}$
- ഒരു സമാന്തരശ്രേണിയിലെ $m$-ാം പദത്തിന്റെ $m$-ഇരട്ടി $n$-ാം പദത്തിന്റെ $n$ ഇരട്ടിക്ക് തുല്യമായാൽ $(m+n)$ -ാം പദം പൂജ്യമായിരിക്കും
- ഭിന്നസംഖ്യാശ്രേണിയിലെ പൂർണ സംഖ്യാപദം കാണാൻ ശ്രേണിയുടെ ബീജഗണിതരൂപം എഴുതി അംശം, ഛേദത്തിന്റെ ഗുണിതമാകാൻ ചരത്തിന് ഏത് വില നൽകണമെന്ന് അറിഞ്ഞാൽ മതി.
- ആദ്യത്തെ '$n$' എണ്ണൽ സംഖ്യകളുടെ തുക = $\frac{n(n+1)}{2}$
- ആദ്യത്തെ '$n$' ഇരട്ട സംഖ്യകളുടെ തുക = $n(n+1)$
- ആദ്യത്തെ '$n$' ഒറ്റ സംഖ്യകളുടെ തുക = $n^2$

- തുക കാണാനുള്ള സൂത്ര വാക്യങ്ങൾ
  - a) $S_n = \frac{n}{2}[x_1 + x_n]$
  - b) $s_n = \frac{n}{2}[2f + (n-1)d]$
  - c) $s_n$ = മധ്യപദം x പദങ്ങളുടെ എണ്ണം
  - d) $s_n$ = ജോടികളുടെ എണ്ണം x ഒരു ജോടിയുടെ തുക (തുല്യ അകലത്തിലുള്ള)
  - e) $s_n = \frac{d}{2}n^2 + (f - \frac{d}{2})n$
  - f) $s_n = \frac{1}{2}an(n+1) + bn$ . സന്ദർഭം അനുസരിച്ച് ഇവയിൽ ഏറ്റവും ഉചിതമായത് ഉപയോഗിക്കാം.

## 2 Mark Questions

1. $24, x, y, -3$ ഇവ ഒരു സമാന്തരശ്രേണിയിലെ തുടർച്ചയായ പദങ്ങളായാൽ $x + y$ = ...................
2. ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം $4n+3$ ആയാൽ
   (a) ആദ്യപദം എത്ര?
   (b) ശ്രേണിയിലെ പദങ്ങളെ 4 കൊണ്ട് ഹരിച്ചാൽ കിട്ടുന്ന ശിഷ്ടം എത്ര?
3. 13, 23, 33,.......... എന്ന സമാന്തരശ്രേണിയുടെ
   (a) പൊതുവ്യത്യാസം എത്ര?
   (b) ശ്രേണിയിലെ ആദ്യത്തെ മൂന്നക്ക സംഖ്യ ഏത്?
4. 1/9, 2/9, 3/9......... എന്ന സമാന്തരശ്രേണിയിലെ
   (a) ആദ്യത്തെ പൂർണ്ണസംഖ്യാ പദം ഏത്?
   (b) ആദ്യത്തെ 9 പദങ്ങളുടെ തുക കാണുക.
5. ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം $5n+2$
   (a) ഈ ശ്രേണിയുടെ 10-ാമത്തേയും 20-ാമത്തേയും പദങ്ങൾ തമ്മിലുള്ള വ്യത്യാസം എന്ത്?
6. ഒരു സമാന്തരശ്രേണിയുടെ 17-ാം പദം പൂജ്യമായാൽ ആദ്യത്തെ 33 പദങ്ങളുടെ തുക എത്ര?
7. ഒരു സമാന്തരശ്രേണിയുടെ തുടർച്ചയായ 5 പദങ്ങളുടെ തുക 100 ആയാൽ മൂന്നാം പദം എന്ത്?
8. ഒരു സമാന്തരശ്രേണിയുടെ തുടർച്ചയായ 6 പദങ്ങളുടെ തുക 120 ആയാൽ മൂന്നും നാലും പദങ്ങളുടെ തുക എത്ര?
9. 11, 13, 15 ........... എന്ന സമാന്തരശ്രേണിയുടെ തുടർച്ചയായ 25 പദങ്ങളുടെ തുക 1000 ആകുമോ?
10. ഒരു സമാന്തരശ്രേണിയുടെ 3-ാം പദം 6 ആണെങ്കിൽ ആദ്യത്തെ 5 പദങ്ങളുടെ തുക എത്രയാണ്?
11. ഒരു സമാന്തരശ്രേണിയിലെ 40-ാം പദം പൂജ്യമായാൽ ഇതിലെ എത്ര പദങ്ങൾ കൂട്ടിയാൽ തുക പൂജ്യം കിട്ടും?
12. ആദ്യത്തെ 50 ഒറ്റ സംഖ്യകളുടെ തുക എത്ര?
13. $\frac{7}{2}, \frac{23}{6}, x, \frac{27}{6}$ ........ എന്ന സമാന്തരശ്രേണിയുടെ പൊതുവ്യത്യാസം എത്ര? $x$ ന്റെ വില എന്ത്?
14. ഒരു സമാന്തരശ്രേണിയുടെ ഒന്നാം പദം 11 ഉം 11-ാം 71 ഉം ആയാൽ 60-ാം പദം എത്ര?

## ഉത്തരങ്ങൾ

1. $x+y=24+-3=21$

2. (a) 7 (b)3

3. (a) $\frac{9}{9}=1$

   (b) $9\times\frac{5}{9}=5$

4. (a) 10

   (b) 103

5. (a) $10d=50$

6. $s_{33}=33\times x_{17}=0$

7. $x_3=\frac{100}{5}=20$

8. $x_3+x_4=\frac{120}{3}=40$

9. ഇല്ല. (പദങ്ങൾ ഒറ്റസംഖ്യകൾ, എണ്ണം = ഒറ്റ സംഖ്യ, Rule -14)

10. $S_5=5\times x_3=5\times 6=30$

11. 2x40-1=79 പദങ്ങളുടെ തുക പൂജ്യമാകും (Rule 19)

12. $(50)^2=2500$

13. $d=\frac{23}{6}-\frac{21}{6}=\frac{2}{6}=\frac{1}{3}, x=\frac{25}{6}$

14. $10d=60, x_{60}=x_1+59d=11+59\times 6=365$

## 3 Mark Questions

1. ആദ്യത്തെ 100 എണ്ണൽസംഖ്യകളുടെ തുക എത്ര?
   (a) 10ന്റെ ആദ്യത്തെ 100 ഗുണിതങ്ങളുടെ തുക എത്ര?

(b) 0.1 + 0.2 + 0.3 + .......... +10 = ........................

2. ഒരു സമാന്തരശ്രേണിയിലെ 10-ാം പദം 20 ഉം 20-ാം പദം 10 ഉം ആയാൽ
   (a) പൊതുവ്യത്യാസം എത്ര?
   (b) ആദ്യപദം എത്ര?
   (c) 30-ാം പദം എത്ര?
3. (a) 3 കൊണ്ട് ഹരിച്ചാൽ 2 ശിഷ്ടം വരുന്ന മൂന്നക്ക സംഖ്യകളുടെ ശ്രേണി എഴുതുക.
   (b) ഈ ശ്രേണിയിലെ പദങ്ങളുടെ എണ്ണം എത്ര?
4. 2, 5, 8........ എന്ന സമാന്തരശ്രേണിയുടെ ആദ്യത്തെ 25 പദങ്ങളുടെ തുകയേക്കാൾ എത്ര കൂടുതലാണ് 4, 7, 10....... എന്ന സമാന്തരശ്രേണിയുടെ ആദ്യത്തെ 25 പദങ്ങളുടെ തുക?
5. ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ '$n$' പദങ്ങളുടെ തുക $3n^2 + 2n$ ആയാൽ
   (a) ആദ്യപദം എത്ര?
   (b) പൊതുവ്യത്യാസം എത്ര?
   (c) ആദ്യത്തെ 10 പദങ്ങളുടെ തുക എത്ര?
6. ഒരു സമാന്തരശ്രേണിയുടെ 5-ാമത്തേയും 24-ാമത്തേയും പദങ്ങളുടെ തുക 50 ആകുന്നു.
   (a) ഒന്നാമത്തയും 28-ാമത്തേയും പദങ്ങളുടെ തുക എത്ര?
   (b) ആദ്യത്തെ 28 പദങ്ങളുടെ തുക കണ്ടുപിടിക്കുക.
7. പൊതുവ്യത്യാസം 8 ആയ രണ്ട് സമാന്തരശ്രേണികളിൽ ഒന്നാമത്തേതിന്റെ 7-ാം പദം രണ്ടാമത്തേതിന്റെ 9-ാം പദത്തിന് തുല്യമാണ്.
   (a) ഈ ശ്രേണികളുടെ ആദ്യപദങ്ങൾ തമ്മിലുള്ള വ്യത്യാസം എന്ത്?
   (b) രണ്ട് ശ്രേണികളുടേയും ആദ്യത്തെ 20 പദങ്ങളുടെ തുകകൾ തമ്മിലുള്ള വ്യത്യാസം എത്ര?
8. പൊതുവ്യത്യാസം 6 ആയ സമാന്തരശ്രേണിയിലെ ഒരു പദമാണ് 55. ഇതേ ശ്രേണിയിൽ 110 ഒരു പദമാകുമോ?
9. ഒരു സമാന്തരശ്രേണിയുടെ 11-ാം പദം 33 ഉം 17-ാം പദം 67 ഉം ആയാൽ 14-ാം പദം കാണുക.
10. $3^1 \times 3^2 \times 3^3 \times \ldots\ldots\ldots\ldots \times 3^{10} = 3^n$ ആയാൽ '$n$' ന്റെ വില കാണുക.
11. എണ്ണൽസംഖ്യകൾ മാത്രം പദങ്ങളായുള്ള ഒരു സമാന്തരശ്രേണിയുടെ തുടർച്ചയായ 25 പദങ്ങളുടെ തുക 303 ആകുമോ? വിശദീകരിക്കുക.
12. തുടർച്ചയായ 5 പദങ്ങളുടെ തുക 80 ആ ഒരു സമാന്തരശ്രേണി എഴുതുക.
13. തുടർച്ചയായ 6 പദങ്ങളുടെ തുക 90 ആയ ഒരു സമാന്തരശ്രേണി എഴുതുക.
14. ഒരു വൃത്തത്തിൽ 11 ബിന്ദുക്കൾ അടയാളപ്പെടുത്തിയിട്ടുണ്ട്. ഈ ബിന്ദുക്കൾ യോജിപ്പിച്ച് എത്ര ഞാണുകൾ വരയ്ക്കാം.

## ഉത്തരങ്ങൾ

1. (a) $\frac{100 \times 101}{2} = 5050$

   (b) 10 + 20+ 30+.............100 പദങ്ങൾ =10(1+2+3+.........+100)

   =10x5050

   =50500

(c) 0.1 + 0.2 + 0.3 +......... + 10 $= \frac{1}{10} + \frac{2}{10} + \frac{3}{10} + .........\frac{100}{10}$

$= \frac{1}{10}(1+2+3+.......+100)$

= 505

2. $x_{10} = 20$ $x_{20} = 10$

(a) $10d = -10, d = -1$

(b) $x_1 = x_{10} - 9_d$

$= 20 + 9 = 29$

(c) $x_{30} = x_{20} + 10_d$

$= 10 - 10$

$= 0$

3. (a) $101, 104, 107......., 998$

(b) $n = (\frac{998-101}{3}) + 1 = 300$

4. പൊതു വ്യത്യാസം തുല്യമായ ശ്രേണികളാണ് ഇവ രണ്ടും.
ആദ്യ പദങ്ങൾ തമ്മിലുള്ള വ്യത്യാസം = 2
തുകകളുടെ വ്യത്യാസം = 25 x 2
= 50

5, $s_n = 3n^2 + 2n$

(a) $f = 5$

(b) $d = 6$

(c) $s_{10} = 320$

**6.** $x_5 + x_{24} = 50$

(a) $x_1 + x_{28} = 50$

(b) $s_{28} = 14 \times 50 = 700$

**7.** ശ്രേണി→1 : $x, x+8, x+16, ........$

ശ്രേണി→2: $y, y+8, y+16, ........$

$x + 6d = y + 8d$

(a) $x - y = 2d = 16$

(b) $20(x - y) = 20 \times 16 = 320$

8, 55 നോട് ഇരട്ട സംഖ്യയായ പൊതുവ്യത്യാസം (6) കൂട്ടി കിട്ടുന്ന സംഖ്യകൾ ഒറ്റ സംഖ്യകൾ ആയിരിക്കും. അതിനാൽ ഇരട്ടസംഖ്യ ആയ 110 ഈ ശ്രേണിയിലെ പദമാകില്ല

9, $x_{11} = 33$ $x_{17} = 67$

$6d = 34$, $3d = 17$

$x_{14} = x_{11} + 3d = 33 + 17 = 50$

10, $3^{1+2+3+......+10} = 3^n$

$$n = 55$$

11, ആകില്ല. കാരണം

25 പദങ്ങളുടെ തുക 303 ആയാൽ 13-നാം പദം $\frac{303}{25}$, ഇത് എണ്ണൽസംഖ്യ അല്ല

12, $x_1 + x_2 + x_3 + x_4 + x_5 = 80$

$$x_3 = \frac{80}{5} = 16$$

14, 15, 16, 17, 18

13, $x_1 + x_2 + x_3 + x_4 + x_5 + x_6 = 90$

$x_1 + x_6 = x_2 + x_5 = x_3 + x_4 = \frac{90}{3} = 30$

10,12,14,16,18,20

14, ആകെ 11 ബിന്ദുക്കൾ ആദ്യബിന്ദുവിൽ നിന്നും 10 ഞാണുകൾ രണ്ടാമത്തെ ബിന്ദുവിൽ നിന്നും 9 ഞാണുകൾ . ഇങ്ങനെ തുടർന്നാൽ അകെ ഞാണുകളുടെ എണ്ണം = 10 +9 +8 +...+3 +2 +1=55

## 4 Mark Questions

1. ഒരു സമാന്തരശ്രേണിയിലെ 8-ാം പദം 33 ഉം ആദ്യത്തെ 20 പദങ്ങളുടെ തുക 860 ഉം ആകുന്നു.
   (a) പത്തും പതിനൊന്നും പദങ്ങളുടെ തുക എത്ര?
   (b) പതിമൂന്നാം പദം എത്ര?
2. (a) 200 നും 500 നും ഇടയിൽ 11 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 3 വരുന്ന എത്ര സംഖ്യകളുണ്ട്?
   (b) ഈ സംഖ്യകളുടെയെല്ലാം തുക കാണുക.

3. ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ n പദങ്ങളുടെ തുക $4n^2 - 2n$ ആയാൽ
   (a) ആദ്യപദം എത്ര?
   (b) പൊതുവ്യത്യാസം എത്ര?
   (c) ശ്രേണിയുടെ ബീജഗണിതരൂപം എന്ത്?
   (d) ഈ ശ്രേണിയിലെ തുടർച്ചയായ ഏതാനും പദങ്ങളുടെ തുക 2019 ആകുമോ? വിശദീകരിക്കുക.
4. ഒരു സമാന്തരശ്രേണിയുടെ 7-ാം പദം 50 ഉം 13-ാം പദം 86 ഉം ആകുന്നു.
   (a) പൊതുവ്യത്യാസം എത്ര?
   (b) ഒന്നാംപദം എത്ര?
   (c) ആദ്യത്തെ 19 പദങ്ങളുടെ തുക കാണുക.
5. (a) ഒന്നാം പദം 4 ഉം പൊതുവ്യത്യാസം -3 ഉം ആയ സമാന്തരശ്രേണി എഴുതുക.
   (b) ഈ ശ്രേണിയുടെ ബീജഗണിതരൂപം എന്ത്?
   (c) ഈ ശ്രേണിയിലെ എത്രാമത്തെ പദമാണ് -293.
6. (a) 8, 11, 14............ എന്ന സമാന്തരശ്രേണിയിൽ 124 ഒരു പദമാണോ? എന്തുകൊണ്ട്?
   (b) ഈ ശ്രേണിയിലെ ഒരു പദത്തിന്റെയും വർഗം ഇതേ ശ്രേണിയിലെ പദമാകില്ല എന്ന് സമർത്ഥിക്കുക.
7. ഒരു സ്കൂളിലെ മുഴുവൻ കുട്ടികളേയും 15 വരികളിലായി നിർത്തിയിരിക്കുന്നു. ഒരു വരിയിലെ കുട്ടികളുടെ എണ്ണത്തേക്കാൾ നിശ്ചിത എണ്ണം കുട്ടികൾ കൂടുതലാണ് അടുത്ത വരിയിൽ. അഞ്ചാം വരിയിൽ 46 കുട്ടികളും പത്താം വരിയിൽ 66 കുട്ടികളുമാണ് ഉള്ളത്.
   (a) ഒരു വരിയിലുള്ളതിനേക്കാൾ എത്ര കുട്ടികൾ കൂടുതലാണ് അടുത്ത വരിയിൽ?
   (b) ആദ്യവരിയിൽ എത്ര കുട്ടികൾ?
   (c) അവസാന വരിയിൽ എത്ര കുട്ടികൾ?
   (d) കുട്ടികളുടെ ആകെ എണ്ണം എത്ര?
8. ഒരു സമാന്തരശ്രേണിയുടെ 5-ാം പദത്തിന്റെ അഞ്ചിരട്ടി 10-ാം പദത്തിന്റെ പത്തിരട്ടിക്ക് തുല്യമായാൽ
   (a) 15-ാം പദം എത്ര?
   (b) ആദ്യത്തെ 15 പദങ്ങളുടെ ഗുണനഫലം എത്ര?
9. 19/15, 23/15, 9/3....... എന്ന സമാന്ത്രശ്രേണി പരിഗണിച്ചാൽ
   (a) ശ്രേണിയുടെ ബീജഗണിതരൂപം എഴുതുക.
   (b) ശ്രേണിയിലെ പൂർണ സംഖ്യാപദങ്ങളുടെ ശ്രേണി എഴുതുക.
10. രണ്ട് സമാന്തരശ്രേണികളുടെ n-ാം പദങ്ങൾ $4n+3$, $4n-3$ എന്നിവയാണ്. ഇവയുടെ ആദ്യത്തെ 50 പദങ്ങളുടെ തുകകൾ തമ്മിലുള്ള വ്യത്യാസം.
11. a= 5+8+11...........+32 ഉം
    b= 6+9+12...............+33 ഉം ആയാൽ b - a യുടെ വില കാണുക.
12. ഒരു സമാന്തരശ്രേണിയിൽ $x_1+x_{17}=60$, $x_1+x_{18}=64$ എങ്കിൽ
    (a) പൊതുവ്യത്യാസം എത്രയാണ്?
    (b) $x_7+x_{11}$ കണക്കാക്കുക.
    (c) ഒൻപതാം പദം എത്രയാണ്?
13. ഒരു സമാന്തരശ്രേണിയുടെ n-ാം പദം $8n - 4$ ആണ്. ഈ ശ്രേണിയുടെ തുടർച്ചായ n പദങ്ങളുടെ തുക ഒരു പൂർണ വർഗമാണെന്ന് തെളിയിക്കുക.

# ഉത്തരങ്ങൾ

1, $s_{20} = 360 \quad x_8 = 33$

(a) $x_{10} + x_{11} = \frac{860}{10} = 86$

(b) $x_8 + x_{13} = 86, \quad x_{13} = 86 - 33 = 53$

2, (a) $x_1 = 201 \quad x_n = 498$

$$n = (\frac{x_n - x_1}{d}) + 1 = (\frac{498 - 201}{11}) + 1 = 28$$ സംഖ്യകൾ

(b) തുക $= \frac{n}{2}[x_1 + x_n] = \frac{28}{2}[201 + 498] = 9786$

3, (a) $f = 2$

(b) $d = 8$

(c) $x_n = 8n - 6$

(d) ആകില്ല. ഈ ശ്രേണിയിലെ പദങ്ങൾ ഇരട്ട സംഖ്യകളാണ്. ഇരട്ട സംഖ്യകളുടെ തുക ഒരു ഒറ്റ സംഖ്യയാകില്ല.

4. (a) $6d = 36, d = 6$

(b) $x_1 = x_7 - 6d = 50 - 36 = 14$

(c) $x_{19} = x_{13} + 6d = 86 + 36 = 122$

$$s_{19} = \frac{19}{2}[14 + 122] = 1292$$

5. (a) ശ്രേണി $\rightarrow$ 4, 1, -2.......

(b) $x_n = dn + f - d = -3n + 7$

Ie. $x_n = 7 - 3n$

(c) $7 - 3n = -293, -3n = -300, n = 100$

6. (a) ശ്രേണിയിലെ പദങ്ങളെ പൊതുവ്യത്യാസമായ 3 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 2 ആകുന്നു.

124 നെ 3 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 1 ആണ്. അതിനാൽ പദമാകില്ല.

(b) $(3n+5)^2 = 9n^2 + 30n + 25 = 3(3n^2 + 10n + 8) + 1$

വർഗങ്ങളെ പൊതുവ്യത്യാസമായ 3 കൊണ്ട് ഹരിക്കുമ്പോഴുള്ള ശിഷ്ടം 1 ആയതിനാൽ ഒരു പദത്തിന്റേയും വർഗം ശ്രേണിയിൽ ഉണ്ടാകില്ല.

7. (a) 4

(b) $46 - 4d = 46 - 16 = 30$

(c) $66 + 5d = 66 + 20 = 86$

(d) $s_{15} = \frac{15}{2}[30 + 86] = 870$

8. (a) $5 \times x_5 = 10 \times x_{10}$

Ie. $x_5 = 2 \times x_{10}$

$f + 4d = 2(f + 9d)$

$f + 4d = 2f + 18d$

Ie. $f + 14d = 0$

$x_{15} = 0$

(b) $x_1 \times x_2 \times ..... \times x_{15} = 0$

9. $\frac{19}{15}, \frac{23}{15}, \frac{9}{5}$ ......... $\therefore$ എന്ന ശ്രേണി $\frac{19}{15}, \frac{23}{15}, \frac{27}{15}$ ......... എന്നെഴുതിയാൽ

$d = \frac{4}{15}$

(a) $\frac{4n+15}{15}$ (19, 23, 27.... ന്റെ ബീജഗണിതരൂപം 4n + 15 ആണ്)

(b) ശ്രേണിയിൽ പൂർണ്ണ സംഖ്യാപദങ്ങൾ വരണമെങ്കിൽ 4n + 15 എന്നത് 15 ന്റെ ഗുണിതമാകണം. ഇതിന് 4n എന്നത് 15 ന്റെ ഗുണിതമാകണം. ഇത് സാധ്യമാകാൻ 'n' ന് 15, 30, 45.... എന്നീ വിലകൾ നൽകണം.

ie. $x_n = \frac{4n+5}{15}$

$$x_1 = \frac{75}{15} = 5$$

$x_2 = \frac{135}{15} = 9$

$x_3 = \frac{195}{15} = 13$

പൂർണ സംഖ്യാ പദങ്ങളുടെ ശ്രേണി 5, 9, 13 ......

10. $4n + 3 \rightarrow$ 7, 11, 15........
$4n - 3 \rightarrow$ 1, 5, 9........

ഇവയുടെ ഒരേ സ്ഥാനത്തെ പദങ്ങൾ തമ്മിലുള്ള വ്യത്യാസം 6 ആണ്

∴ 50 പദങ്ങളുടെ തുകകൾ തമ്മിലുള്ള വ്യത്യാസം
$= 50 \times 6 = 300$

11. $a = 5 + 8 + 11 + \ldots\ldots + 32$ --①

$b = 6 + 9 + 12 + \ldots + 33$ --②

②-① →
$b - a = 1 + 1 + 1 + \ldots\ldots + 1 (10 terms)$
$= 10$

12. (a) $d = 4$

(b) $x_7 + x_{11} = 60$

(c) $x_7 + x_{11} = 60$

$\therefore x_8 + x_{10} = 60$

$\therefore x_9 = \frac{x_8 + x_{10}}{2} = 30$

13. ശ്രേണി 4, 12, 20, 28....

പദങ്ങളുടെ തുക $= \frac{n}{2}(x_1 + xn)$

$= \frac{n}{2}(4 + 8n - 4)$

$= (2n)^2 =$ ഒരു പൂർണ വർഗം

## 5 Mark Questions

1. ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം $X_n = 3n + 2$
   (a) ആദ്യപദവും പൊതുവ്യത്യാസവും എഴുതുക.
   (b) പത്താം പദം എത്രയാണ്?
   (c) ഈ ശ്രേണിയിൽ 100 ഒരു പദമാകുമോ? എന്തുകൊണ്ട്?
   (d) ഈ ശ്രേണിയിലെ ഏതെങ്കിലും രണ്ട് പദങ്ങളുടെ വ്യത്യാസം 100 ആകുമോ? എന്തുകൊണ്ട്?
2. ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ 15 പദങ്ങളുടെ തുക 495. ശ്രേണിയുടെ 5-ാം പദം 21.
   (a) ശ്രേണിയുടെ 8-ാം പദം എത്ര?
   (b) പൊതുവ്യത്യാസം എത്ര?
   (c) ആദ്യത്തെ n പദങ്ങളുടെ തുക കാണുക
3. തന്നിരിക്കുന്ന ഓരോ ജോഡി സമാന്തരശ്രേണിയിലും ഒന്നാമത്തെ ശ്രേണിയിലെ ആദ്യത്തെ 50 പദങ്ങളുടെ തുകയേക്കാൾ എത്ര കൂടുതലാണ് രണ്ടാമത്തെ ശ്രേണിയിലെ ആദ്യത്തെ 50 പദങ്ങളുടെ തുക
   (a) 4, 7, 10.......... 6, 9, 12..........
   (b) 4, 7, 10.......... 5, 9, 13..........
   (c) 4, 7, 10.......... 6, 11, 16..........
4. (a) 1, 5, 9....... എന്ന സമാന്തരശ്രേണിയുടെ ബീജഗണിതരൂപം എഴുതുക.
   (b) 169 ഈ ശ്രേണിയിലെ ഒരു പദമാകുമോ?
   (c) ഈ ശ്രേണിയിലെ ഏതൊരു പദത്തിന്റെയും വർഗം ഈ ശ്രേണിയിലെ തന്നെ ഒരു പദമായിരിക്കും എന്ന് തെളിയിക്കുക.
5. പൊതുവ്യത്യാസം 6 ആയ സമാന്തരശ്രേണിയിലെ ഒരു പദമാണ് 45 എങ്കിൽ ഈ ശ്രേണിയിലെ ഏതെങ്കിലും 15 പദങ്ങളുടെ തുക 2018 ആകുമോ? എന്തുകൊണ്ട്?
6. 15, 33, 51........... എന്ന സമാന്തരശ്രേണി പരിഗണിച്ചാൽ
   (a) ഈ ശ്രേണിയുടെ പൊതുവ്യത്യാസം എത്ര?
   (b) ആദ്യത്തെ 'n' പദങ്ങളുടെ തുകയുടെ ബീജഗണിതരൂപം എഴുതുക.
   (c) തുടർച്ചയായ 'n' പദങ്ങളുടെ തുകയുടെ കൂടെ ഒന്ന് കൂട്ടിയാൽ ഒരു പൂർണ വർഗം ലഭിക്കും എന്ന് തെളിയിക്കുക.
7. n, 3n, 5n....... എന്നത് ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ തുടർച്ചയായ പദങ്ങളായാൽ
   (a) പൊതുവ്യത്യാസം എന്ത്?
   (b) ആദ്യത്തെ 'n' പദങ്ങളുടെ തുക $n^3$ ആയിരിക്കുമെന്ന് തെളിയിക്കുക.
   (c) 15, 45, 75...... എന്ന സമാന്തരശ്രേണിയുടെ ആദ്യത്തെ 15 പദങ്ങളുടെ തുക കാണുക.

8. പൂർണ വർഗങ്ങളുടെ ശ്രേണി എഴുതുക.
   (a) പൂർണവർഗങ്ങളെ 5 കൊണ്ട് ഹരിച്ചാൽ കിട്ടുന്ന ശിഷ്ടങ്ങൾ ഏതെല്ലാം?
   (b) 8, 13, 18......... എന്ന സമാന്തരശ്രേണിയിലെ പദങ്ങളെ പൊതുവ്യത്യാസം കൊണ്ട് ഹരിച്ചാൽ കിട്ടുന്ന ശിഷ്ടം എത്ര?
   (c) 8, 13, 18......... എന്ന സമാന്തരശ്രേണിയിൽ പൂർണവർഗങ്ങൾ പദങ്ങളാവില്ല എന്ന് സമർത്ഥിക്കുക.
9. ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ 10 പദങ്ങളുടെ തുകയും ആദ്യത്തെ 15 പദങ്ങളുടെ തുകയും തുല്യമാണ്. ഈ ശ്രേണിയിലെ ആദ്യത്തെ 25 പദങ്ങളുടെ തുക കണ്ടുപിടിക്കുക.
10. ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ 9 പദങ്ങളുടെ തുക 171 ഉം അടുത്ത 9 പദങ്ങളുടെ തുക 495 ഉം ആകുന്നു.
   (a) പൊതുവ്യത്യാസം എത്ര?
   (b) അഞ്ചാം പദം എത്ര?
   (c) ആദ്യപദം എത്ര?
   (d) ശ്രേണിയുടെ ബീജഗണിതരൂപം എഴുതുക.
11. ഒരു സമാന്തരശ്രേണിയുടെ 8-ാം പദത്തിന്റെയും 23-ാം പദത്തിന്റെയും തുക 75 ആകുന്നു.
   (a) ഈ ശ്രേണിയുടെ ആദ്യത്തെ 30 പദങ്ങളുടെ തുക എന്ത്?
   (b) ഇതേ ശ്രേണിയുടെ 6-ാം പദം മുതൽ 25-ാം പദം വരെയുള്ള എല്ലാ പദങ്ങളുടെയും തുക കാണുക.
12. $(1-\frac{2}{n})+(2-\frac{4}{n})+(3-\frac{6}{n})+$........... എന്നശ്രേണിയുടെ ആദ്യത്തെ 'n' പദങ്ങളുടെ തുക കാണുക.
13. ഒരു ക്ലാസ്സിലെ കുട്ടികളുടെ ക്രമനമ്പർ 1 മുതൽ 49 വരെയാണ്. അപ്പുവിന്റെ ക്രമനമ്പറിന് മുൻപുള്ള കുട്ടികളുടെ ക്രമനമ്പറുകളുടെ തുകയും അപ്പുവിന് ശേഷമുള്ള കുട്ടികളുടെ ക്രമനമ്പറുകളുടെ തുകയും തുല്യമാണ്. അപ്പുവിന്റെ ക്രമനമ്പർ കണ്ടുപിടിക്കുക.
14. 9 വശങ്ങളുള്ള ഒരു ബഹുഭുജത്തിന്റെ കോണുകൾ സമാന്തരശ്രേണിയിലാണ്. ഈ ബഹുഭുജത്തിന്റെ ഏറ്റവും ചെറിയ കോൺ $100^0$ ആകുമോ? ഉത്തരം വിശദീകരിക്കുക.
15. ഒരു സമാന്തരശ്രേണിയുടെ അഞ്ചാം പദത്തിനോട് 40 കൂട്ടിയപ്പോൾ 10-ാം പദം ലഭിച്ചു. പതിനഞ്ചാം പദം 127 ഉം ആണ്.
   (a) പൊതുവ്യത്യാസം എന്ത്?
   (b) ആദ്യപദം എന്ത്?
   (c) ആദ്യത്തെ 20 പദങ്ങളുടെ തുക എന്ത്?
16. ആറാം പദം 40 ഉം ഒൻപതാം പദം 58 ഉം ആയ ഒരു സമാന്തരശ്രേണി പരിഗണിച്ചാൽ ഇതിന്റെ
   (a) പൊതുവ്യത്യാസം എത്ര?
   (b) 21-ാം പദം എത്ര?
   (c) ആദ്യത്തെ 21 പദങ്ങളുടെ തുകയെത്ര?
   (d) 11-ാം പദം എത്ര?
   (e) 10 ഉം 12 ഉം പദങ്ങളുടെ തുകയെത്ര?
17. ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ 10 പദങ്ങളുടെ തുക 250 ഉം ആദ്യത്തെ 16 പദങ്ങളുടെ തുക 592 ഉം ആയാൽ
   (a) ഒന്നാം പദത്തിന്റേയും പത്താം പദത്തിന്റേയും തുകയെത്ര?
   (b) ഒന്നാം പദത്തിന്റേയും പതിനാറാം പദത്തിന്റേയും തുക എന്ത്?
   (c) പൊതുവ്യത്യാസം എത്ര?
   (d) ശ്രേണിയുടെ ബീജഗണിതരൂപം എഴുതുക.

18. ചുവടെയുള്ള സംഖ്യാപാറ്റേൺ പരിശോധിക്കുക.

3

8 13

18 23 28

....................................

..........................................

(a) അടുത്ത രണ്ട് വരികൾ എഴുതുക.

(b) 10-ാം വരിയുടെ അവസാന പദം കണ്ടുപിടിക്കുക.

(c) 15-ാം വരിയുടെ അവസാനപദം കണ്ടുപിടിക്കുക.

19. ചുവടെയുള്ള ശ്രേണി പരിശോധിക്കുക.

1

2 3 4

5 6 7 8 9

................................................

............................................................

(a) ഓരോ വരിയിലെയും അവസാന സംഖ്യകളുടെ ശ്രേണി എഴുതുക. ഈ ശ്രേണിയുടെ ബീജഗണിതരൂപം എന്ത്?

(b) 10-ാം വരിയിലെ ആദ്യ സംഖ്യയും അവസാന സംഖ്യയും എഴുതുക.

(c) ഈ സംഖ്യാ പാറ്റേണിലെ അടുത്തടുത്ത ഏതെങ്കിലും രണ്ട് വരികളുടെ അവസാന സംഖ്യകൾ തമ്മിലുള്ള വ്യത്യാസം 238 ആകുമോ? ഉത്തരം വിശദീകരിക്കുക.

## ഉത്തരങ്ങൾ

1. $Xn = 3n + 2$

(a) $f = 5\ d = 3$

(b) 32

(c) ശ്രേണിയിലെ പദങ്ങളെ 3 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 2. 100 നെ 3 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 1 ആകുന്നു. അതിനാൽ 100 പദമാകില്ല.

(c) 100 പദവ്യത്യാസമാകില്ല. കാരണം പൊതുവ്യത്യാസമായ 3 ന്റെ ഗുണിതമല്ല 100

2. $s_{15} = 495 \quad x_5 = 21$

(a) $x8 = \frac{495}{15} = 33$

(b) $3d = 33 - 21 = 12, d = 4$

(c) $x_1 = x_5 - 4d$

$= 21 - 16 = 5$

$s_n = d/_2\, n^2 + (f - d/_2)n$

$= 2n^2 + 3n$

3. (a) 6 + 9 + 12 +................ 50 പദങ്ങൾ

4 + 7 +10 +................ 50 പദങ്ങൾ

2 + 2+ 2 +................ 50 പദങ്ങൾ

രണ്ട് ശ്രേണികളുടെയും 50 പദങ്ങളുടെയും തുകയുടെ വ്യത്യാസം = 2 X 50 = 100

(b) 5 + 9 + 13 +................ 50 പദങ്ങൾ

4 + 7 +10 +................ 50 പദങ്ങൾ

1 + 2+ 3 +................ 50 പദങ്ങൾ

രണ്ട് ശ്രേണികളുടെയും 50 പദങ്ങളുടെയും തുകയുടെ

വ്യത്യാസം = 1 + 2 + 3 +............+ 50

$$= \frac{50 \times 51}{2} = 1275$$

(c) 6 + 11 + 16 +................ 50 പദങ്ങൾ

4 + 7 +10 +................ 50 പദങ്ങൾ

2 + 4+ 6 +................ 50 പദങ്ങൾ

രണ്ട് ശ്രേണികളുടെയും 50 പദങ്ങളുടെയും തുകകളുടെ

വ്യത്യാസം = 2 + 4 + 6 +............+ 50 പദങ്ങൾ

= 2(1 + 2 + 3 +......... 50 പദങ്ങൾ)

= 50 X 51 = 2550

4. 1, 5, 9.........

(a) $x_n = dn + f - d$

$= 4n - 3$

(b) ആകും. കാരണം ശ്രേണിയിലെ പദങ്ങളെ 4 കൊണ്ട് ഹരിച്ചാലുള്ള ശിഷ്ടം തന്നെയാണ് 169നെ 4 കൊണ്ട് ഹരിക്കുമ്പോഴും.

(c) ശ്രേണിയുടെ ബീജഗണിതം = $4n - 3$

പദത്തിന്റെ വർഗത്തിന്റെ ബീജഗണിതം $= (4n-3)^2$

$$= 16n^2 - 24n + 9$$

$$= 4(4n^2 - 6n + 2) + 1$$

പദത്തിന്റെ വർഗത്തിനേയും 4 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 1 ആയതിനാൽ ഏതൊരു പദത്തിന്റേയും വർഗം ഈ ശ്രേണിയിലെ പദമാകും.

5. പൊതുവ്യത്യാസം = 6

ശ്രേണിയിലെ ഒരു പദം = 45

അപ്പോൾ ശ്രേണി................ 33, 39, 45, 51 .............

അതായത്, ഈ ശ്രേണിയിലെ പദങ്ങളെല്ലാം ഒറ്റ സംഖ്യകളാണ്.

ഒറ്റ സംഖ്യാശ്രേണിയിലെ ഒറ്റയെണ്ണം (15 പദങ്ങളുടെ) പദങ്ങളുടെ തുക ഇരട്ട സംഖ്യയാകില്ല. അതിനാൽ 2018 തുക ആകില്ല.

6, 15, 33, 51............

a) 18

b) $Sn = \frac{d}{2}n^2 + (f - \frac{d}{2})n$

$= 9n^2 + 6n$

c) $= 9n^2 + 6n + 1 = (3n+1)^2$ = പൂർണവർഗം

7, a) $2n$

b) ആദ്യപദം $= n$

n -ാം പദം $= dn + f - d$

$= 2n \times n + n - 2n$

$= 2n^2 - n$

$Sn = \frac{n}{2}\left[n + 2n^2 - n\right] = n^3$

OR

$Sn = n + 3n + 5n + ...........n$ പദങ്ങൾ

$= n(1 + 3 + 5 + ..........n$ പദങ്ങൾ

$= n \times n^2 = n^3$

8. 1, 4, 9, 16................

(a) 1, 4, 4, 1, 0

(b) 3

(c) പൂർണവർഗങ്ങളെ 5 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 3 അല്ലാത്തതിനാൽ പൂർണവർഗങ്ങൾ പദമാകില്ല.

9. $S_{15} = S_{10}$

$S_{15} - S_{10} = 0$

$x_{11} + x_{12} + \boxed{x_{13}} + x_{14} + x_{15} = 0$

ഇവിടെ $x_{13} = 0$

∴ ആദ്യത്തെ 25 പദങ്ങളുടെ തുക

= 25 x മധ്യപദം

= 25 x $x_{13}$

= 25 x 0 = 0

10. $S_9 = 171$ അടുത്ത 9 പദങ്ങളുടെ തുക 495. ഇവയുടെ വ്യത്യാസം

$$n^2 d = 495 - 171 = 324$$

(a) $d = \frac{324}{(9)^2} = 4$

(b) ആദ്യപദം $= \frac{S_9}{9}$

$$= \frac{171}{9} = 19$$

(c) ആദ്യപദം $= x_5 - 4d$

$$= 19 - 16 = 3$$

(d) $xn = dn + f - d = 4n - 1$

11. $x_8 + x_{23} = 75$

(a) $S_{30} =$

$= 15 [x_1 + x_{30}] = 15 [x_8 + x_{23}]$

$= 15 \times 75 = 1125$

(b) $x_6 + x_7 + x_8 + \ldots + x_{25}$

ആകെ 20 പദങ്ങൾ = 10 ജോഡി

ആകെ തുക = 10 x ഒരു ജോഡിയുടെ തുക

$= 10 [x_6 + x_{25}]$

$= 10 [x_8 + x_{23}]$

$= 10 \times 75 = 750$

12. $\left(1 - \frac{2}{n}\right) + \left(2 - \frac{4}{n}\right) + \left(3 - \frac{6}{n}\right) + \ldots$

$$= (1 + 2 + 3 + \ldots) - \frac{2}{n}(1 + 2 + 3 + \ldots)$$

$$= \frac{n(n+1)}{2} - \frac{2}{n} \times \frac{n(n+1)}{2}$$

$$= (n+1)\left[\frac{n}{2} - 1\right]$$

$$= \frac{(n+1)(n-2)}{2}$$

13. $1 + 2 + 3 \ldots n - 1 + (n) + n+1 + \ldots + 49$

(n: അപ്പു)

$S_{n-1} = S_{49} - S_n$

$$\frac{n(n-1)}{2} = \frac{49 \times 50}{2} - \frac{n(n+1)}{2}$$

$$n(n-1) + n(n+1) = 49 \times 50$$

$$2n^2 = 49 \times 50$$

$$n^2 = 49 \times 25$$

$$n = 7 \times 5 = 35$$

അപ്പുവിന്റെ ക്രമനമ്പർ = 35

14. 9 വശങ്ങളുള്ള ബഹുഭുജത്തിന്റെ ആന്തരകോണുകളുടെ തുക $1260^0$

മധ്യകോൺ = $\frac{1260}{9} = 140^0$

അപ്പോൾ ആദ്യത്തെയും അവസാനത്തെയും കോണുകളുടെ തുക

$= 2 \times 140 = 280^0$

ഏറ്റവും വലിയ ചെറിയ കോൺ $100^0$ ആയാൽ വലിയ കോൺ $180^0$ ആകേണ്ടിവരും. ഇത് സാധ്യമല്ല.

15. $x_5 + 40 = x_{10}$ $\quad x_{15} = 127$

(a) $5d = 40, d = 8$

(b) $x_{15} - 4d = 127 - 14 \times 8$

$= 15$

(c) $S_{20} = \frac{20}{2}[x_1 + x_{20}]$

$= 10[15 + 127 + 40]$

$= 10 \times 182 = 1820$

16. $x = 40$ $\quad x_9 = 58$

(a) $3d = 18, \ d = 6$

(b) 21-ാം പദം = $x_9 + 12d$

$= 58 + 4 \times 3d$

$= 58 + 72 = 130$

ആദ്യപദം $= x_6 - 5d = 40 - 30 = 10$

(c) $S_{21} = \frac{21}{2}$ [10+ 130]

$= 21 \times 70 = 1470$

(d) 11-ാം പദം $= \frac{S_{21}}{21} = \frac{1470}{21}$

$= 70$

(e) $x_{10} + x_{12} = 70 \times 2 = 140$

17. $S_{10} = 250$ $S_{16} = 592$

(a) $x_1 + x_{10} = \frac{250}{5} = 50$

(b) $x_1 + x_{16} = \frac{592}{8} = 74$

(c) $6d = 24, \; d = 4$

(d) $x_1 + x_1 + 9d = 50, \; x_1 = 7$

$x_n = dn + f - d = 4n + 3$

18. (a) 33, 38, 43, 48

53, 58, 63, 68, 73

(b) ശ്രേണിയുടെ ബീജഗണിതരൂപം 5n - 2
10–ാം വരിയുടെ അവസാന പദം

$= 5\left[\frac{n(n+1)}{2}\right] - 2$

$= 273$

(c) 15–ാം വരിയുടെ ആദ്യപദം

$= 5\left[\frac{n(n-1)}{2} + 1\right] - 2$

$= 528$

www.shenschool.in

19. (a) 1, 4, 9, 16.......

$x_n = n^2$

(b) 10-ാം വരിയിലെ അവസാന സംഖ്യ $= 10^2$

$= 100$

10 -ാം വരിയിലെ സംഖ്യകളുടെ എണ്ണം $= 2 \times 10 - 1$

$= 19$

∴ 10 -ാം വരിയിലെ ആദ്യ സംഖ്യ $= 100 - 18d$

$= 82$

## 6 Mark Question

$1+2+3+..................+n = \frac{n(n+1)}{2}$ ആണെന്ന് അറിയാമല്ലോ

ചുവടെ തന്നിട്ടുള്ള പാറ്റേൺ ശ്രദ്ധിക്കുക.

$1^3=1 = 1 = 1^2$

$1^3+2^3 = 1+8 = 9 = (1+2)^2$

$1^3+2^3+3^3 = 1+8+27 = 36 = (1+2+3)^2$

$1^3+2^3+3^3+4^3 = 1+8+27+64 = 100 = (1+2+3+4)^2$

...............................................................................................

...............................................................................................

തുടർച്ചയായ എണ്ണൽ സംഖ്യകളുടെ ഘനങ്ങളുടെ തുക ആ സംഖ്യകളുടെ തുകയുടെ വർഗ്ഗമാണ്.

(a) 6 വരെയുള്ള എണ്ണൽ സംഖ്യകളുടെ തുക എന്ത്?

(b) $1^3+2^3+3^3+4^3+5^3+6^3$ എത്ര?

(c) $1^3+2^3+3^3+..... +10^3$ എന്നത് ഏത് സംഖ്യയുടെ വർഗത്തിന് തുല്യമാണ്?

(d) $(1+2+3+4+5)^2$ നെ തുടർച്ചയായ എണ്ണൽ സംഖ്യകളുടെ ഘനങ്ങളുടെ തുകയായി എഴുതുക.

(e) $(1^3+2^3+3^3+4^3)$ $(1+2+3+4)^2$ എത്ര?

(f) $1^3+2^3+3^3+4^3+..........+n^3$ എത്ര?

## 6 Mark Answer

1. (a) $1+2+3+4+5+6 = 21$

(b) $1^3+2^3+3^3+4^3+5^3+6^3 = (21)^2=441$

(c) $1^3+2^3+....+10^3 = (55)^2$

(d) $1^3+2^3+3^3+4^3+5^3 =$

(e) $(1+2+3+4)^2 \times (1+2+3+4)^2 = 100 \times 100=10000$

(f) $1^3+2^3+3^3+4^3+..........+n^3 = (1+2+3+...........+n)^2 = \left[\frac{n(n+1)}{2}\right]^2$

# 2

# വൃത്തങ്ങൾ

## പ്രധാന ആശയങ്ങൾ - ഈ അദ്ധ്യാത്തിലൂടെ

- അർധവൃത്തത്തിലെ കോൺ മട്ടമാണ്. AB വ്യാസമായ വൃത്തത്തിൽ $\angle APB = 90^0$




- വൃത്തത്തിലെ വ്യാസത്തിന്റെ അറ്റങ്ങൾ വൃത്തത്തിലെ മറ്റേതൊരു ബിന്ദുവായും യോജിപ്പിച്ചാലും കിട്ടുന്നത് മട്ടകോണാണ്.

$$\angle APB = \angle AQB = \angle ARB = 90^0$$




- 


$\Delta$ APB യിൽ $\angle APB > 90^0$ AB വ്യാസമായി ഒരു വൃത്തം വരച്ചാൽ P വൃത്തത്തിനകത്തെ ഒരു ബിന്ദു ആയിരിക്കും.

❖ 

$\Delta$ APB യിൽ $\angle APB < 90^0$ AB വ്യാസമായി ഒരു വൃത്തം വരച്ചാൽ P വൃത്തത്തിനു പുറത്തെ ഒരു ബിന്ദു ആയിരിക്കും.

❖ 

വൃത്തത്തിലെ P എന്ന ബിന്ദുവിൽ നിന്ന് ലംബമായി വരയ്ക്കുന്ന വരകൾ വൃത്തത്തെ A, B എന്നീ ബിന്ദുക്കളിൽ മുറിച്ചുകടക്കുന്നു. A B എന്ന വര വൃത്തത്തിന്റെ വ്യാസമാണ്.

❖ 

വൃത്തത്തിലെ ഏത് ചാപവും കേന്ദ്രത്തിലുണ്ടാക്കുന്ന കോണിന്റെ പകുതിയാണ് മറുചാപത്തിലുണ്ടാക്കുന്ന കോൺ.

$\angle APB = \frac{1}{2} \angle AOB$

❖ 

$\angle APB = \frac{1}{2} (360^0 \angle AOB - \angle AOB)$

❖ 

വൃത്തത്തിലെ ഒരു ചാപം മറുചാപത്തിലുണ്ടാക്കുന്ന കോണുകളെല്ലാം തുല്യമാണ്.

$\angle P = \angle Q$

❖ വൃത്തത്തിലെ ഒരു ചാപത്തിലും മറുചാപത്തിലുമുണ്ടാകുന്ന കോണുകളെല്ലാം തുല്യമാണ്.

$\angle P + \angle Q = 180^0$




❖ ഒരു ചതുർഭുജത്തിന്റെ മൂലകളെല്ലാം ഒരു വൃത്തത്തിലാണെങ്കിൽ അതിന്റെ എതിർ കോണുകൾ അനുപൂരകമാണ്.

$\angle A + \angle C = 180^0$

$\angle B + \angle D = 180^0$

❖ ഒരു ചതുർഭുജത്തിന്റെ എതിർകോണുകൾ അനുപൂരകമാണെങ്കിൽ അതിന്റെ 4 മൂലകളിൽ കൂടിയും കടന്നുപോകുന്ന വൃത്തം വരയ്ക്കാം.

❖ ഒരു വൃത്തത്തിലെ രണ്ടു ഞാണുകൾ വൃത്തത്തിനുള്ളിൽ മുറിച്ചു കടക്കുമ്പോൾ

PA x PB = PC x PD

❖ ഒരു വൃത്തത്തിലെ രണ്ടു ഞാണുകൾ വൃത്തത്തിനുള്ളിൽ മുറിച്ചു കടക്കുമ്പോൾ ഓരോ ഞാണിന്റെയും ഭാഗങ്ങൾ വശങ്ങളായ ചതുരങ്ങൾക്ക് ഒരേ പരപ്പളവാണ്.




❖ AB വ്യാസവും CD വ്യാസത്തിന് ലംബവുമായാൽ

PC = PD

PA x PB = $PC^2$




❖ ഒരു വൃത്തത്തിലെ രണ്ട് ഞാണുകൾ വൃത്തത്തിന് പുറത്ത് മുറിച്ചു കടക്കുമ്പോൾ

PA x PB = PC x PD



## PART A (2 Mark)

1. Δ ABC യിൽ AB വ്യാസമായി വൃത്തം വരച്ചാൽ, C എന്ന ബിന്ദു




2. ചിത്രത്തിനകത്ത് AC വ്യാസമായി വൃത്തം വരച്ചാൽ B, D എന്നീ ശീർഷകങ്ങൾ വൃത്തത്തിനകത്തോ? പുറത്തോ? വൃത്തത്തിൽ തന്നെയോ? എന്തുകൊണ്ട്?




3. 


ചിത്രത്തിൽ O വൃത്തകേന്ദ്രം. $\angle APB = 110^0$ ആയാൽ
(i) $\angle ACB$ (ii) $\angle ADB$ ഇവ കാണുക.

4. ചിത്രത്തിൽ PA, PB എന്നീ വരകൾ പരസ്പരം ലംബങ്ങളാണ്. PA = 3 cm, PB = 4 cmആയാൽ വൃത്തത്തിന്റെ ആരം എന്ത്?



5. AB വ്യാസമായി വൃത്തം വരച്ചിരിക്കുന്നു. വൃത്തത്തിനകത്തായി C എന്ന ബിന്ദുവിനെ അടയാളപ്പെടുത്തിയിരിക്കുന്നു. ത്രികോണം ABC വരച്ച് $\angle C$ അടയാളപ്പെടുത്തിയപ്പോൾ രമ്യയ്ക്ക് $70^0$ എന്ന് കിട്ടി. റീനയ്ക്ക് $110^0$ എന്ന് കിട്ടി. ഏതാണ് $\angle C$ യുടെ ശരിയായ അളവ്? എന്തുകൊണ്ട്?

## PART B (3 Mark)

1. 'O' കേന്ദ്രമായ വൃത്തത്തിലെ ബിന്ദുക്കളാണ് A, B, C, D, E എന്നിവ. $\angle EAB = 120^0$, $\angle EPO = 100^0$, $\angle EOD$, $\angle ECB$, $\angle DBCF$ എന്നിവയുടെ അളവുകൾ കണക്കാക്കുക.




2. ചിത്രത്തിൽ PC = 16 cm, CD = 18 cm, PA = 2B
   (i) PD യുടെ നീളം കാണുക.
   (ii) PA യുടെ നീളം കാണുക.




3. ചിത്രത്തിൽ AB = AD, $\angle A = 60^0$ , $\angle C = 150^0$ ആയാൽ A കേന്ദ്രമാക്കിക്കൊണ്ട് AB ആരമാക്കി വരയ്ക്കുന്ന വൃത്തം
   (i) D യിലൂടെ കടന്നുപോകുമെന്ന് തെളിയിക്കുക.
   (ii) C യിലൂടെ കടന്നുപോകുമെന്ന് തെളിയിക്കുക.




4. ചിത്രത്തിൽ AB വ്യാസമായ അർദ്ധവൃത്തത്തിലെ ബിന്ദുവാണ് C
   (i) $\angle C$ യുടെ അളവെന്ത്?
   (ii) $\angle A = 2\angle B$ എങ്കിൽ $\angle A$, $\angle B$ ഇവയുടെ അളവുകൾ കാണുക.



5. ചിത്രത്തിൽ PA, PB എന്നീ ഞാണുകൾ പരസ്പരം ലംബമാണ്. PA = 6 cm, PB = 8 cm ആയാൽ
   (i) വൃത്തത്തിന്റെ ആരം എന്ത്?
   (ii) വൃത്തത്തിന്റെ ചുറ്റളവെന്ത്?
   (iii) വൃത്തത്തിന്റെ പരപ്പളവെന്ത്?




6. പരിവൃത്ത ആരം 3.5 സെ.മീ. ഉം രണ്ടുകോണുകൾ 45, 55 ആയ ത്രികോണം വരയ്ക്കുക.

7. കർണം 5 സെ.മീ. ആയ സമപാർശ്വ മട്ടത്രികോണം വരയ്ക്കുക.

8. $\sqrt{2}$ സെ.മീ. ഉയരമുള്ള സമഭുജത്രികോണം വരയ്ക്കുക.

9. ചിത്രത്തിൽ 'O' വൃത്തകേന്ദ്രവും A, B, P വൃത്തത്തിലെ ബിന്ദുക്കളാണ്.
   (i) $\angle$BOP (ii) $\angle$OBP (iii) $\angle$OPB എന്നിവ കാണുക.




10. ചിത്രത്തിൽ 'O' വൃത്തകേന്ദ്രം, AB എന്ന വ്യാസത്തിനു ലംബമല്ലാത്ത ഒരു ഞാണാണ് CD. കൂടാതെ PA = 9 cm, PB = 4 cm
    (a) PC x PD എത്രയാണ്?
    (b) PC, PD ഇവയുടെ രണ്ടിന്റേയും നീളം ഒരേ സമയം എണ്ണൽസംഖ്യയാവില്ല എന്ന് സമർത്ഥിക്കുക.



# PART C (4 Mark)

1. 4 സെ.മീ. നീളവും 3 സെ.മീ. വീതിയുമുള്ള ചതുരം നിർമ്മിക്കുക. ഇതിനു തുല്യമായ പരപ്പളവുള്ള ഒരു സമചതുരം നിർമ്മിക്കുക.

2. ലംബകം ABCD യുടെ മൂലകളെല്ലാം വൃത്തത്തിലാകുന്നു. $\angle A = x$
   (i) $\angle D$ എത്ര ?
   (ii) $\angle B$ എത്ര ?
   (iii) ADയും BCയും തുല്യമാണോ? വിശദീകരിക്കുക.




3. ലംബകം ABCD യുടെ മൂലകളെല്ലാം വൃത്തത്തിലാകുന്നു. BE എന്നത് $\angle ABC$ യുടെ സമഭാജിയാണ്.
   (i) $\angle ABC = 100^0$ ആയാൽ $\angle FDC$ ?
   (ii) DE എന്നത് $\angle FDC$ യുടെ സമഭാജിയെന്ന് തെളിയിക്കുക.




4. O വൃത്തകേന്ദ്രവും A,B,C വൃത്തത്തിലെ ബിന്ദുക്കളുമാണ്. $\angle OAC = 30^0$ AB =BC= 5cm
   (i) $\angle OCA$ കാണുക
   (ii) $\angle ABC$ കാണുക
   (iii) AC യുടെ നീളമെത്ര




5. AB വൃത്തത്തിന്റെ ആരവും PC = CD = 6 cm ആകുന്നു. PAയുടെ നീളം ആരത്തേക്കാൾ 3 cm കുറവാണ്.
   (i) PDയുടെ നീളം എത്ര?
   (ii) വൃത്തത്തിന്റെ ആരം കാണുക.



6. ചിത്രത്തിൽ O വൃത്തകേന്ദ്രവും PA = 6cm, AB = 2 cm ആണ്
   (i) PBയുടെ നീളം എത്ര?
   (ii) PQ വൃത്തത്തിന്റെ ആരത്തിന് തുല്യമെങ്കിൽ PR ആരത്തിന്റെ എത്ര മടങ്ങാണ്.
   (iii) വൃത്തത്തിന്റെ ആരം കണക്കാക്കുക.




## PART C (5 Mark)

1. ചിത്രത്തിലെ ഞാൺ BD വ്യാസം AC-ക്ക് ലംബമാണ്. ചുവടെ കൊടുത്ത കോണുകൾ കണക്കാക്കുക.
   a) $\angle BAC$, b) $\angle BCD$, c) $\angle ADC$, d) $\angle CDM$, e) $\angle BAP$




2. 2.5 സെ.മീ. ആരമുള്ള ഒരു വൃത്തം വരയ്ക്കുക. വശങ്ങളെല്ലാം വൃത്തത്തിന്റെ തൊടുവരകളായ ഒരു ത്രികോണം, 2 കോണുകൾ $50^\circ$, $60^\circ$ വീതം ആയി വരയ്ക്കുക.
3. $12\ cm^2$ പരപ്പളവുള്ള ഒരു ചതുരം വരയ്ക്കുക. ഇതേ പരപ്പളവുള്ള ഒരു സമചതുരം വരയ്ക്കുക.
4. ചിത്രത്തിൽ AB വ്യാസവും CD എന്നത് ABയ്ക്കു ലംബവുമായ ഒരു ഞാൺ ആണ്. AB, CD എന്നിവ കൂട്ടിമുട്ടുന്ന ബിന്ദുവാണ് P. PA = 4cm, PB = 2cm ആയാൽ
   (i) PDയുടെ നീളമെത്ര?
   (ii) ചുറ്റളവ് $6\sqrt{8}$ cm തരുന്ന ഒരു സമഭുജത്രികോണം വരയ്ക്കുക.



5. AB വൃത്തത്തിന്റെ ആരമാണ്. CD, ABയ്ക്കു ലംബമായ ഞാൺ ആകുന്നു.

(i) PCയുടെ നീളം എത്ര?

(ii) $\Delta$ ABC യുടെ പരപ്പളവ് കാണുക.

(iii) $5\sqrt{6}\ cm^2$ പരപ്പളവ് തരുന്ന ഒരു ചതുരം വരയ്ക്കുക.




6. ചിത്രത്തിൽ $\angle B = 90^0$, $\angle D = 60^0$

(i) AC ആരമാക്കി ഒരു വൃത്തം വരച്ചാൽ D എന്ന ബിന്ദുവിന്റെ സ്ഥാനം വൃത്തത്തിന്റെ അകത്തോ അഥവാ പുറത്തോ ആണോ? കാരണം?

(ii) Bയുടെ സ്ഥാനം എവിടെയായിരിക്കും?

(iii) AP, CDക്ക് ലംബവും, CQ, ADയ്ക്ക് ലംബവുമായാൽ ACPQ ചക്രീയമാണെന്ന് തെളിയിക്കുക.




7. 'O' വൃത്തകേന്ദ്രവും A, B, C, D വൃത്തത്തിലെ ബിന്ദുക്കളുമായാൽ താഴെ നൽകിയിരിക്കുന്ന കോണുകൾ കാണുക.

a) $\angle ACB$ b) $\angle CBD$ c) $\angle BCD$ d) $\angle BAC$ e) $\angle DPC$




8. AB, CD എന്നിവ പരസ്പരം ലംബമായ ഞാണുകളാണ്. $\angle C = x^0$ എങ്കിൽ

(a) $\angle B$ =? (b) $\angle D$ =?

(c) ചാപം APDയുടെയും ചാപം BQCയുടെയും കേന്ദ്ര കോണുകളുടെ തുക എന്ത്?

(d) ചാപം APDയുടെ നീളം 3 സെ.മീ., ചാപം BQCയുടെ നീളം 7 സെ.മീ. ആയാൽ വൃത്തത്തിന്റെ ചുറ്റളവ് കാണുക.



## ഉത്തരങ്ങൾ
### വിഭാഗം - A - 2 മാർക്ക്

1, വൃത്തത്തിൽ

2, $\angle B = 90$ വൃത്തത്തിൽ

$\angle D = 45$ വൃത്തത്തിനു വെളിയിൽ

3, $\angle ACB = \frac{1}{2}(110) = 55^0$

$\angle ADB = 180 - 55 = 125^0$

4, $PA \perp PB, AB$ $PAB$ മട്ടത്രികോണം

$AB = \sqrt{3^2 + 4^2} = \sqrt{25} = 5$ ആരം= 25cm

5, $\angle C = 110^0$ (വൃത്തത്തിനുള്ളിലെ കോൺ -ബൃഹത് കോൺ )

## ഉത്തരങ്ങൾ
### Part - B - 3 മാർക്ക്

1,

$\angle EDB = 60^0$ ($120^0$ അനുപൂരക കോൺ)

$\angle ECB = 60^0$

$\angle DBC = 0$

2, (a) $PD = CD - PC = 18 - 16 = 2CM$

$PA \times PB = PC \times PD$

$2PB \times PB = 2X16$

$2PB^2 = 32$

$PB = 14cm$

(b) $PA = 8cm$

3, (1) $AB = AD =$ ആരം, വൃത്തം, D യിലൂടെ കടന്നുപോകും

(2) $\angle A = 60^0$ ചാപത്തിലെ കോൺ = $30^0$

$\angle C + 30 = 150 + 30 = 180^0$ എതിർ കോണുകൾ അനുപൂരകം

C വൃത്തത്തിലെ ബിന്ദു

4, (1) $\angle C = 90^0$

(2) $\angle A + \angle B = 90$

$3\angle B = 90$ $\angle B = 30^0$ $\angle A = 60^0$

5, (1) $AB = \sqrt{6^2 + 8^2} = \sqrt{100} = 10cm$

$\sqrt{6}$




(1) $C = 2\pi r = 10\pi$

(2) $A = \pi r^2 = 25\pi$

6, കേന്ദ്ര കോൺ 45x2, 55x2

90, $110^0$

7, വ്യാസം 5 cm ആയ വൃത്തം വരയ്ക്കുക

സമഭാജി - അതിലെ ഒരു ബിന്ദു 3 - മത്തെ ശീർഷമായി എടുക്കുക




8, രീതി 1 : ഉയരം = $\sqrt{12}$

$\frac{a}{2}\sqrt{3} = 2\sqrt{3}$

$a = 4cm$

വശം = 4 സിഎം. ആയ സമഭുജ ത്രികോണം വരക്കുക

9, $\angle BOP = 80^0$ $[OPB, OP = OB, \angle P = \angle B]$

$\angle OBP = 50$

$\angle OPB = 50$

10, $PC \times PD = PA \times PB$

$= 9 \times 4$

$= 36$

$PC + PD \angle 13$

തുക 13 ൽ കുറവും ഗുണനഫലം 36 ആയ എണ്ണൽ സംഖ്യ ഇല്ല

## <u>ഉത്തരങ്ങൾ - 4 മാർക്ക്</u>

1, Construction

2, 1) $\angle D = 180 - x$

2) $\angle B = x$ $[\angle B + \angle D = 180]$

3) $\angle A = \angle B = x$

$AD = BC$ [സമ പാർശ്വ ലംബകം]

3, 1) $\angle ABC = 100$ $\therefore \angle ADC = 80^0$ (അനുപൂരക കോൺ)

$\angle FDC = 180 - 80 = 100^0$

2) $\angle ABE = 50^0$ ($BE$ സമഭാജി)

$\angle EDA = 130^0$

$\angle ADC = 80^0$ $\angle EDC = 130 - 80 = 50^0$ $\angle FED = 50^0$

$\angle EDC = \angle FDE = 50^0, DE, \angle FDC$

4, 1) $OA = OC$

$\angle OCA = \angle OAC = 30^0$

$\angle AOC = 180 - 60 = 120^0$

2) $\angle ABC = 1/2\,(\angle ADC) = 1/2\,(120) = 60^0$

OB , OC ഇവ വരച്ചു $30^0$ വീതമാണെന്ന് തെളിയിക്കാം

എല്ലാ കോണുകളും $60^0$ വീതം

ABC സമഭുജ ത്രികോണം AB=BC=AC = 5cm

$PD = PC + CD = 12cm$

$PA = r - 3$

$PB = PA + AB = r - 3 + 2r = 3r - 3 = 3(r-1)$

$PC = 6cm$

$PA \times PB = PC \times PD$

$(r-3) \times 3(r-1) = 6 \times 12$

$r^2 - 4r + 3 = 24$

$r^2 - 4r - 21 = 0$

$(r+9)(r-7) = 0$

6,

$PA = 6$

$PB = 6 + 2 = 8cm$

$PQ = r$ $\quad PR = PQ + QR = r + 2r = 3r$

$PA \times PB = PQ \times PR$

$6 \times 8 = r \times 3r$

$3r^2 = 48$

$r^2 = 16$

$\underline{\underline{r = 4cm}}$

$\angle BAC = 20$

$\angle BCD = 140$

$\angle ADC = 90$

$\angle CDM = 20^0$

$\angle BAP = 140^0$

2 Construction

3, Construction

4, a) $PD^2 = PA \times PB$

$PD = \sqrt{8} = 2\sqrt{2}$

b) $3a = 6\sqrt{8} = 12\sqrt{2}$

$a = \frac{12\sqrt{2}}{3} = 4\sqrt{2}$

CD വശമായ സമഭുജത്രികോണം വരക്കുക

5,

a)

$PC = \sqrt{PA \times PB} = \sqrt{6}$

b)

$\triangle ABC = \frac{1}{2} \times AB \times PC = \frac{1}{2} 5\sqrt{6} = \frac{5\sqrt{6}}{2}$

c) നീളം 5 unit വീതി $\sqrt{6}$ unit വരുന്ന ചതുരം വരയ്ക്കുക

6, a) പുറത്തു ന്യൂന കോൺ

b) വൃത്തത്തിൽ

c) $AP \perp CD$ വൃത്തത്തിൽ

$CQ \perp AD$ വൃത്തത്തിൽ

ACPQ ഒരു ചക്രിയ ചതുർഭുജം

7, a) $\angle ACB = 40^0 = \angle ADB$

b) $\angle CBD = 43 = \angle CAD$

c) $\angle BCD = 40 + 60 = 100^0$

d) $\angle BAC = 37$

e) $\angle DPC = 83$

8, a) $\angle C = \angle B = x$

b) $\angle D = 90 - x$

c) $\widehat{APD} + \widehat{BQC} = 2x + 180 - 2x = 180$

d) Perimeter $= 2 \times (3 + 7)$

$= 20cm$

# 3

# സാധ്യതകളുടെ ഗണിതം

## പ്രധാന ആശയങ്ങൾ

- കൃത്യമായി ഫലം കണക്കാക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ അവയുടെ സാധ്യതകളെ സംഖ്യക ളാക്കി ഗണിതപരമായി വിശകലനം ചെയ്യുന്ന ഗണിതശാഖയാണ് സാധ്യതാസിദ്ധാന്തം.
- ആകെ ഫലങ്ങളുടെ എണ്ണത്തിന്റെ എത്രഭാഗമാണ് അനുകൂല ഫലങ്ങളുടെ എണ്ണം എന്നു കണക്കാ ക്കുന്ന ഭിന്നസംഖ്യയാണ് സാധ്യത.
- രണ്ടു പ്രവൃത്തികൾ വെവ്വേറെ ചെയ്യാൻ, അവ ഒരുമിച്ച് ചെയ്യാനുള്ള മാർഗ്ഗങ്ങളുടെ എണ്ണം, അവ യുടെ ഗുണനഫലമാണ്.

## പ്രവർത്തനങ്ങൾ

1. ഒരു പകിട എറിഞ്ഞാൽ അതിന്റെ മുകൾഭാഗത്ത് ഒറ്റസംഖ്യ കിട്ടാനുള്ള സാധ്യത എന്ത്?
2. രണ്ട പകിടകൾ ഒന്നിച്ചുരുട്ടുമ്പോൾ മുകൾഭാഗത്ത് കിട്ടുന്ന സംഖ്യകളുടെ ഗുണനഫലം 6 ആകാനുള്ള സാധ്യത എന്ത്?
3. ഒന്നു മുതൽ 30 വരെയുള്ള സംഖ്യകളിൽ അഭാജ്യസംഖ്യകളാകാനുള്ള സാധ്യത എന്ത്?
4. ചിത്രത്തിൽ വലിയ അർദ്ധവൃത്തത്തിന്റെ പരപ്പളവ് $8\pi \text{ cm}^2$. വലിയ അർദ്ധവൃത്തത്തിന്റെ കേന്ദ്രം O ആണ്.
   a) ചെറിയ അർദ്ധവൃത്തത്തിന്റെ പരപ്പളവ് എന്ത്?
   b) ചിത്രത്തിൽ കണ്ണടച്ചൊരു കുത്തിട്ടാൽ അത് ചെറിയ അർദ്ധവൃത്തത്തിലാകാനുള്ള സാധ്യത എന്ത്?




5. ഒരു പെട്ടിയിൽ കുറെ കറുത്ത പന്തുകളും വെളുത്ത പന്തുകളും ഉണ്ട്. ഇതിൽ നിന്ന് ഒരു പന്തെടുത്താൽ അത് കറുത്തതാകാനുള്ള സാധ്യത 0.2 ആണ്.
   a) കറുത്ത പന്തുകളുടെ എണ്ണം എത്ര?
   b) വെളുത്ത പന്താകാനുള്ള സാധ്യത എന്ത്?
6. 3, 5, 5, 7, 7, 7, 9, 9, 9, 9 എന്നീ സംഖ്യകളിൽ നിന്നും ഒരു സംഖ്യ തെരഞ്ഞെടുത്താൽ ആ സംഖ്യ തന്നിരിക്കുന്ന സംഖ്യകളുടെ മാധ്യം ആകാനുള്ള സാധ്യത എന്ത്?

7. $\Delta$ ABC യുടെ വശങ്ങളുടെ മധ്യബിന്ദുക്കൾ യോജിപ്പിച്ച് ഉണ്ടാക്കിയ ത്രികോണ മാണ് PQR. ചിത്രത്തിൽ നോക്കാതെ ഒരു കുത്തിട്ടാൽ അത് $\Delta$ PQRൽ ആകാനുള്ള സാധ്യത എന്ത്?




8. ചിത്രത്തിൽ 'O' വൃത്തകേന്ദ്രമാണ്. OA, OB ഇവ വ്യാസമായി 2 അർദ്ധവൃത്തങ്ങൾ വരച്ചിരിക്കുന്നു. ചിത്രത്തിൽ നോക്കാതെ ഒരു കുത്തിട്ടാൽ അത് ചെറിയ അർദ്ധവൃത്തങ്ങളിൽ ആകാനുള്ള സാധ്യത എന്ത്?




9. ചിത്രത്തിൽ 2 സമചതുരങ്ങൾ ഉണ്ട്. ചെറിയ സമചതുരത്തിൽ ഒരു കുത്തിടാനുള്ള സാധ്യത 1/8 ആണ്.

(a) ചെറിയ സമചതുരത്തിന് വെളിയിൽ വരാനുള്ള സാധ്യത എന്ത്?

(b) വലിയ സമചതുരത്തിന്റെ പരപ്പളവ് $16 cm^2$ ആയാൽ ചെറിയ സമചതുരത്തിന്റെ പരപ്പളവ് എത്ര?



10. ഒരു പെട്ടിയിൽ 5 കറുത്ത മുത്തുകളും 12 വെളുത്ത മുത്തുകളും ഉണ്ട്.

(a) പെട്ടിയിലേക്ക് നോക്കാതെ ഒരു മുത്ത് എടുക്കുകയാണെങ്കിൽ അത് കറുത്തമുത്താകാനുള്ള സാധ്യത എത്ര?

(b) പെട്ടിയിലേക്ക് ഒരു കറുത്ത മുത്ത് കൂടി ഇട്ടശേഷം പെട്ടിയിലേക്ക് നോക്കാതെ ഒരു മുത്തെടുത്താൽ അത് കറുത്തതാകാനുള്ള സാധ്യത എത്ര?

11. അക്കങ്ങൾ രണ്ടും 1, 2, 3, 4, 5 ഇവയിൽ ഏതെങ്കിലുമായ രണ്ടക്ക സംഖ്യകളിൽ ഒരെണ്ണമെടുത്താൽ

(a) രണ്ടക്കങ്ങളും തുല്യമാകാനുള്ള സാധ്യത എന്താണ്?

(b) 11-ന്റെ ഗുണിതമാകാനുള്ള സാധ്യത എന്താണ്?

(b) അക്കങ്ങളുടെ തുക 8 ആകാനുള്ള സാധ്യത എന്താണ്?

12. (a) ഒന്നാമത്തെ ചിത്രത്തിൽ $\Delta$ ABC സമഭുജത്രികോണമാണ്. ഇതിന്റെ മൂലകളിലൂടെ എതിർവശത്തിന് സമാന്തര വരകൾ വരച്ച് PQR എന്ന ചെറിയ സമഭുജത്രികോണം ഉണ്ടാക്കിയിരിക്കുന്നു. ഇതിൽ കണ്ണടച്ച് ഒരു കുത്തിട്ടാൽ അത് ചെറിയ സമഭുജത്രികോണത്തിൽ ആകാനുള്ള സാധ്യത എന്താണ്?




(b) ഒന്നാമത്തെ ചിത്രത്തിൽ P, Qഎന്നിവയിൽ നിന്ന് BCയിലേക്ക് ലംബം വരച്ച് PQST എന്ന സമചതുരം ഉണ്ടാക്കിയതാണ് രണ്ടാമത്തെ ചിത്രം. ഇതിൽ കണ്ണടച്ചൊരു കുത്തിട്ടാൽ അത് സമചതുരത്തിനകത്താകാനുള്ള സാധ്യത എന്താണ്?



13. ഒരു സഞ്ചിയിൽ കുറെ ചുവപ്പും പച്ചയും പന്തുകളുണ്ട്. ഈ സഞ്ചിയിൽ നിന്ന്, നോക്കാതെ ഒരു പന്തെടുത്താൽ അത് പച്ചയാകാനുളഅള സാധ്യത 3/8 ആണ്.

a) സഞ്ചിയിൽ ആകെ 24 പന്തുകളുണ്ടെങ്കിൽ പച്ച പന്തുകളുടെ എണ്ണം എത്ര?

b) ചുവന്ന പന്താകാനുള്ള സാധ്യത എന്ത്?

c) ഒരു പച്ച പന്തുകൂടി ഇട്ടതിനുശേഷം ഒരെണ്ണമെടുത്താൽ പച്ചയാകാനുള്ള സാധ്യത എന്ത്?

14. ഒരു പെട്ടിയിൽ നീല പന്തുകളും കറുത്ത പന്തുകളുമായി 13 പന്തുകളുണ്ട്.

a) ഇതിൽ നിന്ന് ഒരു പന്തെടുത്താൽ നീലയാകാനുള്ള സാധ്യത 5/13 ആയാൽ നീല പന്തുകളുടെ എണ്ണം എത്ര?

b) കറുത്ത പന്തുകളുടെ എണ്ണം എത്ര?

c) ഈ പെട്ടിയിൽ നിന്ന് ഒരു നീല പന്തെടുത്ത് മാറ്റിയാൽ നീലയാകാനുള്ള സാധ്യത എന്ത്?

15. രണ്ടു പെട്ടികളിൽ 1 മുതൽ 10 വരെ സംഖ്യകളെഴുതിയ 10 കടലാസ് കഷണങ്ങൾ വീതം ഇട്ടിരിക്കുന്നു. രണ്ട് പെട്ടിയിൽ നിന്നും ഓരോ കടലാസ് കഷണങ്ങൾ വീതം നോക്കാതെ എടുക്കുന്നു.

a) ആകെ സാധ്യത എത്ര?

b) കിട്ടുന്ന രണ്ട് സംഖ്യകളും പൂർണ്ണവർഗ്ഗമാകാനുള്ള സാധ്യത എന്ത്?

c) കിട്ടുന്ന രണ്ട് സംഖ്യകളുടെ തുക 110 ആകാനുള്ള സാധ്യത

16. ഒരു ബാഗിൽ 5 കറുത്ത മുത്തുകളും 7 വെളുത്ത മുത്തുകളും 4 നീല മുത്തുകളും ഉണ്ട്. റാണി ഈ ബാഗിൽ നിന്നും നോക്കാതെ ഒരു മുത്തെടുക്കുന്നു.

a) എങ്കിൽ അതൊരു കറുത്ത മുത്താവാനുള്ള സാധ്യത എന്ത്?

b) കറുത്ത മുത്താകാതിരിക്കാനുള്ള സാധ്യത എന്ത്?

c) ആ ബാഗിൽ നിന്നും ഒരു മുത്ത് നഷ്ടപ്പെട്ടപ്പോൾ കറുത്ത മുത്തെടുക്കാനുള്ള സാധ്യത 1/3 ആകുന്നു. വെളുത്ത മുത്തിന്റെ സാധ്യത 2/5. നഷ്ടപ്പെട്ട മുത്തിന്റെ നിറം ഏതാണ്.

17. ഒരു പെട്ടിയിൽ 10 ഇരട്ടസംഖ്യകളും 15 ഒറ്റസംഖ്യകളും ഓരോ കടലാസ്സിൽ എഴുതിവച്ചിട്ടുണ്ട്. രണ്ടാമത്തെ പെട്ടിയിൽ 20 ഇരട്ടസംഖ്യകളും 30 ഒറ്റസംഖ്യകളും എഴുതിയ കടലാസുകളും ഇട്ടിട്ടുണ്ട്.

a) ഓരോ പെട്ടിയിൽ നിന്നും ഓരോ കടലാസ് വീതം എടുത്താൽ അത് രണ്ടും ഒറ്റസംഖ്യയാകാനുള്ള സാധ്യത എന്ത്?

b) രണ്ടും ഇരട്ടസംഖ്യകളാകാനുള്ള സാധ്യത എന്ത്?

c) ഇതിൽ ഒരെണ്ണമെങ്കിലും ഒറ്റസംഖ്യയാകാനുള്ള സാധ്യത എന്താണ്?

18. ഒരു വൃത്തത്തിൽ പരമാവധി വലിയ ഒരു സമഭുജത്രികോണം വരച്ചിരിക്കുന്നു. വൃത്തത്തിന്റെ ആരം r ആയാൽ



a) ത്രികോണത്തിന്റെ ഒരു വശം എത്ര?

b) ചിത്രത്തിലേക്ക് നോക്കാതെ ഒരു കുത്തിട്ടാൽ കുത്ത് ത്രികോണത്തിനകത്താകാനുള്ള സാധ്യത എന്ത്?

c) ത്രികോണത്തിന് വെളിയിലാകാനുള്ള സാധ്യത എന്ത്?

19. ഒരു സഞ്ചിയിൽ 12 നീല പന്തും 10 മഞ്ഞ പന്തുമുണ്ട്. മറ്റൊരു സഞ്ചിയിൽ 15 നീല പന്തും 7 മഞ്ഞ പന്തുമുണ്ട്.

a) ആദ്യത്തെ സഞ്ചിയിൽ നിന്നും ഒരു പന്തെടുത്താൽ അത് നീല പന്താകാനുള്ള സാധ്യത എന്താണ്?

b) രണ്ടാമത്തെ സഞ്ചിയിൽ നിന്ന് എടുത്താൽ അത് നീല പന്താകാനുള്ള സാധ്യത എന്താണ്?

c) രണ്ട് സഞ്ചിയിലേയും പന്തുകൾ ഒരു സഞ്ചിയിലാക്കി അതിൽ നിന്നൊരു പന്തെടുത്താൽ അത് നീലയാകാനുള്ള സാധ്യത എന്താണ്?

20. മൂന്ന് നാണയങ്ങൾ എറിഞ്ഞാൽ
    a) എല്ലാം ഹെഡ് ആകാനുള്ള സാധ്യത എന്താണ്?
    b) 2 ഹെഡ് വരാനുള്ള സാധ്യത എന്താണ്?
    c) ഒരു ഹെഡ് എങ്കിലും വരാനുള്ള സാധ്യത എന്താണ്?

21. ഒരു സഞ്ചിയിൽ 8 ചുവപ്പും കുറെ പച്ചയും പന്തുകളുണ്ട്. ഈ സഞ്ചിയിൽ നിന്ന് നോക്കാതെ ഒരു പന്തെടുത്താൽ അത് ചുവന്നതാകാനുള്ള സാധ്യത 1/8 ആണ്.
    a) സഞ്ചിയിൽ 8 ചുവന്ന പന്തുകളുണ്ടെങ്കിൽ ആകെ പന്തുകളുടെ എണ്ണമെത്ര?
    b) പച്ചയാകാനുള്ള സാധ്യത എത്രയാണ്?
    c) ചുവന്ന പന്ത് കിട്ടാനുള്ള സാധ്യത 1/4 ആയാൽ ആകെ പന്തുകളുടെ എണ്ണമെത്ര?
    d) ചുവന്ന പന്ത് കിട്ടാനുള്ള സാധ്യത $\frac{a}{b}$ ആയാൽ ആകെ പന്തുകളുടെ എണ്ണമെത്ര?

22. ഒരു ചെപ്പിൽ 30 മുത്തുകളുണ്ട്. ഇതിൽ വെളുത്ത മുത്തുകളുടെ എണ്ണം $x$ ആണ്.
    a) ഇതിൽനിന്നും ഒരു മുത്തെടുത്താൽ അത് വെളുത്തതാകാനുള്ള സാധ്യത എത്ര?
    b) 10 വെളുത്ത മുത്തുകൾ കൂടി ചെപ്പിലിട്ടാൽ വെളുത്ത മുത്ത് കിട്ടാനുള്ള സാധ്യത എത്ര?
    c) ആദ്യം കിട്ടിയ സാധ്യതയുടെ 2 മടങ്ങാണ് രണ്ടാമത്തെ സാധ്യതയെങ്കിൽ എത്ര വെളുത്ത മുത്തുകൾ ചെപ്പിൽ ഉണ്ടായിരുന്നു?

23. 1 മുതൽ 6 വരെയുള്ള സംഖ്യകൾ ഉള്ള രണ്ട് പകിടകൾ ഒന്നിച്ചുരുട്ടുന്നു. കിട്ടുന്ന സംഖ്യകളെ ജോടിയായി എഴുതുന്നു.
    a) ആകെ സാധ്യമാകുന്ന ജോടികൾ എത്രയാണ്?
    b) ജോടിയിലെ രണ്ടുസംഖ്യകളും തുല്യമാകാനുള്ള സാധ്യത എന്താണ്?
    c) ജോടിയിലെ ഒരു സംഖ്യ മറ്റേ സംഖ്യയെക്കാൾ വലുതാകാനുള്ള സാധ്യത എന്താണ്?
    d) ജോടിയുടെ തുക 7 ആകാനുള്ള സാധ്യത എന്താണ്?

24. ചിത്രത്തിൽ വലിയ വൃത്തത്തിന്റെ വ്യാസമാണ് AB. AB = 20 cm. ഈ വ്യാസത്തിൽ കേന്ദ്രങ്ങളുള്ള തുല്യമായ രണ്ട് ചെറുവൃത്തങ്ങൾ വരച്ചിരിക്കുന്നു. എങ്കിൽ




    a) വലിയ വൃത്തത്തിന്റെ പരപ്പളവ് എത്ര?
    b) ചെറിയ വൃത്തത്തിന്റെ പരപ്പളവ് എത്ര?
    c) ഇതിൽ നോക്കാതെ ഒരു കുത്തിട്ടാൽ അത് ചെറുവൃത്തങ്ങളിൽ ആകാനുള്ള സാധ്യത എന്താണ്?
    d) ചെറുവൃത്തങ്ങൾക്ക് പുറത്താകാനുള്ള സാധ്യത എന്താണ്?

25. ചിത്രത്തിൽ ABCD ഒരു സമചതുരമാണ്. BC, CD ഇവയുടെ മധ്യബിന്ദുക്കളാണ് P, Q ഇവ. സമചതുരത്തിനകത്തുള്ള ത്രികോണമാണ് APQ. ഇത് ഷേഡ് ചെയ്തിട്ടുണ്ട്. സമചതുരത്തിന്റെ ഒരു വശം 2a ആയാൽ




    a) സമചതുരത്തിന്റെ പരപ്പളവ് എന്ത്?
    b) ഷേഡ് ചെയ്യാത്ത ത്രികോണങ്ങളുടെ പരപ്പളവുകൾ കാണുക?
    c) Δ APQവിന്റെ പരപ്പളവ് കാണുക?
    d) ചിത്രത്തിൽ നോക്കാതെ ഒരു കുത്തിട്ടാൽ അത് Δ APQവിൽ വരാനുള്ള സാധ്യത എന്താണ്?

26. ഒരു ക്ലാസ്സിൽ 20 ആൺകുട്ടികളും 25 പെൺകുട്ടികളുമുണ്ട്. മറ്റൊരു ക്ലാസ്സിൽ 22 ആൺകുട്ടികളും 23 പെൺകുട്ടികളുമാണുള്ളത്. ഓരോ ക്ലാസ്സിൽനിന്നും ഓരോ കുട്ടിയെ വീതം എടുത്ത് ഒരു ടീം ഉണ്ടാക്കിയാൽ
   a) രണ്ടും ആൺകുട്ടികളാകാനുള്ള സാധ്യത എത്ര?
   b) ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും ആകാനുള്ള സാധ്യത എത്ര?
   c) ഒരു പെൺകുട്ടിയെങ്കിലും ഉണ്ടാകാനുള്ള സാധ്യത എത്ര?
   d) ഒരു ആൺകുട്ടിയെങ്കിലും ഉണ്ടാകാനുള്ള സാധ്യത എത്ര?

27. 50 വരെയുള്ള ഒറ്റ സംഖ്യകൾ മാത്രം എഴുതിയ കടലാസ് കഷണങ്ങൾ ഒരു പെട്ടിയിൽ ഇട്ടിരിക്കുന്നു. 50 വരെയുള്ള ഇരട്ടസംഖ്യകൾ മാത്രം എഴുതിയ കടലാസ് കഷണങ്ങൾ മറ്റൊരു പെട്ടിയിൽ ഇട്ടിരിക്കുന്നു. പെട്ടികളിലേക്ക് നോക്കാതെ രണ്ട് പെട്ടികളിൽ നിന്നും ഓരോ കടലാസ് കഷണങ്ങൾ എടുക്കുന്നു. കിട്ടുന്ന സംഖ്യകൾ ജോടിയായി എഴുതുന്നു. എങ്കിൽ
   a) ആകെ സാധ്യമായ ജോടികൾ എത്ര?
   b) രണ്ട് സംഖ്യകളും പൂർണവർഗ്ഗമാകാനുള്ള സാധ്യത എത്ര?
   c) രണ്ട് സംഖ്യകളും അഭാജ്യസംഖ്യകളാകാനുള്ള സാധ്യത എത്ര?
   d) രണ്ട് സംഖ്യകളും 5-ന്റെ ഗുണിതമാകാനുള്ള സാധ്യത എത്ര?

28. a) 4, 6, 9 എന്നീ സംഖ്യകൾ ഉപയോഗിച്ച് അക്കങ്ങൾ ആവർത്തിക്കാതെ എത്ര 3 അക്ക സംഖ്യകൾ എഴുതാം?
   b) ഈ 3 അക്ക സംഖ്യകളിൽ ഒരെണ്ണം എടുത്താൽ അത് ഒറ്റസംഖ്യയാകാനുള്ള സാധ്യത എത്ര?
   c) ഈ 3 അക്ക സംഖ്യകളിൽ ഒരെണ്ണം എടുത്താൽ അത് ഇരട്ടസംഖ്യയാകാനുള്ള സാധ്യത എത്ര?
   d) അക്കങ്ങളുടെ തുക 19 ആകാനുള്ള സാധ്യത എത്ര?

29. ഒരു പെട്ടിയിൽ കുറെ പച്ച പന്തുകളും നീല പന്തുകളുമുണ്ട്. 5 ചുവന്ന പന്തുകൾ കൂടി പെട്ടിയിൽ ഇട്ടതിനുശേഷം അതിൽനിന്ന് ഒരെണ്ണം എടുത്താൽ അത് ചുവന്നതാകാനുള്ള സാധ്യത 5/22 ആണ്. നീലയാകാനുള്ള സാധ്യത 1/2 ആണ്.
   a) പെട്ടിയിൽ ഇപ്പോൾ ആകെ എത്ര പന്തുകളുണ്ട്?
   b) നീല പന്തുകളുടെ എണ്ണം എത്ര?
   c) പച്ച പന്ത് കിട്ടാനുള്ള സാധ്യത എന്ത്?
   d) ചുവന്ന പന്തോ നീല പന്തോ കിട്ടാനുള്ള സാധ്യത എത്ര?

30. ചിത്രത്തിൽ 'O' കേന്ദ്രമായ വൃത്തത്തെ 3 ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ഒന്നാമത്തെ വൃത്തഭാഗത്തിന്റെ കേന്ദ്രകോൺ $80^\circ$ ആണ്. ഇതിലേക്ക് നോക്കാതെ ഒരു കുത്തിട്ടാൽ ആ കുത്ത്
   a) ഒന്നാമത്തെ ഭാഗത്തിൽ വരാനുള്ള സാധ്യത എത്ര?
   b) രണ്ടാമത്തെ വൃത്തഭാഗത്തിൽ വരാനുള്ള സാധ്യത 1/3 ആയാൽ കേന്ദ്രകോൺ എത്ര?
   c) മൂന്നാമത്തെ വൃത്താംശത്തിന്റെ കേന്ദ്രകോൺ എത്ര?
   d) മൂന്നാമത്തെ വൃത്തഭാഗത്ത് വരാനുള്ള സാധ്യത എത്ര?



## Answers

1, ആകെ സംഖ്യകൾ =6

ഒറ്റ സംഖ്യകളുടെ എണ്ണം =3

സാധ്യത $\frac{1}{4}=\frac{3}{6}=\frac{1}{2}$

2, ആകെ ജോഡികൾ = 6 x 6

= 36

ഗുണനഫലം 6 വരുന്ന ജോഡികൾ (1, 6), (6,1), (2,3), (3,2)

ഗുണനഫലം 6 വരുന്ന ജോഡികളുടെ എണ്ണം=4

സാധ്യത $=\frac{4}{36}=\frac{1}{9}$

3, ആകെ സംഖ്യകൾ = 30

അഭാജ്യസംഖ്യകൾ 2, 3, 5, 7, 11, 17, 19, 23, 29

അഭാജ്യസംഖ്യകളുടെ എണ്ണം 10

സാധ്യത $=\frac{10}{30}=\frac{1}{3}$

4, ചെറിയ അർദ്ധവൃത്തത്തിന്റെ പരപ്പളവ് വലിയ അർദ്ധവൃത്തത്തിന്റെ പരപ്പളവിന്റെ $\frac{1}{4}$ ആണ്

$$8\pi \times \frac{1}{4} = \underline{\underline{2\pi}}$$

b) $\frac{2\pi}{8\pi}=\frac{1}{4}$

5, കറുത്തതാകാനുള്ള സാധ്യത = 0.2 = $\frac{2}{10}$

a) കറുത്ത പന്തുകളുടെ എണ്ണം = 2

b) വെളുത്ത പന്തുകളുടെ എണ്ണം = 10-2=8

6,

$$\frac{3+5+5+7+7+7+9+9+9+9}{10}$$

$$\frac{70}{10}=7$$

7 എന്ന സംഖ്യ 3 പ്രാവശ്യം ഉണ്ട്

മാധ്യം ആകുവാനുള്ള സാധ്യത = $\frac{3}{10}$

7, 4 തുല്യ ത്രികോണങ്ങൾ ഉണ്ട്

സാധ്യത = $\frac{1}{4}$

8. വൃത്തത്തിന്റെ ആരം $= r$

പരപ്പളവ് $= \pi r^2$

അർദ്ധവൃത്തത്തി $= \frac{r}{2}$

പരപ്പളവ് $= \frac{\pi r^2}{4} \times \frac{1}{2}$

$$= \frac{\pi r^2}{8}$$

2 അർദ്ധവൃത്തങ്ങളുടെ $= 2 \times \frac{\pi r^2}{8} = \frac{\pi r^2}{4}$

സാധ്യത $= \frac{\pi r^2}{4} \div \pi r^2$

$$= \frac{\pi r^2}{4} \times \frac{1}{\pi r^2}$$

$$= \frac{1}{4}$$

9, a) $1 - \frac{1}{8} = \frac{7}{8}$

b) $16 \times \frac{1}{8} = 2$

10, ആകെ സാധ്യത = 5 + 12

= 17

a) സാധ്യത $= \frac{5}{17}$

b) സാധ്യത $= \frac{5+1}{17+1} = \frac{6}{18} = \frac{1}{3}$

11, ആകെ രണ്ടക്ക സംഖ്യകൾ = 25

a) രണ്ടക്കങ്ങളും തുല്യമായവ 11, 22, 33, 44, 55

സാധ്യത $= \frac{5}{25} = \frac{1}{5}$

b. സാധ്യത $= \frac{1}{5}$

c) സാധ്യത $= \frac{3}{25}$

12, ആകെ ചെറുസമഭുജ ത്രികോണങ്ങളുടെ എണ്ണം = 4

സാധ്യത $= \frac{1}{4}$

b) ചെറിയ മട്ടത്രികോണങ്ങളാക്കിയാൽ അകെ 8 എണ്ണം

സമചതുരങ്ങളിൽ 4 എണ്ണം

സാധ്യത $= \frac{4}{8} = \frac{1}{2}$

13, a) $24 \times \frac{3}{8} = \underline{\underline{9}}$

b) ചുവന്ന പന്തുകളുടെ എണ്ണം = 24 - 9

$= \underline{\underline{15}}$

സാധ്യത $= \frac{15}{24} = \frac{5}{8}$

OR

$\underline{\underline{= 1 - \frac{3}{8} = \frac{5}{8}}}$

c) ഒരു പച്ച പന്തു കൂടി ഇട്ടാൽ ആകെ എണ്ണം = 25

പച്ച പന്തുകൾ = 9 + 1 = 10

സാധ്യത $= \frac{10}{25}$

$= \frac{2}{5}$

14, a) 5

b) 8

c) $= \frac{4}{12} = \frac{1}{3}$

15. a) ആകെ ജോഡികൾ = 10 x 10

= 100

പൂർണ്ണ വർഗ്ഗങ്ങൾ ആകുന്ന ജോഡികൾ (1,1), (4,4), (9,9), (1,4),(4,1),(4,9),
(9,4),(1,9),(9,1)

സാധ്യത $= \frac{9}{100}$

c) $\frac{10}{100} = \frac{1}{10}$

16.

| |
|---|
| 5 B |
| 7 W |
| 4 B |
| Total 16 |

a) $\frac{5}{16}$

b) $\frac{11}{16}$

c, ഒരു മുത്ത് നഷ്ടപ്പെട്ടാൽ ആകെ എണ്ണം = 15

കറുത്ത മുത്താകാൻ സാധ്യത $= \frac{1}{3}$

കറുത്ത മുത്തിന്റെ എണ്ണം $= \frac{9}{25} \quad = 15 \times \frac{1}{3} = 5$

വെളുത്ത മുത്തിന്റെ സാധ്യത $= \frac{2}{5}$

വെളുത്ത മുത്തിന്റെ എണ്ണം $= 15 \times \frac{2}{5} = 6$

നഷ്ടപ്പെട്ട മുത്ത് വെളുത്തതാണ്.

17.

| | |
|---|---|
| 10 Even<br>15 Odd | 20 Even<br>30 Odd |
| Total 25 | Total 50 |

ആകെ ജോഡികൾ = 25 x 50

= 1250

a) രണ്ടും ഒറ്റസംഖ്യകളാകുന്ന ജോഡികൾ = 15 x 30

= 450

സാധ്യത $= \frac{450}{1250}$

$= \frac{9}{25}$

b) രണ്ടും ഇരട്ട സംഖ്യകളാകുന്ന ജോഡികൾ = 10 x 20

= 200

സാധ്യത $= \frac{200}{1250}$

$= \frac{A}{25}$

ഒരെണ്ണമെങ്കിലും ഒറ്റസംഖ്യയാകുന്ന ജോഡികൾ = 1250-200

= 1050

$= \frac{1050}{1250} = \frac{21}{25}$

18, a) $\Delta ODC$ യിലെ കോണുകൾ 30, 60, 90

$DC = \sqrt{3} \cdot r$

ത്രികോണത്തിന്റെ ഒരു വശം $= 2\sqrt{3}\, r/_2$

$= \sqrt{3} \cdot r$




b) ത്രികോണ പരപ്പളവ് $= \frac{\sqrt{3} \times (\sqrt{3}r)^2}{4}$

$= \frac{3\sqrt{3}r^2}{4}$

വൃത്ത പരപ്പളവ് $= \pi r^2$

സാധ്യത $= \frac{3\sqrt{3}r^2/_4}{\pi r^2}$

$= \frac{3\sqrt{3}/_4}{\pi} = \frac{3}{4}\sqrt{3} \times \frac{1}{\pi}$

$= \frac{3\sqrt{3}}{4\pi}$

c) $1 - \frac{3\sqrt{3}}{4\pi}$

$= \frac{4\pi - 3\sqrt{3}}{4\pi}$

19, a) ആദ്യ സഞ്ചിയിലെ ആകെ പന്തുകൾ = 12 + 10

= 22

നീല പന്തുകൾ = 12

സാധ്യത $= \frac{12}{22} = \frac{6}{11}$

b) രണ്ടാമത്തെ സഞ്ചിയിലെ ആകെ പന്തുകൾ = 15 + 7

= 22

നീല പന്തുകൾ = 15

സാധ്യത $= \frac{15}{22}$

c) രണ്ടു സഞ്ചിയിലെയും പന്തുകൾ ഒന്നിലാക്കിയാൽ

ആകെ പന്തുകൾ = 44

നീല പന്തുകൾ = 12 + 15

= 27

സാധ്യത $= \frac{27}{44}$

20, ആകെ സാദ്ധ്യതകൾ (H,H,H) (H,H,T) (H,T,H) (T,H,H) (H,T,T) (T,H,T) (T,T,H) (T,T,T)

ആകെ എണ്ണം = 8

a) $= \frac{1}{8}$

b) $= \frac{3}{8}$

c) $= \frac{7}{8}$

21, a) ചുവന്നതാകാനുള്ള സാധ്യത $= \frac{1}{8}$

ചുവന്ന പന്തുകളുടെ എണ്ണം = 8

ആകെ പന്തുകൾ $= 8 \times \frac{8}{1} = 64$

b) പച്ച പന്തുകളുടെ എണ്ണം = 64 - 8

= 56

സാധ്യത $= \frac{56}{64}$

$= \frac{7}{8}$

c) ചുവന്നതാകാനുള്ള സാധ്യത $= \frac{1}{4}$

ആകെ പന്തുകൾ $= 8 \times \frac{4}{1}$ = 32

d) ചുവന്നതാകാനുള്ള സാധ്യത $= \frac{a}{b}$

ആകെ പന്തുകൾ $= 8 \times \frac{b}{a}$

22, a) $\frac{x}{30}$

b) $\frac{x+10}{40}$

c) $2 \times \frac{x}{30} = \frac{x+10}{40}$

$80x = 30x + 300$

$50x = 300$

$x = 6$

23, a) ആകെ ജോഡികൾ = 6 x 6 = 36

b) രണ്ടു സംഖ്യകളും തുല്യമാകുന്ന ജോഡികളുടെ എണ്ണം = 6

സാധ്യത $= \frac{6}{36} = \frac{1}{6}$

c) $\frac{5}{6}$

d) $\frac{6}{36} = \frac{1}{6}$

24, a) $\pi \times 10^2 = 100\pi$

b) $\pi \times 5^2 = 25\pi$

c) $\frac{50\pi}{100\pi} = \frac{1}{2}$

d) $\frac{1}{2}$

25, a) $2a \times 2a = 4a^2$

b) $\frac{1}{2} \times 2a \times a + \frac{1}{2} 2a \times a + \frac{1}{2} a \times a = a^2 + a^2 + \frac{a^2}{2} = \frac{5a^2}{2}$

c) $4a^2 - \frac{5a^2}{2} = \frac{3a^2}{2}$

d) $\frac{\frac{3a^2}{2}}{4a^2} = \frac{3a^2}{2} \times \frac{1}{4a^2} = \frac{3}{8}$

26,

| | |
|---|---|
| 20B 25G | 22B 23G |
| അകെ 45 | അകെ 45 |

a) അകെ ജോഡികൾ = 45 x 45 = 2025

രണ്ടും പെൺകുട്ടികളാകുന്ന ജോഡികൾ = 20 x 22

$$\text{സാധ്യത} = \frac{440}{2025} = \frac{88}{405}$$

b) രണ്ടും പെൺകുട്ടികളാകുന്ന ജോഡികൾ = 25 x 23 = 575

ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും ആകുന്ന ജോഡികൾ = 2025 – (575+440)
= 2025 – 1015
= 1010

$$\text{സാധ്യത} = \frac{1010}{2025} = \frac{202}{405}$$

c, ഒരു പെൺകുട്ടിയെങ്കിലും ഉണ്ടാകുന്ന ജോഡികൾ = 2025 – 575
= 1450

$$\text{സാധ്യത} = \frac{1450}{2025}$$

$$= \frac{58}{81}$$

d, ഒരു ആൺകുട്ടിയെങ്കിലും ഉണ്ടാകുന്ന ജോഡികൾ = 2025 – 440

= 1585

$$\text{സാധ്യത} = \frac{1585}{2025}$$

$$= \frac{317}{405}$$

27, a) ആകെ സാധ്യമായ ജോഡികൾ = 25 x 25

= 625

c) പൂർണ്ണ വർഗ്ഗമാകുന്ന ജോഡികൾ = 4 x 3 = 12

$$\text{സാധ്യത} = \frac{12}{625}$$

d) അഭാജ്യ സംഖ്യകൾ 2,3,5,7,11,13,17,19,23,29,37,41,43,47

ഒറ്റ അഭാജ്യസംഖ്യകളുടെ എണ്ണം = 14
ഇരട്ട അഭാജ്യസംഖ്യകളുടെ എണ്ണം = 1

$$\text{സാധ്യത} = \frac{14}{625}$$

രണ്ടു സംഖ്യകളും 5ന്റെ ഗുണിതമാകുന്ന ജോഡികൾ = 5 x 4 = 20

$$\text{സാധ്യത} = \frac{20}{625}$$

$$= \frac{4}{125}$$

28, a) 6

b) $=\frac{2}{6}=\frac{1}{3}$

c) $=\frac{4}{6}=\frac{2}{3}$

d) $=\frac{6}{6}=1$

29, a) ആകെ പന്തുകൾ = 22

b) നീലയാകാനുള്ള സാധ്യത $=\frac{1}{2}$

b) നീല പന്തുകളുടെ എണ്ണം $=22\times\frac{1}{2}$

$\underline{\underline{=11}}$

c) പച്ച പന്തുകളുടെ എണ്ണം $=22-(11+5)$

= 22 – 16

$=\underline{\underline{6}}$

സാധ്യത $=\frac{6}{22}$

d) സാധ്യത $=\frac{16}{22}$

30, a) $\frac{80}{360}=\frac{2}{9}$

b) $360\times\frac{1}{3}=120^0$

# 4

# രണ്ടാംകൃതി സമവാക്യങ്ങൾ

## പ്രധാന ആശയങ്ങൾ

1. പൊതുരൂപം : $ax^2+bx+c=0, \ a \neq 0$
2. $x^2 + bx$ എന്നതിനെ പൂർണ്ണവർഗ്ഗമാക്കാൻ $(b/2)^2$ കൂട്ടണം
3. $ax^2+bx+c=0$ എന്നതിന്റെ പരിഹാരങ്ങൾ

$$x = \frac{-b \pm \sqrt{b^2 - 4ac}}{2a}$$

4. $b^2-4ac$ : +ve ആയാൽ രണ്ട് വ്യത്യസ്ത പരിഹാരങ്ങൾ
   : -ve ആയാൽ പരിഹാരങ്ങൾ ഇല്ല
   : 0 ആയാൽ ഒരു പരിഹാരം

## PART - A (2 Marks)

1. $x^2+kx+k=0$ എന്ന സമവാക്യത്തിന് ഒരു പരിഹാരം മാത്രമേയുള്ളുവെങ്കിൽ Kയുടെ വില എന്ത്?
2. ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം (3n+1) ആണ്. ഈ ശ്രേണിയിലെ എത്രാം പദത്തിന്റെ വർഗ്ഗമാണ് 100?
3. ഒരു സമചതുരത്തിന്റെ വശങ്ങൾ എല്ലാം 2സെ.മീ വീതം കൂട്ടിയപ്പോൾ അതിന്റെ പരപ്പളവ് 400 ച: സെ.മീ ആയി.
   (i) ആദ്യ സമചതുരത്തിന്റെ വശം x ആയാൽ രണ്ടാം സമചതുരത്തിന്റെ വശം എത്ര? (x ഉൾപ്പെടത്തക്കവിധം എഴുതുക)?
   (ii) രണ്ടാം കൃതി സമവാക്യം രൂപീകരിച്ച് സമചതുരത്തിന്റെ വശം കണ്ടുപിടിക്കുക?
4. അടുത്തടുത്ത രണ്ട് ഇരട്ടസംഖ്യകളുടെ ഗുണനഫലം 120 ആണ്.
   (i) ഒരു സംഖ്യ x ആയാൽ മറ്റേ സംഖ്യ ഏത്?
   (ii) രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് സംഖ്യകൾ രണ്ടും കാണുക?
5. ഒരു സമാന്തരശ്രേണിയിലെ ആദ്യത്ത കുറേ പദങ്ങളുടെ തുകയുടെ ബീജഗണിത രൂപം $(n^2+4n)$ ആണ്. ഈ ശ്രേണിയിലെ ആദ്യത്തെ എത്രപദങ്ങൾ കൂട്ടിയാൽ 60 കിട്ടും.
6. ഒരു ചതുരത്തിന്റെ നീളം വീതിയേക്കാൾ 6 സെ.മീ കൂടുതലായാൽ
   (i) വീതി x ആയാൽ നീളം എത്ര?
   (ii) ഈ ചതുരത്തിന്റെ പരപ്പളവ് 160 ച:സെ.മീ ആയാൽ നീളവും വീതിയും കാണുക.
7. (i) $x^2+10x$ നോട് ഏതു സംഖ്യ കൂട്ടിയാൽ അത് ഒരു പൂർണ്ണവർഗ്ഗമാകും.
   (ii) $x^2+px+25$ എന്നത് ഒരു പൂർണ്ണ വർഗ്ഗമാകണമെങ്കിൽ P യുടെ വില എന്തായിരിക്കണം.
8. ഒരു ചതുരത്തിന്റെ ചുറ്റളവ് 72 സെ.മീ ആണ്
   (i) അതിന്റെ നീളം, വീതി ഇവയുടെ തുകയെത്ര?

(ii) നീളം 18+x ആയാൽ വീതി എത്ര?

## PART - B (3 Marks)

1. 24cm നീളമുള്ള ഒരു കമ്പിവളച്ച് 10 സെ.മീ കർണം ഉള്ള ഒരു മട്ടത്രികോണമുണ്ടാക്കുന്നു.
   (i) അതിന്റെ പാദം x ആയാൽ ലംബം എത്ര?
   (ii) പാദം, ലംബം, കർണ്ണം ഇവ തമ്മിലുള്ള ബന്ധം എന്ത്?
   (iii) ഒരു രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് പാദം, ലംബം ഇവയുടെ നീളം കാണുക.
2. 6,8,10.... എന്ന സമാന്തര ശ്രേണി പരിഗണിക്കുക
   (i) പൊതു വ്യത്യാസം എത്ര?
   (ii) ഈ ശ്രേണിയുടെ ആദ്യത്തെ n പദങ്ങളുടെ തുക എന്ത്?
   (iii) ആദ്യത്തെ എത്രപദങ്ങളുടെ തുകയാണ് 150?
3. ചിത്രത്തിൽ കാണിച്ചിരിക്കുന്ന സമപാർശ്വത്രികോണത്തിന്റെ പാദം ഉയരത്തിന്റെ രണ്ട് മടങ്ങിനേക്കാൾ 4 കൂടുതലാണ്. കൂടാതെ പരപ്പളവ് 48 ച:സെ.മീ
   (i) ഉയരം x ആയാൽ പാദം എത്ര?
   (ii) പരപ്പളവിന്റെ ബീജഗണിത രൂപം എഴുതുക
   (iii) ഒരു രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് ത്രികോണത്തിന്റെ പാദം കാണുക.



4. പൊതു വ്യത്യാസം 4 ആയ ഒരു സമാന്തര ശ്രേണിയിലെ പദങ്ങൾ എല്ലാം എണ്ണൽ സംഖ്യകളാണ്.
   (i) ഈ ശ്രേണിയിലെ ഒരു പദം x ആയാൽ അടുത്ത പദം ഏത്?
   (ii) ഈ പദങ്ങളുടെ ഗുണനഫലം എഴുതുക.
   (iii) ഈ ശ്രേണിയിലെ അടുത്തടുത്ത രണ്ട് പദങ്ങളുടെ ഗുണനഫലം 96 ആയാൽ പദങ്ങൾ കാണുക.
5. ചിത്രത്തിൽ AB, CD എന്നീ ഞാണുകൾ P യിൽ കൂട്ടിമുട്ടുന്നു. AB = 22cm, CD=20cm, PA:PB = 3:8
   (i) PA, PB ഇവയുടെ നീളം കാണുക?
   (ii) PC=x ആയാൽ PD എത്ര?
   (iii) PC, PD ഇവയുടെ നീളം കാണുക.




6. ചിത്രത്തിൽ PQ അർധവൃത്തത്തിന്റെ വ്യാസം ആണ് RS ⊥ PQ. QSന്റെ നീളത്തേക്കാൾ 12 സെ.മീ കൂടുതലാണ് PS ന്റെ നീളം
   (i) QS ന്റെ നീളം x ആയാൽ PS ന്റെ നീളം എത്ര?
   (ii) PS, QS, RS ഇവയുടെ നീളങ്ങൾ തമ്മിലുള്ള ബന്ധം എന്ത്?
   (iii) RS=8cm ആയാൽ അർധവൃത്തത്തിന്റെ വ്യാസം കാണുക?



7. ചിത്രത്തിലെ സമചതുരത്തിന്റെ ഒരു ജോഡി എതിർവശങ്ങൾ 4 സെ.മീ. വീതം നീട്ടിയപ്പോൾ കിട്ടിയ ചതുരത്തിന്റെ പരപ്പളവ് 396 $cm^2$ ആണ്.




(i) സമചതുരത്തിന്റെ വശം x ആയാൽ ചതുരത്തിന്റെ നീളം, വീതി ഇവ എത്ര?

(ii) ഒരു രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് സമചതുരത്തിന്റെ വശത്തിന്റെ നീളം കാണുക.

## PART - C (4 Marks)

1. ഒരു ചതുരത്തിന്റെ നീളം വീതിയേക്കാൾ 6 സെ.മീ കൂടുതലാണ് അതിന്റെ പരപ്പളവ് 1216 $cm^2$ ആണ്.
   (i) വീതി x ആയാൽ നീളം എത്ര?
   (ii) പരപ്പളവിന്റെ ബീജഗണിത രൂപം കാണുക.
   (iii) ഒരു രണ്ടാകൃതി സമവാക്യം രൂപീകരിച്ച് നീളവും വീതിയും കാണുക.
2. ഒരു വൃത്തത്തിന്റെ കേന്ദ്രത്തിൽ നിന്ന് ബാഹ്യ ബിന്ദുവിലേക്കുള്ള അകലം ആരത്തിന്റെ 3 മടങ്ങിനെക്കാൾ 1സെ.മീ കൂടുതലാണ് ബാഹ്യബിന്ദുവിൽ നിന്നുള്ള തൊടുവരയുടെ നീളം, കേന്ദ്രവും ബാഹ്യബിന്ദുവും തമ്മിലുള്ള അറ്റത്തേക്കാൾ 2 സെ.മീ കുറവാണ്.
   (i) ആരം ആയാൽ r കേന്ദ്രത്തിൽനിന്ന് ബാഹ്യബിന്ദുവിലേക്കുള്ള അകലം എത്ര?
   (ii) തൊടുവരയുടെ നീളം എത്ര?
   (iii) ആരം, ബാഹ്യബിന്ദുവിലേക്കുള്ള അകലം, തൊടുവരയുടെ നീളം ഇവ തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്ന ബീജഗണിത രൂപം എഴുതുക.
   (iv) വൃത്തത്തിന്റെ ആരം കാണുക.
3. പരപ്പളവുകൾ തുല്യമായ രണ്ട് ചതുരങ്ങളുടെ ചുറ്റളവുകൾ 42 സെ.മീ, 36 സെ.മീ വീതമാണ്. ഒന്നാമത്തെ ചതുരത്തിന്റെ നീളം 16 സെ.മീ ആയാൽ
   (i) ഒന്നാമത്തെ ചതുരത്തിന്റെ വീതിയെത്ര?
   (ii) ഒന്നാമത്തെ ചതുരത്തിന്റെ പരപ്പളവ് എത്ര?
   (iii) രണ്ടാമത്തെ ചതുരത്തിന്റെ നീളം x ആയാൽ വീതി എത്ര?
   (iv) രണ്ടാമത്തെ ചതുരത്തിന്റെ നീളവും വീതിയും കാണുക..
4. ചിത്രത്തിൽ ഒരു സമചതുരവും, രണ്ട് ചതുരങ്ങളും ഉണ്ട്. ഈ രൂപത്തിന്റെ ആകെ പരപ്പളവ് 72 $cm^2$
   (i) ഈ രൂപം സമചതുരമാകുന്നതിന് ചേർത്ത് വെക്കേണ്ടുന്ന രൂപം ഏത്?
   (ii) തന്നിരിക്കുന്ന സമചതുരത്തിന്റെ വശം x ആയാൽ പുതിയ സമചതുരത്തിന്റെ വശം എത്ര?
   (iii) പുതിയ സമചതുരത്തിന്റെ വശങ്ങളുടെ നീളം കാണുക?



## PART - D (5 Marks)

1. രണ്ട് സമചതുരങ്ങളുടെ പരപ്പളവുകളുടെ തുക 544 $cm^2$ അവയുടെ ചുറ്റളവുകൾ തമ്മിലുള്ള വ്യത്യാസം 32 സെ.മീ.

   (i) ഒന്നാമത്തെ സമചതുരത്തിന്റെ ചുറ്റളവ് x ആയാൽ രണ്ടാമത്തെ സമചതുരത്തിന്റെ ചുറ്റളവ് എത്ര?

   (ii) രണ്ട് സമചതുരങ്ങളുടെയും വശങ്ങളുടെ നീളം x ഉൾപ്പെടത്തക്കവിധം എഴുതുക?

   (iii) പരപ്പളവുകളുടെ തുകയെ സൂചിപ്പിക്കുന്ന ഒരു രണ്ടാം കൃതി സമവാക്യം രൂപീകരിച്ച് രണ്ട് സമചതുരങ്ങളുടെയും വശങ്ങളുടെ നീളം കാണുക.

2. ചതുരാകൃതിയായ ഒരു കളിസ്ഥലത്തിന്റെ നീളം 80 മീറ്റർ വീതി 70 മീറ്റർ. ഇതിനു ചുറ്റും നിശ്ചിത വീതിയിൽ ഒരു പാതയുണ്ട്. പാതയുടെ മാത്രം പരപ്പളവ് 1600 ച:മീ ആണ്.

   (i) പാതയുടെ വീതി x ആയാൽ പാതയുൾപ്പടെയുള്ള സ്ഥലത്തിന്റെ നീളം, വീതി ഇവ എത്ര?

   (ii) കളിസ്ഥലത്തിന്റെ പരപ്പളവ് എത്ര?

   (iii) പാതയുൾപ്പെടെയുള്ള കളിസ്ഥലത്തിന്റെ പരപ്പളവ് എത്ര?

   (iv) പാതയുടെ പരപ്പളവിനെ സൂചിപ്പിക്കുന്ന ബീജഗണിത വാചകം എഴുതുക.

   (v) രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് പാതയുടെ വീതി കാണുക.

3. ഒരു രണ്ടാംകൃതി സമവാക്യം പകർത്തിയെഴുതിയപ്പോൾ x ഇല്ലാത്ത പദം 36നു പകരം 56 എന്നെഴുതി അതിന്റെ പരിഹാരങ്ങൾ 7, 8 ഇവയാണെന്ന് കണ്ടുപിടിച്ചു. ശരിയായ സമവാക്യത്തിന്റെ പരിഹാരങ്ങൾ ഏതെല്ലാം.

**PART – A (2 MARKS)**

1, $x^2+kx+k=0$

$b^2-4ac=0$

$k^2-4k=0$

$k(k-4)=0$

$k-4=0$

$\underline{\underline{k=4}}$

2, 2 പദത്തിന്റെ വർഗ്ഗം $=100$

$\therefore (3n+1)^2=100$

$3n+1=\sqrt{100}$

$3n+1=10$

$en=10-1=9$

$n=\frac{9}{3}=3$

3, രണ്ടാമത്തെ സമചതുരത്തിന്റെ വശം $=x+2$

$\therefore$ പരപ്പളവ് $=(x+2)^2$

$\therefore (x+2)^2=400$

$x+2=\sqrt{400}=20$

$x=20-2=\underline{\underline{8}}$

4, ആദ്യ സംഖ്യ $x$ എന്നെടുത്താൽ രണ്ടാം സംഖ്യ $=x+2$

$\therefore\ x\ (x+2)=120$

$x^2+2x=120$

$x^2+2x+1^2=120+1^2$

$(x+1)^2=121$

$x+1=\sqrt{121}=\pm 11$

| | |
|---|---|
| $x+1=11$ | $x+1=^{-}11$ |
| $x=11-1$ | $x=-11-1$ |
| $\underline{\underline{x=10}}$ | $\underline{\underline{x=-12}}$ |

സംഖ്യകൾ: 10, 12 OR -12, -10

5, $n^2+4n=60$

$n^2+4n+2^2=60+2^2$

$(n+2)^2=64$

$n+2=\sqrt{64}=\pm 8$

$n+2=8$

$n=8-2$

$\underline{\underline{n=6}}$

6, വീതി= $x$ നീളം = $x+6$

$\therefore$ പരപ്പളവ് $=x(x+6)$

$\underline{\underline{=x^2+6x}}$

$\therefore x^2+6x=160$

$x^2+6x+3^2=160+3^2$

$(x+3)^2=169$

$x+3=\sqrt{169}=\pm 13$

| | |
|---|---|
| $x+3=13$ | $x+3=-13$ |
| $x=13-3$ | $x=-13-3$ |
| $\underline{\underline{x=10}}$ | $\underline{\underline{x=-16}}$ |

$\therefore$ നീളം = 10+6 = <u>16cm</u>

വീതി= <u>10cm</u>

7, (i) കൂട്ടേണ്ട സംഖ്യ $=(\frac{10}{22})^2=5^2=\underline{\underline{25}}$

(ii) $P=2\sqrt{25}=2\times 5=10$

8, ചുറ്റളവ് $= 2(\ell + b)$

$\therefore 2(\ell + b) = 72$

(i) $\ell + b = \frac{72}{2} = \underline{\underline{36}}$

(ii) നീളം $18 + x$ ആയതിനാൽ

വീതി = $\underline{\underline{18 - x}}$

**PART – B (3 MARKS)**

1, ത്രികോണത്തിന്റെ ചുറ്റളവ് = പാദം+ലംബം+കർണ്ണം =24

കർണ്ണം = 10 cm

(ii) പാദം = $x$ ആയാൽ

$x$ +ലംബം+10 = 24

ലംബം = 24-10 - $x$ = $\underline{14\text{-}x}$

(iii) $x^2 + (14-x)^2 = 10^2$

$x^2 + 14^2 - 2 \times 14 \times x + x^2 = 100$

$2x^2 - 28x + 196 - 100 = 0$

$x^2 - 14x + 48 = 0$

$x^2 - 14x = -48$

$x^2 - 14x + 7^2 = -48 + 7^2$

$(x-7)^2 = 1$

$x - 7 = \pm 1$

$x - 7 = 1$ ആയാൽ

$x = 1 + 7 = \underline{\underline{8}}$

$x - 7 = -1$

$x = -1 + 7 = \underline{\underline{6}}$

പാദം = 6

ലംബം = 14 - 6

= 8

2, (i) $d = 8 - 6 = \underline{\underline{2}}$

(ii) $S_n = \frac{n}{2}(2x_1 + (n-1)d)$

$= \frac{n}{2}(2x6 + (n-1)2)$

$= \frac{n}{2}(12 + 2n - 2)$

$= \frac{n}{2}(2n + 10)$

$= \frac{n}{\cancel{2}} \times \cancel{2}(n+5)$

$= \underline{\underline{n^2 + 5n}}$

(iii) $n^2 + 5n = 150$

$n^2 + 5n + \left(\frac{5}{2}\right)^2 = 150 + \left(\frac{5}{2}\right)^2$

$\left(n + \frac{5}{2}\right)^2 = \frac{625}{4}$

$n + \frac{5}{2} = \frac{25}{2}$

$n = \frac{25}{2} - \frac{5}{2}$

$= 10$

3, (i) പാദം = $2x + 4$

(ii) പരപ്പളവ് $= \frac{1}{2}bh$

$= \frac{1}{2} \times x(2x+4)$

$= \frac{1}{2} \times 2x(x+2)$

$= x^2 + 2x$

(iii) $x^2 + 2x = 48$

$x^2 + 2x + 1^1 = 48 + 1^2$

$(x+1)^2 = 49$

$x + 1 = \sqrt{49} = 7$

$x = 7 - 1$

$x = 6$ പാദം $= 6$ cm

4, (i) ഒരു പദം $= x$ അടുത്ത പദം $= x+4$

(ii) $x(x+4) = x^2 + 4x$

(iii) $x^2 + 4x = 96$

$x^2 + 4x + 2^2 = 96 + 2^2$

$(x+2)^2 = 100$

$x + 2 = \sqrt{100} = \pm 10$

| | |
|---|---|
| $x + 2 = 10$ ആയാൽ | $x + 2 = -10$ ആയാൽ |
| $x = 10 - 2$ | $x = -10 - 2$ |
| $x = 8$ | $x = -12$ |

പദങ്ങൾ 8,2 or -8, -12

5, (i) $PA + PB = AB = 22cm$

$PA : PB = 3 : 8$

$\therefore PA = \frac{3}{11} \times 22 = 6cm$

$PB = \frac{8}{11} \times 22 = 16cm$

(ii) $PC = x$ ആയതിനാൽ

$PD = 20 - x$;

(iii) $PC \times PD = PA \times PB$

$x(20 - x) = 6 \times 16$

$20x - x^2 = 96$

$x^2 - 20x = -96$

$x^2 - 20x + 10^2 = -96 + 10^2$

$(x-10)^2 = 4$

$x - 10 = \sqrt{4} = \pm 2$

| | |
|---|---|
| $x - 10 = 2$ | $x - 10 = -2$ |
| $x = 2 + 10$ | $x = -2 + 10$ |
| $x = 12$ | $x = 8$ |
| $\therefore PC = 8cm$ | $PD = 12cm$ |

6, (i) $QS = x$ എന്നെടുത്താൽ $PS = (x+12)$

(ii) $PS \times QS = RS^2$

(iii) $(x+12)x = 8^2$

$x^2 + 12x = 64$

$x^2 + 12x + 6^2 = 64 + 6^2$

$(x+6)^2 = 64 + 36 = 100$

$x + 6 = \sqrt{100} = 10$

$x = 10 - 6 = \underline{\underline{4}}$

QS = 4 cm

PS = 4 + 12

= 16 cm

PQ = 16 + 4

= 20

വ്യാസം = 20 cm

7, (i) നീളം $x+4$

വീതി $x$

$(x+4)x = 396$

$x^2 + 4x = 396$

$x^2 + 4x + 2^2 = 396 + 2^2$

$(x+2)^2 = 400$

$x + 2 = \sqrt{400} = 20$

$x = 20 - 2 = \underline{\underline{18}}$

വശം = 8 cm

## PART – D (5 MARKS)

1, (i) 1-ാമത്തെ സമചതുരത്തിന്റെ ചുറ്റളവ് $= x$

2-ാമത്തെ സമചതുരത്തിന്റെ ചുറ്റളവ് $= 32 + x$

(ii) 1-ാമത്തെ സമചതുരത്തിന്റെ വശനീളം $= \frac{x}{4}$

2-ാമത്തെ സമചതുരത്തിന്റെ വശനീളം $= \frac{32+x}{4}$

(iii) 1-ാമത്തെ സമചതുരത്തിന്റെ പരപ്പളവ് $= \frac{x^2}{16}$

2-ാമത്തെ സമചതുരത്തിന്റെ പരപ്പളവ് $= \frac{(32+x)^2}{16}$

(iv) $\therefore \frac{x^2}{16} + \frac{(32+x)^2}{16} = 544$

$\frac{x^2 + 32^2 + 2 \times 32 \times x + x^2}{16} = 544$

$2x^2 + 64x + 1024 = 544 \times 16$

$2x^2 + 64x + 1024 = 8704 = 0$

$2x^2 + 64x - 7680 = 0$

$x^2 + 32x + 16^2 = 3840 + 16^2$

$(x+16)^2 = 3840 + 256$

$(x+16)^2 = 4096$

$x + 16 = \sqrt{4096} = 64$

$x = 64 - 16 = 48$

$= \frac{49}{4} = 12cm$

$\frac{48+32}{4} = \frac{80}{4} = \underline{\underline{20cm}}$

$\therefore$ 1 മത്തെ സമചതുരത്തിൻറെ വശനീളം $= \frac{49}{4} = 12cm$

2 മത്തെ സമചതുരത്തിൻറെ വശനീളം $= \frac{48+32}{4} = \frac{80}{4} = \underline{\underline{20cm}}$

2

(i) നീളം = $(80+2x)$

വീതി= $(70+2x)$




(ii) കളിസ്ഥലത്തിൻറെ പരപ്പളവ് = $80 \times 70 = \underline{\underline{5600}}$

$= 5600 + 160x + 140x + 4x^2$

$= 4x^2 + 300x + 5600$

(iii) പാതയുൾപ്പെടെ കളിസ്ഥലത്തിന്റെ പരപ്പളവ് $= (80 + 2x)\ (70 + 2x)$

(iv) പാതയുടെ പരപ്പളവ് $= 4x^2 + 300x + 5600 - 5600$

$= 4x^2 + 300x$

(v) $4x^2 + 300x = 1600$

$x^2 + 75x = 400$

$x^2 + 75x - 400 = 0$

$a = 1, b = 75, c = -400$

$\sqrt{6^2 - 4ac} = \sqrt{75^2 - 4 \times 1 \times \ 400}$

$= \sqrt{5625 + 1600}$

$= \sqrt{7225}$

$= \underline{85}$

$\therefore x = \frac{-b \pm \sqrt{b^2 - 4ac}}{2a} \qquad = \frac{-75+85}{2} = \frac{10}{2} = \underline{\underline{5}}$

പാതയുടെ വീതി $= \underline{\underline{5m}}$

ആദ്യ സമവാക്യം

$ax^2 + bx + 56 = 0$

പരിഹാരങ്ങൾ 7, 8

$\therefore a \times 7^2 + b \times 7 + 56 = 0$

$a \times 49 + 76 + 56 = 0$

$49a + 7b = -56$

$7a + b = -8$ ——— ①

കൂടാതെ, $a \times 8^2 + b \times 8 + 56 = 0$

$a \times 64 + 8b + 56 = 0$

$64a + 8b = -56$

$\therefore 8a + b = \ 7$

$8a + b = \ 7$ ——— ②

$7a + b = {}^{-}8$

$\underline{\underline{a = 1}}$

$7a + b = \ 8$

$7 \times 1 + b = {}^{-}8$

$b = {}^{-}8 - 7$

$\underline{\underline{b = {}^{-}15}}$

$\therefore 2-$ ാം സമവാക്യം

$ax^2 + bx + 36 = 0$

$x^2 - 15x + 36 = 0$

$a = 1, b = {}^{-}15, c = 36$

$\sqrt{b^2 - 4ac} = \sqrt{(1-15)^2 - 4 \times 1 \times 36}$

$= \sqrt{225 - 144}$

$= \sqrt{81} = \underline{\underline{9}}$

$\therefore x = \frac{-b \pm \sqrt{b^2 - 4ac}}{2a}$

$= \frac{-(15) \pm 9}{2 \times 1}$

$= \frac{15+9}{2}, \frac{15-9}{2}$

$= \frac{24}{2}, \frac{6}{2}$

$\therefore \underline{\underline{x = 12, x = 3}}$

**PART – C (4 MARKS)**

1. (i) നീളം $x+6$

(ii) പരപ്പളവ് $(x+6)x$

$= x^2 + 6x$

(iii) $x^2 + 6x = 1216$

$x^2 + 6x + 9 = 1216 + 9$

$(x+3)^2 = 1225$

$x + 3 = \sqrt{1225} = \underline{\underline{35}}$

$x + 3 = 35$

$x = 35 - 3$

$\underline{\underline{x = 32}}$

നീളം = 32+6 = 38cm

വീതി = 32 cm

2 ആരം = r ആയാൽ

അകലം = 3r+1

(i) തൊടുവരയുടെ നീളം = 3r+1-2

= 3r-1

(ii) AOP എന്ന ത്രികോണം പരിഗണിച്ചാൽ




$OA^2 + OP^2 = AP^2$

(iii) $r^2 + (3r-1)^2 = (3r+1)^2$

$r^2 + 9r^2 - 6r + 1 = 9r^2 + 6r + 1$

$r^2 - 12r = 0$

$\therefore r - 12 = 0$

$\underline{\underline{r = 12}}$

3, <u>1-ാം ചതുരം</u>

ചുറ്റളവ് $2(\ell+b)=42$

$\ell+b=\frac{42}{2}=21$

(i) $\ell=16cm$

$\therefore b=21-16=5cm$

(ii) പരപ്പളവ് $=\ell\times b$

$=16\times 5$

$=80cm^2$

<u>2-ാം ചതുരം</u>

പരപ്പളവ് $=80cm^2$

ചുറ്റളവ് $=36$

$\therefore 2(\ell+b)=36$

$\ell+b=\frac{36}{2}$

$\ell+b=18$

നീളം $=x$ ആയാൽ

വീതി $=18-x$

$\therefore$ പരപ്പളവ് $=x(18-x)-80$

$\therefore 18x-x^2=80$

$-x^2+18x=80$

$x^2-18x=-80$

$x^2-18x+9^2=-80+81$

$(x-9)^2=1$

$x-9=\sqrt{1}=\pm 1$

| | |
|---|---|
| $x-9=1$ | $x-9=-1$ |
| $x=1+9=\underline{10}$ | $x=-1+9$ |
| | $\underline{x=8}$ |

**നീളം = 10 സെ.മീ.**
**വീതി = 8 സെ.മീ.**

**4** (i) സമചതുരം ; വശങ്ങളുടെ നീളം = 3cm

(ii) $(x+3)$

(iii) $(x+3)^2 = 72+9$

$(x+3)^2 = 81$

$x+3 = \sqrt{81}$

$x+3 = 9$

$x = 9-3$

$\underline{x = 6}$

$\therefore$ പുതിയ സമചതുരത്തിന്റെ വശനീളം = 6+3=9cm

# 5

# ത്രികോണമിതി

## പ്രധാന ആശയങ്ങൾ

- ഒരു സമപാർശ്വ മട്ടത്രികോണത്തിന്റെ കോണുകൾ $45^0$, $45^0$, $90^0$ആണ്. അതിന്റെ വശങ്ങൾ $1:1:\sqrt{2}$ എന്ന അംശബന്ധത്തിലായിരിക്കും.




- ഒരു സമപാർശ്വ മട്ടത്രികോണത്തിന്റെ പാദവും ലംബവും തുല്യമാണ്. പാദത്തെയോ ലംബ ത്തെയോ $\sqrt{2}$ കൊണ്ട് ഗുണിച്ചാൽ കർണം കിട്ടും.

- $30^0$, $60^0$, $90^0$കോണളവുകളുള്ള ത്രികോണങ്ങളുടെ വശങ്ങൾ $1:\sqrt{3}:2$ എന്ന അംശബന്ധത്തിലാണ്.




കോണുകൾ $30^0$, $60^0$, $90^0$ വീതമായ ത്രികോണത്തിൽ $30^0$ കോണിന്റെ എതിർവശത്തിന്റെ ഇരട്ടിയായിരിക്കും കർണം. കൂടാതെ $30^0$ കോണിന്റെ എതിർവശത്തെ $\sqrt{3}$ കൊണ്ട് ഗുണിച്ചാൽ $60^0$ കോണിന്റെ എതിർവശം കിട്ടും.




- ഒരു മട്ടത്രികോണത്തിലെ ഒരു ന്യൂനകോണിന്റെ എതിർവശം, കർണത്തിന്റെ എത്രഭാഗമാണെന്ന് കാണിക്കുന്ന സംഖ്യയാണ് ആ ന്യൂനകോണിന്റെ എതിർവശം, കർണത്തിന്റെ എത്രഭാഗമാണെന്ന് കാണിക്കുന്ന സംഖ്യയാണ് ആ ന്യൂനകോണിന്റെ Sine

$$\text{ie, Sin A} = \frac{\text{എതിർവശം}}{\text{കർണം}}$$

- ഒരു മട്ടത്രികോണത്തിലെ ഒരു ന്യൂനകോണിന്റെ സമീപവശം, കർണത്തിന്റെ എത്രഭാഗമാണെന്ന് കാണിക്കുന്ന സംഖ്യയാണ് ആ ന്യൂനകോണിന്റെ Cosine

$$\text{ie, Cos A} = \frac{\text{സമീപവശം}}{\text{കർണം}}$$

- ഒരു മട്ടത്രികോണത്തിലെ ഒരു ന്യൂനകോണിന്റെ എതിർവശത്തെ സമീപവശം കൊണ്ട് ഹരിച്ച് കിട്ടുന്ന സംഖ്യയാണ്, ആ ന്യൂനകോണിന്റെ tangent

ie, tan A = $\frac{\text{എതിർവശം}}{\text{സമീപവശം}}$




$$\text{Sin A} = \frac{BC}{AC}$$

$$\text{Cos A} = \frac{AB}{AC}$$

$$\text{tan A} = \frac{BC}{AB}$$

❖

| | $30^0$ | $45^0$ | $60^0$ |
|---|---|---|---|
| Sin | $\frac{1}{2}$ | $\frac{1}{\sqrt{2}}$ | $\frac{\sqrt{3}}{2}$ |
| Cos | $\frac{\sqrt{3}}{2}$ | $\frac{1}{\sqrt{2}}$ | $\frac{1}{2}$ |
| tan | $\frac{1}{\sqrt{3}}$ | 1 | $\sqrt{3}$ |

❖ ഒരു വൃത്തത്തിലെ ഏതു ഞാണിന്റെയും നീളം കേന്ദ്രകോണിന്റെ പകുതിയുടെ സൈനിനെ ആരം കൊണ്ട് ഗുണിച്ചതിന്റെ രണ്ടുമടങ്ങാണ്. ബീജഗണിതം ഉപയോഗിച്ച് പറഞ്ഞാൽ ആരം 'r' ആയ വൃത്തത്തിന്റെ കേന്ദ്രകോൺ $C^0$ ആയാൽ ഞാണിന്റെ നീളം $2r \text{ Sin } \frac{C}{2}$ ആയിരിക്കും.

$$AB = 2r \text{ Sin } \frac{C}{2}$$



❖ ഒരു ത്രികോണത്തിന്റെ വശങ്ങളുടെ നീളം, അതിന്റെ കോണുകളുടെ സൈൻ അളവുകളെ പരിവൃത്ത വ്യാസം കൊണ്ട് ഗുണിച്ചതാണ്. ഏതെങ്കിലും കോൺ മട്ടത്തേക്കാൾ വലുതാണെങ്കിൽ അതിന്റെ അനുപൂരക കോണിന്റെ സൈൻ എടുക്കണം. ഒരു കോൺ മട്ടമാണെങ്കിൽ, അതിന്റെ എതിർവശം പരിവൃത്ത വ്യാസം തന്നെയാണ്.




$AB = 2r \sin C$

$BC = 2r \sin A$

$AC = 2r \sin B$

eg :




$AB = 2r \sin 60 = 2r \times \frac{\sqrt{3}}{2}$

$$AB = \sqrt{3}\, r$$

❖ $\Delta ABC$ യുടെ പരപ്പളവ് $= \frac{1}{2}\, ab \sin C$

$= \frac{1}{2}\, bc \sin C$

$= \frac{1}{2}\, ac \sin B$




വശങ്ങൾ തമ്മിലുള്ള അംശബന്ധം

$a : b : c = \sin A : \sin B : \sin C$

കൂടാതെ $c = AB = 2r \sin C$ എന്നതിൽ നിന്നും

$\frac{c}{\sin C} = 2r$ എന്നെഴുതാം.

അതുപോലെ $\frac{b}{\text{Sin B}} = 2r$

$$\frac{a}{\text{Sin A}} = 2r$$

$$\therefore \boxed{\frac{a}{\text{Sin A}} = \frac{b}{\text{Sin B}} = \frac{c}{\text{Sin C}} = 2r}$$

ഇവിടെ a, b, c എന്നിവ ത്രികോണത്തിന്റെ വശങ്ങളും A, B, C എന്നിവ അവയ്ക്കെതിരെയുള്ള കോണുകളും 2r പരിവൃത്ത വ്യാസവുമാണ്.

- മേൽക്കോൺ, കീഴ്ക്കോൺ






## 2 Mark Questions

1. ചിത്രത്തിൽ $\angle A = 45^0$, AC = 10 cm ആയാൽ
   a. ABയുടെ നീളം കാണുക.
   b. വശങ്ങളുടെ അംശബന്ധം എഴുതുക.




2. ചിത്രത്തിൽ ചതുരം ABCD യുടെ വികർണത്തിന്റെ നീളം 20cm ആണ്. വികർണം ചതുരത്തിന്റെ ഒരു വശവുമായി ഉണ്ടാക്കുന്ന കോൺ $30^0$. എങ്കിൽ ചതുരത്തിന്റെ
   a. നീളം എത്രയാണ്?
   b. വീതി എത്രാണ്?




3. ചിത്രത്തിൽ സാമാന്തരികം PQRS ന്റെ വശങ്ങൾ 10cm ഉം 4 cm ഉം ആണ്. $\angle P = 60^0$ എങ്കിൽ
   a. സാമാന്തരികത്തിന്റെ മുകളിലത്തെയും താഴത്തെയും വശങ്ങൾ തമ്മിലുള്ള ലംബ അകലം കണക്കാക്കുക.
   b. സാമാന്തരികത്തിന്റെ പരപ്പളവ് കണക്കാക്കുക.




4. $\Delta$ ABC ഒരു സമപാർശ്വ ത്രികോണമാണ്. AC = BC = 6cm, $\angle C = 120^0$ എങ്കിൽ
   a. 'C' യിൽ നിന്ന് AB യിലേക്കുള്ള ലംബ ദൂരം കണക്കാക്കുക.
   b. ABയുടെ നീളം കണക്കാക്കുക.



5. ചിത്രത്തിൽ $\angle B = 90^0$, $\angle A = 40^0$ എങ്കിൽ AC = 13cm, BC = 5cm
   a. AB യുടെ നീളം കണക്കാക്കുക.
   b. $\cos 40^0$ കണക്കാക്കുക.




6. ചിത്രത്തിൽ PR = 8 cm, $\angle P = 30^0$ എങ്കിൽ
   a. RS നീളം കാണുക.
   b. PQ = 20 cm ആയാൽ ത്രികോണം PQR ന്റെ പരപ്പളവ് കണക്കാക്കുക.




7. ചിത്രത്തിൽ $\angle AOB = 120^0$. AB = 15 cm
   a. AB യുടെ നീളം ആരത്തിന്റെ എത്ര മടങ്ങായിരിക്കും?
   b. വൃത്തത്തിന്റെ ആരം കണക്കാക്കുക.




8. ചിത്രത്തിൽ $\angle C = 60^0$, AB = 10 cm. വൃത്തത്തിന്റെ ആരം കണക്കാക്കുക.



## 3 Mark Questions

1. ചിത്രത്തിൽ ചതുരം PQRS ന്റെ വികർണത്തിന്റെ നീളം 10 cm ആണ്. വികർണം ചതുരത്തിന്റെ ഒരു വശവുമായി ഉണ്ടാക്കുന്ന കോൺ $30^0$ എങ്കിൽ




   a. ചതുരത്തിന്റെ നീളം കണക്കാക്കുക.
   b. വീതി എത്രയാണ്?
   c. ചതുരത്തിന്റെ പരപ്പളവ് കണക്കാക്കുക.

2. ചിത്രത്തിൽ AC = BC = 5 cm. $\angle C = 120^0$

   a. CD യുടെ നീളം കണക്കാക്കുക.
   b. AB യുടെ നീളം കണക്കാക്കുക.
   c. ത്രികോണം ABCയുടെ പരപ്പളവ് കണക്കാക്കുക.







3. ചിത്രത്തിൽ $\angle B = 90^0$. AC = 25 cm, BC = 20 cm.

   a. AB യുടെ നീളം കണക്കാക്കുക.
   b. Sin A, Cos A ഇവ കണക്കാക്കുക.

4. ചിത്രത്തിൽ $\angle A = 75^0$ .$\angle C = 45^0$ ആയാൽ
   a. $\angle B$ യുടെ അളവെത്ര?
   b. $AB = 4\sqrt{2}$ ആയാൽ വൃത്തത്തിന്റെ വ്യാസം കണക്കാക്കുക.
   c. AC യുടെ നീളം കണക്കാക്കുക.




5. ചിത്രത്തിൽ AD വൃത്തത്തിന്റെ വ്യാസമാണ്. C, D എന്നിവ വൃത്തത്തിലെ ബിന്ദുക്കളാണ്. $\angle C = 30^0$, AB = 6 cm എങ്കിൽ
   a. $\angle D$ = .................
   b. $\angle ABD$ = .............
   c. വൃത്തത്തിന്റെ വ്യാസം കണക്കാക്കുക.




6. ചിത്രത്തിൽ PQ = 10 cm, QR = 8 cm $\angle Q = 120^0$ എങ്കിൽ
   a. R -ൽ നിന്നും PQ വിലേക്കുള്ള ലംബദൂരം കണക്കാക്കുക.
   b. ത്രികോണം PQR ന്റെ പരപ്പളവ് കണക്കാക്കുക.




7. ചിത്രത്തിൽ AB = 12 cm, BC = 9 cm $\angle B = 55^0$ എങ്കിൽ ത്രികോണം ABC -യുടെ പരപ്പളവ് കണക്കാക്കുക.
   ($\sin 55^0 = 0.82$, $\cos 55^0 = 0.57$, $\tan 55^0 = 1.43$)



8. ത്രികോണം ABC യിൽ AB = $3\sqrt{3}$ cm, BC = 3 cm, AC = 6 cm. എങ്കിൽ

a. ത്രികോണത്തിന്റെ വശങ്ങൾ തമ്മിലുള്ള അംശബന്ധം എഴുതുക.

b. ഈ ത്രികോണത്തിലെ ഏറ്റവും ചെറിയ കോൺ ഏത്?

c. ചെറിയ കോണിന്റെ അളവെത്ര?




9. ത്രികോണം PQR ൽ QR = 6 cm ഉം $\angle R = 50^0$ ഉം ആയാൽ
(Sin 50 = 0.76, Cos 50 = 0.64, tan $50^0$ = 1.19)

a. PQ ന്റെ നീളം കണക്കാക്കുക.

b. ത്രികോണം PQRന്റെ പരപ്പളവ് കണക്കാക്കുക.




10. ത്രികോണാകൃതിയിലുള്ള ഒരു ചെമ്പ് തകിടിന്റെ രണ്ട് വശങ്ങൾ 6 cm ഉം 8 cm ഉം ആണ്. അവയ്ക്കിടയിലുള്ള കോൺ $140^0$. എങ്കിൽ തകിടിന്റെ പരപ്പളവ് കണക്കാക്കുക. (Sin $40^0$ = 0.64, Cos 40 = 0.76, tan 40 = 0.84)

## 4 Mark Questions

1. രണ്ട് സമപാർശ്വ ലംബകങ്ങൾ ചിത്രത്തിൽ കാണുന്നതുപോലെ ചേർത്തുവച്ച് ഒരു സമഷഡ്ഭുജം ഉണ്ടാക്കിയിരിക്കുന്നു. ഷഡ്ഭുജത്തിന്റെ വശങ്ങളുടെ നീളം 20 cm ആണ്. എങ്കിൽ

a. BPQC എന്ന ചതുരത്തിന്റെ നീളം കണ്ടുപിടിക്കുക.

b. ചതുരത്തിന്റെ വീതി എഴുതുക.



2. ചിത്രത്തിൽ $\angle B = 90^0$, BC = 8 cm. AB = 6 cm എങ്കിൽ

a. AC യുടെ നീളം കണക്കാക്കുക.

b. $\angle A + \angle C =$ ...........

c. Sin A = Cos C എന്ന് തെളിയിക്കുക.




3. ചിത്രത്തിൽ $\angle B = 90^0$, AB = c, BC = a, CA = b എങ്കിൽ

a. $\angle A + \angle C =$ .................

b. Sin A = Cos C എന്ന് തെളിയിക്കുക.

c. Sin $32^0$ = Cos $x$ എങ്കിൽ '$x$' കണക്കാക്കുക.




4. ചിത്രത്തിൽ AD വൃത്തത്തിന്റെ വ്യാസമാണ്. C, D എന്നിവ വൃത്തത്തിലെ ബിന്ദുക്കളാണ്. $\angle C = 30^0$, AB = 4 cm എങ്കിൽ

a. $\angle D =$ .................

b. $\angle ABD =$ .................

c. വൃത്തത്തിന്റെ വ്യാസം കണക്കാക്കുക.

d. BDയുടെ നീളം കണക്കാക്കുക.




5. ചിത്രത്തിൽ $\angle B = 90^0$, $\angle A = x^0$, $\angle C = y^0$എങ്കിൽ

a. Sin $x$ , Cos $x$ ഇവ കാണുക.

b. $\frac{\text{Sin } x}{\text{Cos } x}$ = tan $x$ എന്ന് തെളിയിക്കുക.

c. Sin $x$ = Cos $x$ ആണെങ്കിൽ '$x$' കണക്കാക്കുക.



6. ഒരു സമഭുജ സാമാന്തരികത്തിന്റെ ഒരു കോൺ $40^0$ ആണ്. വലിയ വികർണം 10 cm ആണ്.

a. രണ്ടാമത്തെ വികർണത്തിന്റെ നീളം കണക്കാക്കുക.

b. സമഭുജ സാമാന്തരികത്തിന്റെ പരപ്പളവ് എത്രയാണ്?

(Sin $20^0 = 0.34$, Cos $20^0 = 0.94$, tan $20^0 = 0.36$)




7. ചിത്രത്തിൽ ത്രികോണത്തിന്റെ ഒരു വശം AB = 5 cm ഉം അതിലെ രണ്ട് കോണുകൾ $40^0$യും $70^0$യും ആണ്.

a. $\angle C$ = ................

b. ത്രികോണത്തിന്റെ മുകളിലത്തെ മൂലയിൽ നിന്നും താഴത്തെ വശത്തേക്കുള്ള ലംബദൂരം കണക്കാക്കുക.

c. ത്രികോണത്തിന്റെ പരപ്പളവ് കണക്കാക്കുക.

(Sin $40^0 = 0.64$, Cos $40^0 = 0.77$, tan $40^0 = 0.84$)




8. ചിത്രത്തിൽ ത്രികോണം ABC യും അതിന്റെ പരിവൃത്തവും തന്നിരിക്കുന്നു. പരിവൃത്ത വ്യാസം 5cm ആണ്. $\angle A = 40^0$, $\angle B = 65^0$ എങ്കിൽ

a. $\angle C$ = ................

b. AB യുടെ നീളം എത്ര?

c. BC യുടെ നീളം എത്ര?

d. AC യുടെ നീളം എത്ര?

(Sin $75^0 = 0.97$, Sin $40^0 = 0.64$, Sin $65^0 = 0.91$)




9. ചിത്രത്തിൽ ABCD ചതുരവും ABP ഒരു സമഭുജ ത്രികോണവും ആണ്. DC യുടെ മധ്യബിന്ദുവാണ് P. DP = 6 cm എങ്കിൽ

a. $\angle DAP$ = ................

b. AD യുടെ നീളം എത്ര?

c. ചതുരത്തിന്റെ പരപ്പളവ് കണക്കാക്കുക.



10. ചിത്രത്തിൽ ABCDE ഒരു സമപഞ്ചഭുജമാണ്. ഇതിന്റെ പരിവൃത്ത ആരം 10 cm.

a. ∠AOB യുടെ അളവ് എത്രയാണ്?

b. ∠OAB യുടെ അളവ് എത്രയാണ്?

c. AB യുടെ നീളം കണക്കാക്കുക.

| കോൺ | Sin | Cos | tan |
|---|---|---|---|
| $54^0$ | 0.81 | 0.59 | 1.38 |
| $36^0$ | 0.59 | 0.81 | 0.72 |




## 5 Mark Questions

1. ചിത്രത്തിൽ ത്രികോണം ABCയിൽ $\angle A = 40^0$, $\angle B = 60^0$, AB = 5 cm എങ്കിൽ

a. ∠C =................

b. പരിവൃത്ത വ്യാസം കണക്കാക്കുക.

c. ACയുടെ നീളം കണക്കാക്കുക.

d. BCയുടെ നീളം കണക്കാക്കുക.

| കോൺ | Sin | Cos | tan |
|---|---|---|---|
| $40^0$ | 0.64 | 0.77 | 0.84 |
| $60^0$ | 0.87 | 0.5 | 1.73 |
| $80^0$ | 0.98 | 0.17 | 5.67 |




2. 25 മീറ്റർ ഉയരമുള്ള ഒരു ടവറിന്റെ മുകളറ്റം ടവറിന്റെ ചുവട്ടിൽ നിന്നും കുറച്ചകലെ നിൽക്കുന്ന ഒരാൾ $30^0$ മേൽക്കോണിൽ കാണുന്നു. ഇതേ സ്ഥാനത്തുനിന്നും ടവറിന്റെ മുകളിൽ സ്ഥാപിച്ചിരിക്കുന്ന കൊടിമരത്തിന്റെ മുകളറ്റം $60^0$ മേൽക്കോണിലാണ് കാണുന്നത്.

a. തന്നിരിക്കുന്ന വിവരങ്ങളനുസരിച്ച് ഒരു ഏകദേശ ചിത്രം വരയ്ക്കുക.

b. അയാൾ ടവറിന്റെ ചുവട്ടിൽ നിന്ന് എത്ര അകലെയാണെന്ന് കണക്കാക്കുക.

c. കൊടിമരത്തിന്റെ ഉയരം കണക്കാക്കുക.

3. ഒരു പുഴയുടെ ഒരു കരയിൽ നിൽക്കുന്ന ഒരു കുട്ടി മറുകരയിൽ നിൽക്കുന്ന ഒരു മരത്തിന്റെ മുകളറ്റം $60^0$ മേൽക്കോണിൽ കാണുന്നു. 30 മീറ്റർ പിറകോട്ടു മാറി നോക്കിയപ്പോൾ മരത്തിന്റെ മുകളറ്റം $45^0$ മേൽക്കോണിലാണ് കാണുന്നത്.

a. ഒരു ഏകദേശ ചിത്രം വരയ്ക്കുക.

b. മരത്തിന്റെ ഉയരം കണക്കാക്കുക.

c. പുഴയുടെ വീതി കണക്കാക്കുക.

4. നന്ദുവും ജിത്തുവും ഒരു ഗോപുരത്തിന്റെ ഇരുവശങ്ങളിലായാണ് നിൽക്കുന്നത്. കുട്ടികളും ഗോപുരവും ഒരേ വരയിലുമാണ്. നന്ദു ഗോപുരത്തിന്റെ മുകളറ്റം $45^0$ മേൽക്കോണിലും ജിത്തു $60^0$മേൽക്കോണിലും കാണുന്നു. കുട്ടികൾ തമ്മിലുള്ള അകലം 50 മീറ്ററാണ്.

a. തന്നിരിക്കുന്ന വിവരങ്ങൾക്കനുസരിച്ച് ഒരു ഏകദേശ ചിത്രം വരയ്ക്കുക.

b. ഗോപുരത്തിന്റെ ഉയരം കണക്കാക്കുക.

c. കുട്ടികൾ ഗോപുരത്തിൽ നിന്നും എത്ര അകലത്തിലാണ്?

5. ഒരു ലൈറ്റ്ഹൗസിന്റെ മുകളിൽ നിൽക്കുന്ന ഒരാൾ കരയിലേക്ക് അടുക്കുന്ന ഒരു കപ്പലിനെ $27^0$ കീഴ്ക്കോണിൽ കാണുന്നു. കപ്പൽ കരയിലേക്ക് 50 m കൂടി സഞ്ചരിച്ചതിനുശേഷം അയാൾ കപ്പലിനെ $31^0$ കീഴ്ക്കോണിൽ കാണുന്നു. ആളിന്റെ ഉയരം 1.5 m. കപ്പൽ അവിടെ നിർത്തിയിടുന്നുവെങ്കിൽ

a. ഒരു ഏകദേശ ചിത്രം വരയ്ക്കുക.

b. ലൈറ്റ്ഹൗസിൽ നിന്നും എത്ര അകലെയാണ് ഇപ്പോൾ കപ്പൽ എന്ന് കണക്കാക്കുക.

c. ലൈറ്റ്ഹൗസിന്റെ ഉയരം കണക്കാക്കുക.

($\tan 27^0 = 0.5$, $\tan 31^0 = 0.6$)

6. നിരപ്പായ തറയിൽ കുത്തനെ നിൽക്കുന്ന രണ്ട് കെട്ടിടങ്ങൾ തമ്മിൽ 30 മീറ്റർ അകലമുണ്ട്. ചെറിയ കെട്ടിടത്തിന്റെ മുകളിൽനിന്ന് ഒരു കുട്ടി വലിയ കെട്ടിടത്തിന്റെ ചുവട്ടിലേക്ക് $60^0$ കീഴ്ക്കോണിലും വലിയ കെട്ടിടത്തിന്റെ മുകൾഭാഗം $30^0$ മേൽക്കോണിലും കാണുന്നു.

a. ഒരു ഏകദേശ ചിത്രം വരയ്ക്കുക.

b. കെട്ടിടങ്ങളുടെ ഉയരം കണക്കാക്കുക.

7. ചിത്രത്തിൽ $\angle A = 82^0$, $\angle B = 49^0$, BC = 4 cm

a. ത്രികോണത്തിന്റെ പരിവൃത്ത ആരം കണ്ടുപിടിക്കുക.

b. AC യുടെ നീളം കണക്കാക്കുക.

c. $\angle C$ = ...........

d. ത്രികോണം ABC യുടെ ചുറ്റളവ് കണക്കാക്കുക.

($\sin 82^0 = 0.99$, $\cos 82^0 = 0.14$

$\sin 49^0 = 0.75$, $\sin 49^0 = 0.66$)




8. ചിത്രത്തിൽ 'O' വൃത്തകേന്ദ്രവും OA = 6 cm ആരവുമാണ്. $\angle AOC = 50^0$. AD വരച്ചിരിക്കുന്നത് OCക്ക് ലംബമായാണ്. DC = 8 cm എങ്കിൽ,

a. AD യുടെ നീളം കണക്കാക്കുക.

b. OD യുടെ നീളം കണക്കാക്കുക.

c. OC യുടെ നീളം എഴുതുക.

d. സാമാന്തരികം OCBA യുടെ പരപ്പളവ് കാണുക.

e. ത്രികോണം OADയുടെ ചുറ്റളവ് കാണുക.

($\sin 50^0 = 0.77$, $\cos 50^0 = 0.64$, $\tan 50^0 = 1.19$)



## 6 Mark Questions

1. ചുവടെ കൊടുത്തിരിക്കുന്ന ഗണിത ആശയം വായിച്ചു മനസ്സിലാക്കി തുടർന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

മട്ടത്രികോണം ABC പരിഗണിക്കുക. AB = c, BC = a, AC = b എന്നിരിക്കട്ടെ. അപ്പോൾ




$\text{Sin } A = \frac{a}{b}$, $\text{Cos } A = \frac{c}{b}$

$\tan A = \frac{a}{c}$ എന്ന് കിട്ടും.

ഇവിടെ Sin A യുടെ വ്യുൽക്രമത്തിനെ Cosec A എന്ന് പറയാം.

ie, $\text{Cosec } A = \frac{1}{\text{Sin } A}$

അതായത് $\text{Cosec } A = \frac{b}{a}$

അതുപോലെ Sec A എന്നത് Cos Aയുടേയും Cot Aഎന്നത് tan Aയുടേയും വ്യുൽക്രമം ആണ്.

അപ്പോൾ $\text{Sec } A = \frac{b}{c}$, $\text{Cot } A = \frac{c}{a}$ എന്നും എഴുതാം.

a. $\text{Sin } A = \frac{1}{2}$ ആണെങ്കിൽ Cosec A എത്രയാണ്?

b. $\text{Cos } A = \frac{2}{3}$ ആണെങ്കിൽ Sec A എത്രയാണ്?

c. $\tan A = \frac{3}{4}$ ആണെങ്കിൽ Cot A എത്രയാണ്?

d. ചിത്രത്തിൽ $\text{Sin } A = \frac{a}{b}$, $\text{Cos } A = \frac{c}{b}$ എങ്കിൽ $\text{Sin}^2 A + \text{Cos}^2 A = 1$ എന്ന് തെളിയിക്കുക.

e. $\text{Sin } A = \frac{a}{b}$, $\text{Cos } A = \frac{c}{b}$, $\tan A = \frac{a}{c}$ എങ്കിൽ

$\frac{\text{Sin } A}{\text{Cos } A} = \tan A$ എന്ന് തെളിയിക്കുക.

## 5- ത്രികോണമിതി

**ANSWERS – 2 MARKS**

1, a) $AB = BC = \frac{10}{\sqrt{2}}$

b) $AB:BC:AC = \frac{10}{\sqrt{2}}:\frac{10}{\sqrt{2}}:10$

$\underline{1:1:\sqrt{2}}$

2, a) നീളം $AB = 10\sqrt{3}cm$

b) വീതി $BC = 10cm$

3, a) $ST = 2\sqrt{3}$

b) $PQ = 10$

$30^0 \quad 60^0 \quad 90^0$

$2 \quad 2\sqrt{3} \quad 4$

സമാന്തരികത്തിന്റെ പരപ്പളവ് $10 \times 2\sqrt{3}$

$= 20\sqrt{3}cm^2$




4, a) $CD = 3cm$

b) $AD = 3\sqrt{3}$

$AB = 6\sqrt{3}cm$




5, a) $AB = \sqrt{13^2 - 5^2} = \sqrt{144} = 12cm$

b) $\cos 40^0 = \frac{12}{13}$

6, a) $RS = 4cm$

$30^0 60^0 90^0$

$1:\sqrt{3}:2$

b) $PQ = 20cm$

$\triangle PQR$ ന്റെ പരപ്പളവ് $= \frac{1}{2} \times 20 \times 4$

$= 40cm^2$

7, a) $\sqrt{3}r = 15$

$r = \frac{15}{\sqrt{3}}$

b) $AB$ യുടെ നീളം ആരത്തിന്റെ $\sqrt{3}$ മടങ്ങാണ്

8, $\frac{10}{\sin 60} = 2r$

$\frac{10}{(\sqrt{3}/_2)} = 2r$

ആരം $2r = \frac{20}{\sqrt{3}}$

$r = \frac{10}{\sqrt{3}}$

## 3 MARKS

1, a) നീളം= $5\sqrt{3}cm$

b) വീതി = $5cm$

c) ചതുരത്തിന്റെ പരപ്പളവ് $5\sqrt{3}\times 5 = 25\sqrt{3}cm^2$

2, See Qn.No. 4 - 2 marks

3, a) $AB = \sqrt{625-400} = \sqrt{225} = 15cm$

b) $\sin A = \frac{20}{25} = \frac{4}{5}$

$\cos A = \frac{15}{25} = \frac{3}{5}$

4, a) $\angle B = 180 - 120 = 60^0$

b) $AB = 4\sqrt{2}$

$\frac{4\sqrt{2}}{\sin 45} = 2R$

$\frac{4\sqrt{2}}{\frac{1}{\sqrt{2}}} = 2R$

$4\times 2 = 2R$

വ്യാസം $\underline{\underline{=8cm}}$

c) $\frac{AC}{\sin 60^0} = 8$

$AC = 8\times\frac{\sqrt{3}}{2} = \underline{\underline{4\sqrt{3}}}$

5, a) $\angle D = 30^0$

b) $\angle ABD = 90^0$

c) $\frac{6}{\sin 30^0} = 2R$

വ്യാസം $2R = 6\times 2 = \underline{\underline{12cm}}$

6, a) $RS = 4\sqrt{3}$

ത്രികോണം PQR ന്റെ പരപ്പളവ് $\frac{1}{2}\times 10\times 4\sqrt{3}$

$\underline{\underline{= 20\sqrt{3}cm^2}}$



7) ത്രികോണം ABC യുടെ പരപ്പളവ്

$$= \frac{1}{2} \times 12 \times 9 \sin 55^0$$
$$= 6 \times 9 \times 0.82$$
$$= 54 \times 0.82$$
$$= 44.28 cm^2$$

8, a) AB:BC:CA $= 3\sqrt{3} : 3 : 6$

$= \sqrt{3} : 1 : 2$

b) ചെറിയ കോൺ $\angle A$

c) $\angle A = 30^0$

9, a) $PQ = QR \times \tan 50^0$

$= 6 \times 1.19 = 7.14 cm.$

b) $\triangle PQR$ ന്റെ പരപ്പളവ് $= \frac{1}{2} \times 6 \times 7.14$

$= 3 \times 7.14 = 21.42 cm^2$

10, തകിടിന്റെ പരപ്പളവ് $= \frac{1}{2} \times 6 \times 8 \sin(180 - 140)$

$$= 3 \times 8 \sin 40^0$$
$$= 24 \times 0.64$$
$$= 15.36 cm^2$$

## 4 – MARKS




1, $\triangle CFD$ $30^0, 60^0, 90^0$ കോണുകളോടുകൂടിയ ത്രികോണമാണെന്ന് തിരിച്ചറിയുന്നു

a) ചതുരത്തിന്റെ നീളം $= 2 \times 10\sqrt{3}$

$= 20\sqrt{3}$

b) ചതുരത്തിന്റെ വീതി = 20cm

2, a) $AC = 10cm$

b) $\angle A + \angle C = 90^0$

c) $\sin A = \frac{8}{10} = \frac{4}{5}$

$\cos C = \frac{8}{10} = \frac{4}{5}$

$\sin A = \cos C$

3, a) $\angle A + \angle C = 90^0$

b) $\sin A = \frac{a}{b}$

$\cos C = \frac{a}{b}$

$\sin A = \cos C$

c) $\sin 32^0 = \cos x$

$\therefore x = 58^0$

4, a) $\angle D = 30^0$

b) $\angle ABD = 90^0$

c) വ്യാസം $AD = 8cm$

d) $BD = 4\sqrt{3}$

5, a) $\sin x = \frac{BC}{AC}$

$\cos x = \frac{AB}{AC}$

b) $\frac{\sin x}{\cos x} = \left(\frac{AB}{AC}\right) = \frac{BC}{AB} = \tan x$

c) $x = 45^0$

6, a) $\tan 20^0 = \frac{OB}{OA}$




$0.36 = \frac{OB}{5}$ $(\because AC = 10cm)$

$OB = 0.36 \times 5 = \underline{1.8\ cm}$

$\therefore BD = 2 \times 1.8 = \underline{\underline{3.6cm}}$

b) സമഭുജസാമന്തരികത്തിന്റെ പരപ്പളവ് $= \frac{1}{2} \times 10 \times 3.6 = 5 \times 3.6$

$= 18cm^2$

7, a) $\angle C = 70^0$

b) $AB = AC = 5cm$




$\sin 40^0 = \frac{CD}{AC}$

$CD = 5 \times 0.64$

$= 3.2cm$

ത്രികോണത്തിന്റെ പരപ്പളവ് $= \frac{1}{2} \times 5 \times 3.2$

$= 5 \times 1.6 = \underline{\underline{8cm^2}}$

8, a) $\angle C = 75^0$

b) $\frac{AB}{\sin C} = 5$

$\frac{AB}{\sin 75} = 5$

$AB = 5 \times 0.97 = 485cm$

c) $\frac{BC}{\sin 40} = 5$

$BC = 5 \times 0.64 = 3.2cm.$

d) $\frac{AC}{\sin 65} = 5$

$AC = 5 \times 0.91 = 4.55cm$

9, a) $\angle DAP = 30^0$

b) $AD = 6\sqrt{3}$

c) $DC = 12cm$

ചതുരത്തിന്റെ പരപ്പളവ് $= 12 \times 6\sqrt{3}$

$= 72\sqrt{3}cm^2$




10, a) $\angle AOB = \frac{360^0}{5}$

$= 72^0$

b) $\angle OAB = 54^0$




c) $\text{Cos}\, 54 = \frac{AM}{10}$

$0.59 = \frac{AM}{10}$

$AM = 5.9$

$AB = 2 \times 5.9$

$\underline{\underline{= 11.8cm}}$

**5 - MARK**

1, a) $\angle C = 80^0$

b) $\frac{5}{\sin 80} = 2R$

$2R = \frac{5}{0.98} = \frac{500}{98} = 5.1cm$

c) $\frac{AC}{\sin 60} = \frac{AC}{\sqrt{3}/2} = 5.1$ OR $\frac{AC}{0.87} = 5.1$

$AC = 5.1 \times \frac{\sqrt{3}}{2} = 4.44cm.$

d) $\frac{BC}{\sin 40} = 5.1$

$\frac{BC}{0.64} = 5.1$

$BC = 5.1 \times 0.64 = 3.27cm$

2, a)




$\triangle ABC$ യിൽ

$\tan 30^0 = \frac{25}{x}$

$\frac{1}{\sqrt{3}} = \frac{25}{x}$

$x = 25\sqrt{3}$ —— ①

$\triangle ABD$ യിൽ

$\tan 60^0 = \frac{25+h}{x}$

$\sqrt{3} = \frac{25+h}{x}$

b) $25 + h = x\sqrt{3}$ —— ②

$25 + h = 25\sqrt{3} \times \sqrt{3}$

$25 + h = 25 \times 3 = 75$

$\therefore h = 75 - 25 = 50m$

ടവറിൽ നിന്നുമുള്ള അകലം $25\sqrt{3}$

$= 43.25m.$

b) കൊടിമരത്തിന്റെ ഉയരം $= 50m.$

3, a) ത്രികോണം BCD യിൽ

$$\tan 60^0 = \frac{h}{x}$$

$$\sqrt{3} = \frac{h}{x}$$

$$h = x\sqrt{3} \quad \text{———} ①$$




ത്രികോണം ACD യിൽ

$$\tan 45^0 = \frac{DC}{AC}$$

$$1 = \frac{h}{30+x}$$

$$h = 30 + x \quad \text{———} ②$$

① ഉം ② ഉം പരിഗണിച്ചാൽ

$$x\sqrt{3} = 30 + x$$

$$1.73x - x = 30$$

$$0.73x = 30$$

$$x = \frac{30}{0.73} = \frac{3000}{73} = \underline{\underline{41.1m.}}$$

$$h = x + 30$$

$$= 41.1 + 30 = 71.1m.$$

b) മരത്തിന്റെ ഉയരം = <u>71.1m</u>

c) പുഴയുടെ വീതി = 41.1m

4, ത്രികോണം ABD യിൽ

$$\tan 60^0 = \frac{h}{x}$$

$$\sqrt{3} = \frac{h}{x}$$

$$h = x\sqrt{3} \quad \text{————} ①$$




$\Delta BCD$ യിൽ

$$\tan 45^0 = \frac{h}{50-x}$$

$$1 = \frac{h}{50-x}$$

$$h = 50 - x \quad \text{————} ②$$

$$x\sqrt{3} = 50 - x$$

$$x\sqrt{3} + x = 50$$

$$1.73x + x = 50$$

$$2.73x = 50$$

$$x = \frac{50}{2.73} = \frac{5000}{273} = 18.31m$$

$$h = 50 - 18.31$$

$$= 31.69m$$

b) ഗോപുരത്തിന്റെ ഉയരം = 31.69m

c) കുട്ടികൾ ഗോപുരത്തിൽനിന്നും 18.3m. ഉം 31.7m. ഉം അകലങ്ങളിലാണ്

5,




ത്രികോണം ABC യിൽ

$$\tan 31^0 = \frac{h+1.5}{x}$$

$$0.6 = \frac{h+1.5}{x}$$

$$h + 1.5 = 0.6x$$

$$h = 0.6x - 1.5 \qquad \text{——— ①}$$

ത്രികോണം ABD യിൽ

$$\tan 27^0 = \frac{h+1.5}{x+50}$$

$$0.5 = \frac{h+1.5}{x+50}$$

$$h+1.5 = 0.5(x+50)$$

$$h+1.5 = 0.5x+25$$

$$h = 23.5+0.5x$$

① ഉം ② ഉം പരിഗണിച്ചാൽ

$$0.6x-1.5 = 23.5+0.5x$$

$$0.6x-0.5x = 23.5+1.5$$

$$0.1x = 25$$

$$x = \frac{25}{0.1} = \underline{\underline{250m}}$$

① ൽ

$$h = 0.6x-1.5$$

$$= 0.6\times 250-1.5$$

$$= 150-1.5 = \underline{\underline{148.5m}}$$

b) കപ്പലും ലൈറ്റ് ഹൗസും ആയിട്ടുള്ള അകലം = 250m.

c) ലൈറ്റ് ഹൗസിൻറെ ഉയരം = 148.5m.

6,



ത്രികോണം ABC യിൽ

$$\tan 60^0 = \frac{h}{30}$$

$$\sqrt{3} = \frac{h}{30}$$

$$h = 30\sqrt{3} \text{ ——— } ①$$

ത്രികോണം ADE യിൽ

$$\tan 30^0 = \frac{x}{30}$$

$$\frac{1}{\sqrt{3}} = \frac{x}{30}$$

$$x\sqrt{3} = 30$$

$$x = \frac{30}{\sqrt{3}} \text{ ——— } ②$$

$$h + x = 30\sqrt{3} + \frac{30}{\sqrt{3}}$$

$$= \frac{(30\times 3)+30}{\sqrt{3}} = \frac{90+30}{\sqrt{3}}$$

$$= \frac{120}{\sqrt{3}} = \frac{120\times\sqrt{3}}{3} = 40\sqrt{3}$$

$$h + x = 40\times 1.73 = \underline{\underline{69.2}}$$

b) ചെറിയ കെട്ടിടത്തിന്റെ ഉയരം

$$= 30\sqrt{3} = 30\times 1.73$$

$$\underline{\underline{= 51.9m}}$$

വലിയ കെട്ടിടത്തിന്റെ ഉയരം $\underline{\underline{= 69.2m}}$

7, a) ചിത്രത്തിൽ $\frac{4}{\sin 82^0} = 2R$

$$\frac{4}{0.99} = 2R$$

$$2R = \frac{400}{99} = \underline{\underline{4.04cm}}$$

b) $\frac{AC}{\sin 49} = 4.04$

$$\frac{AC}{0.75} = 4.04$$

$$AC = 4.04 \times 0.75 = \underline{\underline{3.03m}}$$

c) $\angle C = 49^0 = \angle B$

d) $\therefore AB = AC = 3.03m.$

ത്രികോണം ABC യുടെ ചുറ്റളവ്

$= 3.03 + 3.03 + 4$

$\underline{\underline{= 10.06m.}}$

8, a) ത്രികോണം OAD യിൽ

$$\sin 50^0 = \frac{AD}{6}$$

$$AD = 6 \times 0.77 = \underline{\underline{4.62cm}}$$

b) $\cos 50 = \frac{OD}{6}$

$$OD = 6 \times 0.64 = \underline{\underline{3.84cm}}$$

c) $OC = OD + DC = 3.84 + 8 = \underline{\underline{11.84cm}}$

d) സാമാന്തരികം OCBA യുടെ പരപ്പളവ്

$= OC \times AD = 11.84 \times 4.62$

$\underline{\underline{= 54.7cm^2}}$

d) ത്രികോണം OAD യുടെ ചുറ്റളവ്

$= OA + AD + OD = 6 + 4.62 + 3.84$

$\underline{\underline{= 14.46cm}}$

## 6 – MARKS

a) $\sin A = \frac{1}{2}; \operatorname{cosec} A = 2$

b) $\cos A = \frac{2}{3}; \sec A = \frac{3}{2}$

c) $\tan A = \frac{3}{4}; \cot A = \frac{4}{3}$

d) $\sin^2 A + \cos^2 A = \left(\frac{a}{b}\right)^2 + \left(\frac{c}{b}\right)^2$

$$= \frac{a^2+c^2}{b^2} = \frac{b^2}{b^2} \quad (\because a^2 + c^2 = b^2)$$

$$\underline{\underline{=1}}$$

e) $\frac{\sin A}{\cos A} = \frac{\left(\frac{a}{b}\right)}{\left(\frac{c}{b}\right)} = \frac{a}{c} = \tan A$

# 6
# സൂചക സംഖ്യകൾ

പ്രധാന ആശയങ്ങൾ

- പരസ്പരം ലംബമായ രണ്ട് വരകളിൽ നിന്നുള്ള ലംബദൂരങ്ങൾ ഉപയോഗിച്ച് തലത്തിലെ ഏത് ബിന്ദുവിന്റെയും സ്ഥാനം സംഖ്യാജോടികൾ കൊണ്ട് സൂചിപ്പിക്കാം. പരസ്പരം ലംബമായി വരയ്ക്കുന്ന വരകൾക്ക് സൂചകാക്ഷങ്ങൾ എന്നാണ് പേര്.
  ഇവയിൽ വിലങ്ങനെയുള്ള വര Xഅക്ഷം, കുത്തനെയുള്ള വര Y അക്ഷം
- ഒരു ബിന്ദുവിന്റെ സ്ഥാനം സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന സംഖ്യകളെ സൂചക സംഖ്യകൾ എന്നാണ് പറയുന്നത്.
- Y അക്ഷത്തിൽ നിന്നുള്ള അകലം x സൂചക സംഖ്യയും Xഅക്ഷത്തിൽ നിന്നുള്ള അകലം y സൂചക സംഖ്യയും ആണ്
- P യുടെ x സൂചക സംഖ്യ 3 എന്നത് Y അക്ഷത്തിൽ നിന്നുള്ള അകലവും yസൂചക സംഖ്യ 2 എന്നത് X അക്ഷത്തിൽ നിന്നുള്ള അകലവും ആയിരിക്കും.




- X അക്ഷത്തിലെ ബിന്ദുക്കളുടെ y സൂചക സംഖ്യകൾ പൂജ്യം ആയിരിക്കും. Y അക്ഷത്തിലെ ബിന്ദുക്കളുടെ x സൂചക സംഖ്യകൾ പൂജ്യം ആയിരിക്കും.



- X അക്ഷത്തിന് സമാന്തരമായ വരയിലെ ബിന്ദുക്കളിൽ y സൂചക സംഖ്യകൾ തുല്യമാണ് Y അക്ഷത്തിന് സമാന്തരമായ വരയിലെ ബിന്ദുക്കളിൽ x സൂചക സംഖ്യകൾ തുല്യമാണ്.




- ആധാര ബിന്ദുവിന്റെ സൂചക സംഖ്യകൾ (0,0) ആണ്.
- ഒരേ Y സൂചകസംഖ്യ ഉള്ള ബിന്ദുക്കളെല്ലാം X അക്ഷത്തിനു സമാന്തരമായ വരയിലാണ്. അത്തരം 2 ബിന്ദുക്കൾ തമ്മിലുള്ള അകലം അവയുടെ x സൂചക സംഖ്യകളുടെ വ്യത്യാസമാണ്.
- സൂചക സംഖ്യകൾ $(x_1, y_1), (x_2, y_2)$ ആയ ബിന്ദുക്കൾ തമ്മിലുള്ള അകലം $|x_1 - x_2|$
- സൂചക സംഖ്യകൾ $(x_1, y_1), (x_2, y_2)$ ആയ ബിന്ദുക്കൾ തമ്മിലുള്ള അകലം $|y_1 - y_2|$
- സൂചക സംഖ്യകൾ $(x_1, y_1), (x_2, y_2)$ ആയ രണ്ട് ബിന്ദുക്കളും തമ്മിലുള്ള അകലം $\sqrt{(x_1 - x_2)^2 + (y_1 - y_2)^2}$
- സൂചകസംഖ്യകൾ $(x, y)$ ആയ ബിന്ദുവും ആധാര ബിന്ദുവും തമ്മിലുള്ള അകലം $\sqrt{x^2 + y^2}$

## PART - A (2 Marks)

താഴെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം.

1. ചിത്രത്തിൽ ABCD ഒരു സമചതുരമാണ്. Aയുടെ സൂചകസംഖ്യകൾ (3,0) ആണ്. B, C, D എന്നീ മൂലകളുടെ സൂചകസംഖ്യകൾ എഴുതുക.



2. ആധാരബിന്ദുകേന്ദ്രമായ ഒരു വൃത്തത്തിന്റെ ആരം 10 യൂണിറ്റ്. (5,6), (7,8) എന്നീബിന്ദുക്കൾ ഈ വൃത്തത്തിന്റെ അകത്തണോ പുറത്താണോ എന്ന് പരിശേധിക്കുക.
3. ചിത്രത്തിൽ ABCD ഒരു ചതുരമാണ്. Aയുടെ സൂചകസംഖ്യകൾ (4,3), B,C,Dഎന്നീ മൂലകളുടെ സൂചകസംഖ്യകൾ എഴുതുക.




4. ആധാരബിന്ദുകേന്ദ്രമായ വൃത്തിലെ ഒരു ബിന്ദുവാണ് (4,3)
   a) വൃത്തത്തിന്റെ ആരം എത്രയാണ്?
   b) (3,5) (3,3) എന്നിവ ഈ വൃത്തത്തിലെ ബിന്ദുക്കളാണോ? എന്തുകൊണ്ട്.?
5. a) Y അക്ഷത്തിൽനിന്ന് 5 യൂണിറ്റ് വലത്തോട്ടും 3 യൂണിറ്റ് താഴോട്ടുമായ ബിന്ദുവിന്റെ സൂചക സംഖ്യകൾ എഴുതുക.
   b) Y അക്ഷത്തിലെ 7 എന്ന സംഖ്യയെ സൂചിപ്പിക്കുന്ന ബിന്ദുവിന്റെ സൂചകസംഖ്യകൾ എഴുതുക.
6. P (1,-3), Q (4,1) എന്നിവ ഒരു വൃത്തത്തിന്റെ വ്യാസത്തിന്റെ അഗ്രബിന്ദുക്കളാണ്.
   a) വൃത്തകേന്ദ്രത്തിന്റെ സൂചകസംഖ്യ ഏത്?
   b) വൃത്തത്തിന്റെ ആരം എന്ത്?

## PART - B (3 Marks)

താഴെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യത്തിനും 3 മാർക്ക് വീതം.

1. A(3,k), B(k, 3) എന്നീ ബിന്ദുക്കൾ P(0,2) ൽ നിന്ന് തുല്യ അകലത്തിലാണ്.
   (i) PA എത്ര (ii) PB എത്ര (iii) PA=PB ആയാൽ K യുടെ വില എന്ത്?
2. ചുവടെ തന്നിരിക്കുന്ന സൂചക സംഖ്യകളുള്ള ബിന്ദുക്കളിൽ X അക്ഷത്തിലെ ബിന്ദുക്കൾ ഏവ? Y അക്ഷത്തിലെ ബിന്ദുക്കൾ ഏവ?
   (3,0), (0,2), (-2,0), (-2,3), (3,1), (0,7), (-1,0), (2, -3), (0,4), (1,1)
3. (2,5), (3,7), (5,11) എന്നീ ബിന്ദുക്കൾ ഒരേ വരയിലാണെന്ന് തെളിയിക്കുക.
4. A(2,1), B(8,1), C(5,8) ആയാൽ $\triangle$ ABC ഒരു സമപാർശ്വ ത്രികോണമാണെന്ന് തെളിയിക്കുക.
5. ചിത്രത്തിൽ $\triangle$ OAB ഒരു സമഭുജത്രികോണമാണ്. OA=8 യൂണിറ്റ്, ആയാൽ $\triangle$ OABയുടെ മൂന്ന് മൂലകളുടെയും സൂചക സംഖ്യകൾ എഴുതുക?



6. ചിത്രത്തിൽ അർധവൃത്തത്തിന്റെ വ്യാസമാണ് AB. OP ⊥ AB; B(8,0), P(0,4) ആയാൽ

   a) OP എത്ര?

   b) A യുടെ സൂചക സംഖ്യകൾ എഴുതുക.




7. (1,7), (4,2), (−1, −1), (−4, 4) എന്നീ ബിന്ദുക്കൾ ഒരു സമചതുരത്തിന്റെ മൂലകളാകുമെന്ന് തെളിയിക്കുക.
8. ചിത്രത്തിൽ O വൃത്തകേന്ദ്രമാണ്. A, B ഇവ വൃത്തത്തിലെ ബിന്ദുക്കളാണ് OA=6, $\angle AOX=30$, $\angle AOB=90^0$ ആയാൽ A, B എന്നീ ബിന്ദുക്കളുടെ സൂചകസംഖ്യകൾ എഴുതുക.

9. ആധാരബിന്ദു കേന്ദ്രവും ആരം 5 യൂണിറ്റുമായ വൃത്തത്തിലെ ഏതെങ്കിലും 6 ബിന്ദുക്കളുടെ സൂചകസംഖ്യകൾ എഴുതുക.
10. (2,1), (3,4), (−3,6) എന്നീ ബിന്ദുക്കൾ ഒരു മട്ടത്രികോണത്തിന്റെ മൂലകളുടെ സൂചകസംഖ്യകൾ ആകുമോ? എന്തുകൊണ്ട്?

# PART - C (4 Marks)

താഴെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യത്തിനും 4 മാർക്ക് വീതം.

1. ചതുർഭുജം ABCD യിൽ A(-4, -2), B(1,-2), C(2,1), D(-3,2) ആയാൽ ചതുർഭുജത്തിന്റെ 4 വശങ്ങളും കണക്കാക്കുക.
2. ചിത്രത്തിൽ OABC ഒരു ചതുരമാണ്. $\angle POA = 45^0$, $\angle POB = 15^0$, OA=5 യൂണിറ്റ് ആയാൽ A, P, B, C ഇവയുടെ സൂചകസംഖ്യകൾ കണക്കാക്കുക.




3. ചിത്രത്തിൽ ഒരു സമഭുജ സാമാന്തരികത്തിന്റെ വികർണങ്ങൾ അക്ഷങ്ങളായി എടുത്തിരിക്കുന്നു. നീളത്തിന്റെ ഏകകം 1 സെ.മീ ആണ്. അതിന്റെ 4 മൂലകളുടെയും സൂചകസംഖ്യകൾ കണ്ടുപിടിക്കുക.




4. a) X, Y അക്ഷങ്ങൾ വരച്ച് A(1,1), B(7,1) എന്നീ ബിന്ദുക്കൾ അടയാളപ്പെടുത്തുക.
   b) AB കർണ്ണമായി ABC എന്ന സമപാർശ്വ മട്ടത്രികോണം വരയ്ക്കുക.
   c) C യുടെ സൂചക സംഖ്യകൾ എഴുതുക.

5. ചിത്രത്തിൽ ABCDEF ഒരു സമഷഡ്ഭുജമാണ്. Aയുടെ സൂചകസംഖ്യകൾ (6,0) ആയാൽ B,C,D,E,F എന്നീ മൂലകളുടെ സൂചകസംഖ്യകൾ കാണുക.




6. (6,3) കേന്ദ്രമായി വരച്ച വൃത്തത്തിലെ ഒരു ബിന്ദുവാണ് (3,-1)
   a) വൃത്തത്തിന്റെ ആരം എന്ത്?
   b) ഈ വൃത്തം Y അക്ഷത്തെ മുറിച്ച് കടക്കുമോ. എന്തുകൊണ്ട്?
   c) വൃത്തം X അക്ഷത്തെ മുറിച്ച് കടക്കുന്ന ബിന്ദുക്കളുടെ സൂചകസംഖ്യകൾ എഴുതുക.
7. A(2,1), B(8,1), C(5,7) ആയാൽ ഒരു $\triangle ABC$ സമപാർശ്വത്രികോണമാണെന്ന് തെളിയിക്കുക. ഈ ത്രികോണത്തിന്റെ പരപ്പളവ് എത്ര?
8. ഒരു ചതുരത്തിന്റെ വശങ്ങൾ അക്ഷങ്ങൾക്ക് സമാന്തരമാണ്. അതിന്റെ രണ്ട് എതിർമൂലകളുടെ സൂചകസംഖ്യകൾ (3,5), (7,8) എന്നിവയാണ്.
   a) ചതുരത്തിന്റെ മറ്റ് രണ്ട് മൂലകളുടെ സൂചകങ്ങൾ എഴുതുക.
   b) വികർണത്തിന്റെ നീളം കാണുക.
9. ചതുരം PQRSന്റെ മൂന്ന് ശീർഷകങ്ങൾ (-4,0), (0,0), (0,2) ഇവയാണ്.
   a) അക്ഷങ്ങൾ വരച്ച് ബിന്ദുക്കൾ അടയാളപ്പെടുത്തുക
   b) 4-ാമത്തെ ശീർഷത്തിന്റെ സൂചകസംഖ്യകൾ ഏത്?
   c) വികർണത്തിന്റെ നീളം എന്ത്?

## PART - D (5 Marks)

താഴെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.

1. a) സൂചകാക്ഷങ്ങൾ വരച്ച് A(3,2), B(-1, 2), C(1,5) എന്നീ ബിന്ദുക്കൾ അടയാളപ്പെടുത്തുക.
   b) അവ യോജിപ്പിച്ച് ഒരു ത്രികോണം നിർമ്മിക്കുക.
   c) ഈ ത്രികോണത്തിന്റെ പാദത്തിന് സമാന്തരമായി എതിർശീർഷത്തിലൂടെ വരയ്ക്കാവുന്ന വരയിലെ രണ്ട് ബിന്ദുക്കൾ എഴുതുക.
   d) (-2,5) എന്ന ബിന്ദു ഈ രേഖയിലെ ഒരു ബിന്ദു ആണോ?
2. a) (-1, 3), (-1,-3) ഈ ബിന്ദുക്കൾ ഉൾപ്പെടുന്ന രേഖ വരയ്ക്കുക.
   b) ഈ രേഖയുടെ രണ്ട് പ്രത്യേകതകൾ എഴുതുക.
   c) ഈ ബിന്ദുക്കൾ തമ്മിലുള്ള അകലം കാണുക.
   d) ഈ ബിന്ദുക്കൾ മൂലകളായി ഇവയ്ക്ക് വലതുവശത്തായി ഒരു സമചതുരം നിർമ്മിച്ചാൽ സമചതുരത്തിന്റെ മറ്റ് മൂലകൾ ഏതെല്ലാം?

3. ചിത്രത്തിൽ ഒരു ABCDEF സമഷഡ്ഭുജമാണ്. ഇതിന്റെ ചുറ്റളവ് 36 യൂണിറ്റ് ആയാൽ

a) A,D,E എന്നീ ബിന്ദുക്കളുടെ സൂചക സംഖ്യകൾ കാണുക.

b) ഇതിന്റെ എല്ലാ മൂലകളിലൂടെയും കടന്നുപോകുന്ന വൃത്തത്തിന്റെ ആരം എത്ര?




4. ആരം 10 യൂണിറ്റും വൃത്തകേന്ദ്രം ആധാരബിന്ദുവും ആയ ഒരു വൃത്തം വരച്ചിരിക്കുന്നു. എങ്കിൽ താഴെ കൊടുത്തിരിക്കുന്ന സൂചക സംഖ്യകൾ ഉള്ള ബിന്ദുക്കൾ വൃത്തത്തിനകത്തോ പുറത്തോ വൃത്തത്തിലോ എന്ന് കണ്ടെത്തുക.

a) (8,6), b) (–4,9), c) (–6,8), d) (–3,10)

5. a) X, Y അക്ഷങ്ങൾ വരച്ച് A(5,8), B(3,2) എന്നീ ബിന്ദുക്കൾ അടയാളപ്പെടുത്തുക.

b) BC എന്ന വര X അക്ഷത്തിന് സമാന്തരമായി വരത്തക്കവിധം △ABC വരച്ചാൽ അതിന്റെ ഉയരം എത്രയായിരിക്കും?

c) BC എന്ന വശം X അക്ഷത്തിന് സമാന്തരമായി വരത്തക്കവിധം പരപ്പളവ് 15 ചതുരശ്ര യൂണിറ്റ് വരുന്ന ഇത്തരത്തിൽ ഒരു ത്രികോണം ABC വരയ്ക്കുക.

# ഉത്തരങ്ങൾ

## PART - A (2 Marks)

1. ABCD ഒരു സമചതുരമാണ്
   Aയുടെ സൂചക സംഖ്യകൾ = (3,0)
   കൂടാതെ,
   OA=OB=OC=OD
   ∴ Bയുടെ സൂചകസംഖ്യകൾ = (0,3)
   Cയുടെ സൂചകസംഖ്യകൾ = (-3,0)
   D യുടെ സൂചകസംഖ്യകൾ = (0,-3)
2. ആരം=10യൂണിറ്റ്
   (0,0), (5,6) എന്നീ ബിന്ദുക്കൾ തമ്മിലുള്ള അകലം

$$= \sqrt{(x_2-x_1)^2 + (y_2-y_1)^2}$$

$$= \sqrt{(5-0)^2 + (6-0)^2}$$

$$= \sqrt{25+36}$$

$$= \sqrt{61} < 10$$

∴ (5,6) എന്ന ബിന്ദു വൃത്തത്തിന്റെ അകത്താണ്. (0,0), (7,8) എന്നീ ബിന്ദുക്കൾ തമ്മിലുള്ള അകലം

$$= \sqrt{7^2+8^2}$$

$$= \sqrt{49+64}$$

$$= \sqrt{113} > 10$$

∴ (7,8) എന്ന ബിന്ദു വൃത്തത്തിന് പുറത്താണ്.

3. ABCDഒരു ചതുരമാണ്.
   Aയുടെ സൂചകസംഖ്യകൾ (4,3)
   Bയുടെ സൂചക സംഖ്യകൾ (-4, 3)
   Cയുടെ സൂചക സംഖ്യകൾ (-4,-3)
   Dയുടെ സൂചക സംഖ്യകൾ (4,-3)

4. a)

ആരം $= \sqrt{4^2+3^2}$

$= \sqrt{25}$

= 5 യൂണിറ്റ്

b)(0,0), (3,5) എന്നീ ബിന്ദുക്കൾ തമ്മിലുള്ള അകലം

$= \sqrt{3^2+5^2}$

$= \sqrt{34} > 5$

ഈ ബിന്ദു വൃത്തത്തിനു പുറത്താണ്.

(0,0), (3,3) എന്നീ ബിന്ദുക്കൾ തമ്മിലുള്ള അകലം

$= \sqrt{3^2+3^2}$

$= \sqrt{18} < 5$

ഈ ബിന്ദു വൃത്തത്തിന് അകത്താണ്.

5. a)




P യുടെ സൂചകസംഖ്യകൾ = (5,-3)

b)സൂചകസംഖ്യകൾ = (0,7)

6. a) കേന്ദ്രത്തിന്റെ സൂചകസംഖ്യകൾ

$= \left(\frac{1+4}{2}, \frac{-3+1}{2}\right)$

$= (5/2, -1)$

b) ആരം = $\sqrt{\frac{(4-1)^2 + (1- -3)^2}{2}}$

$= \sqrt{\frac{9+16}{2}}$

$= \frac{5}{\sqrt{2}}$

## PART - B (3 Marks)




1. $\sqrt{(0-3)^2 + (2-k)^2} = \sqrt{(0-k)^2 + (2-3)^2}$

   $9+4-4k+k^2 = k^2+1$

   $13-4k = 1$

   $4k = 12$

   $k = \frac{12}{4}$

   $k = 3$

2. X അക്ഷത്തിലെ ബിന്ദുക്കൾ

   (3,0), (–2,0), (–1,0)

   Y അക്ഷത്തിലെ ബിന്ദുക്കൾ

   (0,2), (0,7), (0,4)

3. (2,5), (3,7) എന്നീ ബിന്ദുക്കൾ യോജിപ്പിക്കുന്ന വരയുടെ ചരിവ്

   $= \frac{7-5}{3-2}$

   $= \frac{2}{1}$

   $= 2$

   (3,7), (5,11) എന്നീ ബിന്ദുക്കൾ യോജിപ്പിക്കുന്ന വരയുടെ ചരിവ്

   $= \frac{11-7}{5-3}$

   $= \frac{4}{2} = 2$

   (2,5), (5,11) എന്നീ ബിന്ദുക്കൾ യോജിപ്പിക്കുന്ന വരയുടെ ചരിവ്

   $= \left(\frac{11-5}{5-2}\right)$

   $= \frac{6}{3}$

   $= 2$

   ∴ ചരിവുകൾ തുല്യമായതുകൊണ്ട് ഈ ബിന്ദുക്കൾ ഒരേ വരയിലാണ്.

4. A(2,1), B(8,1), C(5,8)




$AB = \sqrt{(2-8)^2 + (1-1)^2}$

$= \sqrt{36}$

$= 6$

$BC = \sqrt{(8-5)^2 + (1-8)^2}$

$= \sqrt{9+49}$

$= \sqrt{58}$

$AC = \sqrt{(2-5)^2+(1-8)^2}$

$= \sqrt{9+49}$

$= \sqrt{58}$

$\because$ AC = BC, ഇതൊരു സമപാർശ്വ ത്രികോണമാണ്.

5. ഇവിടെ

OA= 8 യൂണിറ്റ്

$\triangle$ODB പരിഗണിച്ചാൽ




$\therefore$ B യുടെ സൂചകസംഖ്യകൾ

$= (4,4\sqrt{3})$

$\angle BOD = 60^0$

$\angle OBD = 30^0$

$\therefore OD = 4unit$

$BD = 4\sqrt{3}unit$

$OB = 8unit$

$\therefore$ A യുടെ സൂചകസംഖ്യകൾ

= (8,0)

O യുടെ സൂചകസംഖ്യകൾ

= (0, 0)

6. ചിത്രത്തിൽ നിന്നും

$OA \times OB = OP^2$

$OP = 4$

$OA \times 8 = 16$

$OA = \frac{16}{8}$

$OA = 2$

$\therefore$ A യുടെ സൂചകസംഖ്യകൾ = (-2, 0)

7.




$AB = \sqrt{(2-7)^2 + (4-1)^2}$

$= \sqrt{25+9}$

$= \sqrt{34}$

$Bc = \sqrt{(-1-2)^2 + (-1-4)^2}$

$= \sqrt{9+23}$

$= \sqrt{34}$

$CD = \sqrt{(4+1)^2 + (-4+1)^2}$

$= \sqrt{34}$

